# 1996

## ജനകീയാസൂത്രണ പ്രസ്ഥാനം

## പ്രഥമ വികസന റിപ്പോർട്ട്



## പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

# ചീഫ് എഡിറ്റർ

[illegible] ഡോക്ടർ

## എഡിറ്റിങ് കമ്മിറ്റി

1 പി. [illegible]ൻ

2 [illegible] ഡോക്ടർ

3 [illegible]ൻ

4 [illegible]ൻ

5 [illegible]ദ്

6 [illegible]ൽ

7 K. [illegible]

92-4

# ഒമ്പതാം പഞ്ചവത്സര പദ്ധതി

## ജനകീയ പദ്ധതി

## ജനകീയാസൂത്രണ പ്രസ്ഥാനം

## പ്രഥമ വികസന റിപ്പോർട്ട്

# പറപ്പൂക്കര

## ഗ്രാമപഞ്ചായത്ത്

1996

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

## പ്രാഥമികമേഖല

1 പി. എം. പൗലോസ്
2 കെ. ആർ. സദാനന്ദൻ
3 കെ. ആർ. സുബ്രഹ്മണ്യൻ
4 കെ. എ. വേലായുധൻ
5 കെ. എസ്. ശിവരാമൻ
6 കെ. എം. സജീവൻ
7 പി രാമനാഥൻ
8 എ. ടി. ശോഭന
9 വസുമതി ദാസൻ
10 എൻ. പി ചാത്തുക്കുട്ടി
11 എ. കെ. പ്രഭാകരൻ
12 ടി. ആർ. ഷാജി

## ദ്വിതീയമേഖല

1 സി. എം. മധു
2 മുരളി കമ്പളപറമ്പിൽ
3 പത്മിനി ശങ്കരൻ
4 കെ. എ. ലോഹിതാക്ഷൻ
5 ടി. എ. ജനാർദ്ദനൻ
6 എൻ. എ. കുമാരൻ
7 കെ. എസ്. എർഷാദ്
8 രാജൻ നെല്ലായി
9 അശോകൻ പന്തല്ലൂർ
10 കെ. എസ്. ജനാർദ്ദനൻ
11 എൻ. എം. രാമൻ
12 പി. സി. തോമസ്
13 പ്രമീള വിജയൻ
14 മേരി ജോൺ
15 അമ്മിണി ഗോവിന്ദൻ

## തൃതീയമേഖല

1 എൻ. എം. പുഷ്പാകരൻ
2 ആർ. ഉണ്ണികൃഷ്ണൻ
3 എ. സി. രാമകൃഷ്ണൻ
4 കെ. കെ. ബാലൻ
5 കെ. എം. രാജു
6 പി. ഒ. ദേവസ്സി
7 എം. കെ. നാരായണൻ
8 കെ. ആർ. വിജയരാഘവൻ
9 കെ. കെ. ശിവദാസൻ
10 ടി. ആർ. നാരായണൻ
11 എം. വി. അപ്പുകുട്ടൻ
12 സി. എസ് മോഹൻദാസ് മാസ്റ്റർ
13 വി. ബി. ഷൈൻ
14 സി. പി. നന്ദഗോപൻ കർത്ത
15 എൻ. എം. സുരേന്ദ്രൻ

## പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി മെമ്പർമാർ

| | | |
|---|---|---|
| 1 | കെ. കെ. നാരായണൻ മാസ്റ്റർ | ( പ്രസിഡണ്ട് ) |
| 2 | എൻ. എം. പുഷ്പാകരൻ | ( വൈ. പ്രസിഡണ്ട് ) |
| 3 | മുരളി കമ്പളപറമ്പിൽ | ( സ്റ്റാൻറിംഗ് : കമ്മിററി ചെയർമാൻ ) |
| 4 | പി. രാമനാഥൻ | മെമ്പർ |
| 5 | എ. കെ. പ്രഭാകരൻ | ,, |
| 6 | മേരി ജോൺ | ,, |
| 7 | സി. എം. മധു | ,, |
| 8 | വസുമതി ദാസൻ | , |
| 9 | എം. ടി. ശോഭന | ,, |
| 10 | പത്മിനി ശങ്കരൻ | ,, |
| 11 | എൻ. പി. ചാത്തുക്കുട്ടി | ,, |

പ്രസിഡണ്ട്



കെ. കെ. നാരായണൻ മാസ്റ്റർ

വൈ. പ്രസിഡണ്ട്



എൻ. എം. പുഷ്പാകരൻ

സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ



മുരളി കമ്പളപറമ്പിൽ

1–ാം വാർഡ് മെമ്പർ



സി. എം. മധു

2–ാം വാർഡ് മെമ്പർ



പി. രാമനാഥൻ

4–ാം വാർഡ് മെമ്പർ



മേരി ജോൺ ഇടത്തൻ

7–ാം വാർഡ് മെമ്പർ



വസുമതി ദാസൻ

8–ാം വാർഡ് മെമ്പർ



ശോഭന എം. ടി.

9–ാം വാർഡ് മെമ്പർ



എ. കെ. പ്രഭാകരൻ

10–ാം വാർഡ് മെമ്പർ



പത്മിനി ശങ്കരൻ

11–ാം വാർഡ് മെമ്പർ



എൻ. പി. ചാത്തുക്കുട്ടി

# മുൻ പ്രസിഡണ്ടുമാർ

| ചങ്ങരം കോത കൃഷ്ണൻ കത്താവ് | കെ. എസ്. ശിവരാമൻ | ആർ. ഉണ്ണികൃഷ്ണൻ |
|---|---|---|
|  |  |  |
| കൊല്ലം 1914–1930 | കൊല്ലം 1979-1984 | കൊല്ലം 1987-1995 |

| ക്രമനമ്പർ | പേര് | കാലഘട്ടം |
|---|---|---|
| ശ്രീ | C. കൃഷ്ണൻ കർത്താവ് | 1914 to 1930 |
| ,, | T.P. അന്തോണി | 1930 to 1931 |
| ,, | N.C ഗോപാലകൃഷ്ണയ്യർ | 1931 to 1933 |
| ,, | C. രാമൻ കർത്താവ് | 1934 to 1949 |
| ,, | R.V. ശങ്കരൻ കുട്ടിവാര്യർ | 1949 to 1953 |
| ,, | M.J. ഫ്രാൻസീസ് | 1953 to 1954 |
| ,, | C.J. പൗലോസ് | 1954 to 1962 |
| ,, | M. അപ്പമേനോൻ | 1964 to 1979 |
| ,, | K.S. ശിവരാമൻ | 1979 to 1984 |
| ,, | R. ഉണ്ണികൃഷ്ണൻ | 1987 to 1995 |

# ആമുഖം

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം നമ്മുടെ അടിസ്ഥാന ലക്ഷ്യം ദാരിദ്ര്യ നിർമ്മാർജ്ജനവും തൊഴിലില്ലായ്മക്ക് പരിഹാരം കാണലുമായിരുന്നു. ദരിദ്രരില്ലാത്ത ഇന്ത്യ നിരക്ഷരൻ ഇല്ലാത്ത ഇന്ത്യ എന്നതായിരുന്നു നമ്മുടെ സ്വപ്നം. പഞ്ചവത്സരപദ്ധതികളുടെ ആസൂത്രണത്തിന്റെ പിന്നിലുള്ള പ്രേരകശക്തിയും അതായിരുന്നു. നമ്മുടെ പഞ്ചവത്സര പദ്ധതികളിൽ ആദ്യ പരിഗണന കൃഷിക്കും വ്യവസായത്തിനും നൽകാൻ തീരുമാനിച്ചത് അതിന്റെ അടിസ്ഥാനത്തിലാണ്. കൃഷിയും വ്യവസായവും പുരോഗമിക്കുന്ന മുറയ്ക്ക് നമുക്ക് സാമ്പത്തിക ഭദ്രത കൈവരിക്കാമെന്നും നീതിപൂർവ്വമായ വിതരണം സാധ്യമാക്കാമെന്നും നാം വിചാരിച്ചു.

1952-ൽ കമ്മ്യൂണിററി ഡെവലപ്മെൻറ് പ്രോഗ്രാം ആരംഭിച്ചു. അതിന്റെ പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടിയായിരുന്നു വികസന ബ്ലോക്കുകളുടെ രൂപീകരണം. ഈ വികസന ബ്ലോക്കുകൾ വഴിയാണ് കേന്ദ്രസർക്കാർ അതതുകാലത്ത് ആവിഷ്ക്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. പദ്ധതികൾ പലതു പിന്നിട്ടിട്ടും പിന്നെയും ജനങ്ങളുടെ ദാരിദ്ര്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി കണ്ടു. വിലയിരുത്തലുകൾ പലതും നടന്നു. അതിൽ നിന്ന് ഒരു കാര്യം വ്യക്തമായി പദ്ധതി മൂലം ഉണ്ടാകുന്ന ഫലങ്ങൾ യഥാർത്ഥ ഗുണഭോക്താവിന്റെ കയ്യിൽ എത്തുന്നില്ല. അതിൽ ചോർച്ച സംഭവിക്കുന്നു. ഇടത്തട്ടുക്കാരും ഉദ്യോഗസ്ഥരും ഇതിന് ഉത്തരവാദികളാണ്. ഇനിയും സർക്കാർ സംവിധാനത്തിൽ പദ്ധതികൾ നടപ്പിലാക്കിയാൽ ഫലം ഉണ്ടാകില്ല. ഇതിനു പരിഹാരമായി ചില നിർദ്ദേശങ്ങൾ ഉണ്ടായി. പദ്ധതി കേന്ദ്രാവിഷ്കൃതമാവരുത് എന്നതാണ് അതിൽ പ്രധാനം ജനങ്ങൾ അന്യവൽക്കരിക്കപ്പെടാതിരിക്കണം അതിന് അധികാരം ജനങ്ങൾക്ക് നൽകണം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ സംരക്ഷണം നൽകിയാലേ അതു സാദ്ധ്യമാകൂ. അതാണ് 73ഉം 74ഉം ഭരണഘടനാ ഭേദഗതികൾകൊണ്ട് നമുക്കു കൈവന്നിരിക്കുന്നത്. അങ്ങിനെ ഭരണഘടനാപരമായ ഒരു ഉത്തരവാദിത്വം ജനപ്രതിനിധികൾക്ക് ഉണ്ടായി.

പഞ്ചായത്ത്‌രാജ് സംവിധാനം വിജയകരമായി നടപ്പാക്കണമെങ്കിൽ ഗ്രാമസഭകളിലൂടെയുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തണം. അതിന് വ്യാപകമായ പ്രചരണവും ബോധവൽക്കരണവും അനിവാര്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സ്പെഷ്യൽ ഗ്രാമസഭകളിലൂടെ ജനപങ്കാളിത്തം ഉറപ്പുവരുത്തി പഞ്ചായത്തുതല റിപ്പോർട്ടു തയ്യാറാക്കാൻ തീരുമാനിച്ചത്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായിച്ചേർന്ന ഗ്രാമസഭകളിലും വാർഡ് കൺവെൻഷനുകളിലുമായി ഏതാണ്ട് 30 ലക്ഷം ജനങ്ങൾ പങ്കെടുത്തുവെന്നാണ് പ്രാഥമിക വിലയിരുത്തലുകൾ സൂചിപ്പിക്കുന്നത്. വികസന പ്രശ്നങ്ങൾ ചർച്ചചെയ്യാൻ ഇത്രയധികം ജനങ്ങൾ ഒത്തുകൂടിയ ഒരു സന്ദർഭം ഇതിനുമുൻമ്പ് കേരളത്തിൽ ഉണ്ടായിട്ടില്ല. ഗ്രാമസഭകളിലും വാർഡു കൺവെൻഷനുകളിലും പങ്കെടുത്ത ജനങ്ങൾ മുൻഗണനാക്രമത്തിൽ ചൂണ്ടിക്കാണിച്ച വികസന പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുക, അവയെ പ്രായോഗിക പ്രസക്തിയുള്ള സ്കീമുകളാക്കി മാററുക തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്വങ്ങളാണ് ഇനി നമുക്ക് ഏറെറടുക്കാനുള്ളത്.

# പഞ്ചായത്ത് പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് ഹെഡ് ക്വാർട്ടേഴ്സ് | നന്തിക്കര |
| ഉൾപ്പെടുന്ന വില്ലേജുകൾ | നെല്ലായി, പറപ്പൂക്കര, തൊട്ടിപ്പാൾ |
| വാർഡുകളുടെ എണ്ണം | പതിനൊന്ന് |
| ബ്ലോക്ക് പഞ്ചായത്ത് | ഇരിങ്ങാലക്കുട |
| താലൂക്ക് | മുകുന്ദപുരം |
| ജില്ല | തൃശ്ശൂർ |
| വിസ്തീർണ്ണം | 22. 015 sq. km |
| അതിരുകൾ | കിഴക്ക്–മററത്തൂർ, കൊടകര പഞ്ചായത്തുകൾ<br>പടിഞ്ഞാറ്–പൊറത്തുശ്ശേരി, വല്ലച്ചിറ പഞ്ചായത്തുകൾ<br>തെക്ക്–കൊടകര, മുരിയാട് പഞ്ചായത്തുകൾ<br>വടക്ക്–കുറുമാലിപ്പുഴ |
| ജനസംഖ്യ | 26641<br>സ്ത്രീകൾ 13680<br>പുരുഷന്മാർ 12961 |
| സാക്ഷരതാനിരക്ക് | 91.55% |
| ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ പേര് | കെ. കെ നാരായണൻ മാസ്ററർ |
| വൈ. പ്രസിഡണ്ടിന്റെ പേര് | എൻ. എം. പുഷ്പാകരൻ |
| സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ | മുരളി കമ്പളപറമ്പിൽ |

# സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

പറപ്പൂക്കര പഞ്ചായത്തിന്റെ സാമൂഹ്യ പശ്ചാത്തലവും ചരിത്രവും പരിഗണിക്കുമ്പോൾ നാടുവാഴികളായിരുന്ന ചങ്ങരംകോത കർത്താക്കന്മാർക്ക് ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമാണുള്ളത്. ചങ്ങരംകോത എന്നപേരു വന്നതിന്റെ പിന്നിലും ഒരൈതിഹ്യമുണ്ട്. ഒരു കാലത്ത് നെടുമ്പാൾ 'പുലച്ചിയിരിയ്ക്കൽത്തറ' കേന്ദ്രീകരിച്ചു കൊണ്ട് സ്വാശ്രയ ശക്തിയുള്ള പുലയഗോത്രവർഗ്ഗക്കാർ കൊച്ചി മഹാരാജാവിനും ബ്രാഹ്മണ മേധാവിത്വത്തിനും കീഴ്വഴങ്ങാതെ നിലനിന്നിരുന്നു. ഇവരെ അടിച്ചമർത്താൻ മഹാരാജാവ് ചങ്ങര ചങ്ങരൻ കർത്താവിനെ നിയോഗിച്ചു. മൂന്നു സൈനികപാളയങ്ങളുടെ അധിപനായിരുന്നു അദ്ദേഹം. പാളയമെന്നത് പിന്നീട് 'പാൾ' എന്നതായിത്തീർന്നതായിരിക്കണം. അങ്ങനെയാണ് തൊട്ടിപ്പാൾ, നെടുമ്പാൾ, രാപ്പാൾ എന്നീ സ്ഥലനാമങ്ങളുടെ ഉത്ഭവമെന്ന് അനുമാനിക്കാം. ചങ്ങര ചങ്ങരൻ, പുലയസങ്കേതത്തിന്റെ തലവിയായ കോതയെ ക്കൊന്ന് ഈ പ്രദേശത്തിന്റെ അധികാരം പിടിച്ചെടുത്തു. അങ്ങനെയായിരിക്കണം ചങ്ങരചങ്ങരൻ കർത്താക്കന്മാർക്ക് ചങ്ങരംകോത—പിച്ചിരിക്കൽ (പുലച്ചിയിരിക്കൽ) എന്ന പേരുവന്നത്. ഈ പ്രദേശത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചവരിൽപ്രധാനി കവിതിലകൻ ചങ്ങരം കോത കൃഷ്ണൻ കർത്താവായിരുന്നു. പള്ളിവികാരിയായിരുന്ന ഫാ: ജോസഫ് പുല്ലോക്കാരന്റെ പേര് ഇത്തരുണത്തിൽ സ്മരണീയമാണ്.

കൊച്ചി രാജ്യത്ത് ആദ്യം രൂപീകരിക്കപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണ് പറപ്പൂക്കര. 'പറ പോകംകര'യാണ് പറപ്പൂക്കരയായതെന്ന് പറയപ്പെടുന്നു. തൊട്ടിപ്പാൾ, പറപ്പൂക്കര, നെല്ലായി, തൊറവ്, ചെങ്ങാലൂർ എന്നീ അഞ്ചു വില്ലേജുകൾ ഉൾപ്പെട്ടതായിരുന്നു പറപ്പൂക്കര പഞ്ചായത്ത്. 1914 ൽ രൂപീകരിക്കപ്പെട്ട ഈ പഞ്ചായത്തിൻെറ ആദ്യ പ്രസിഡണ്ടായിരുന്നു, കവി തിലകൻ ചങ്ങരംകോത കൃഷ്ണൻ കർത്താവ്.

പഞ്ചായത്താപ്പീസ്, അഞ്ചലാപ്പീസ്, വില്ലേജാഫീസ്, വില്ലേജ് കോടതി, ആയുർവ്വേദ ആസ്പത്രി എന്നീ സ്ഥാപനങ്ങൾ പറപ്പൂക്കരയിലാണ് പ്രവർത്തിച്ചിരുന്നത്. 1924 ലെ (കൊല്ലവർഷം 1099) വെള്ളപ്പൊക്കത്തിൽ ഈ കെട്ടിടങ്ങൾ തകർന്നു പോയി. ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാററണമെന്ന് ഭൂരിപക്ഷം മെമ്പർമാർ അഭിപ്രായപ്പെട്ടതനുസരിച്ചാണ് പിന്നീട് ഈ സ്ഥാപനങ്ങൾ പറപ്പൂക്കരയിൽ നിന്നും മാററപ്പെട്ടത്. അന്നുമുതൽ നന്തിക്കരയിലാണ് പഞ്ചായത്താഫീസിൻെറ ആസ്ഥാനം.

ആദ്യപ്രസിഡണ്ടായിരുന്ന കവി തിലകൻ കൃഷ്ണൻ കർത്താവിൻെറ കാലത്താണ് അഖിലേന്ത്യാ തലത്തിൽ കാർഷിക വ്യവസായികവിദ്യാഭ്യാസ പ്രദർശനം പറപ്പൂക്കരയിൽ വിജയകരമായി നടത്തപ്പെട്ടത്. കൃഷ്ണൻ കർത്താവിനു ശേഷം ഈ പഞ്ചായത്തിൻെറ പ്രസിഡണ്ടായത് ശ്രീ. T. P അന്തോണിയാണ്. 1931 മാർച്ച് മാസത്തിൽ ശ്രീ. N. C ഗോപാലകൃഷ്ണയ്യർ മൂന്നാമത്തെ പ്രസിഡണ്ടായി. അദ്ദേഹത്തെ തുടർന്ന് പ്രസിഡണ്ടായത് ശ്രീ ചങ്ങരംകോത രാമൻ കർത്താവായിരുന്നു (1934). ഇതിനുശേഷം 1946ൽ ശ്രീ. ശങ്കരൻകുട്ടി വാരിയർ പ്രസിഡണ്ടായി. പ്രായപൂർത്തി വോട്ടവകാശം നടപ്പിലായതിനെത്തുടർന്ന് 1953ൽ പ്രസിഡണ്ടായിരുന്നത് ശ്രീ. M.J ഫ്രാൻസിസ് മാസ്റ്ററായിരുന്നു. ഒരു വർഷത്തിനുശേഷം 1954 ൽ ശ്രീ C. J. പൗലോസ് ആയിരുന്നു പ്രസിഡണ്ടായി തുടർന്നത. പഞ്ചായത്തുകളുടെ പുനർവിഭജനത്തെ തുടർന്ന് 1-1-1962 ൽ പുതുക്കാട് പഞ്ചായത്ത് രൂപീകരിച്ചതോടെ തൊറവ്, ചെങ്ങാലൂർ എന്നീ വില്ലേജുകൾ പറപ്പൂക്കര പഞ്ചായത്തിൽ നിന്നും ഒഴിവാക്കപ്പെട്ടു.

ഈ പഞ്ചായത്തിൻെറ വിസ്തീർണ്ണം 22.015 ചതുരശ്ര കിലോമീററാണ്. 1964 ജനവരി 1 ാം തീയ്യതി ശ്രീ മഠത്തി വീട്ടിൽ അപ്പുമേനോൻ പ്രസിഡണ്ടായുള്ള പുതിയ ഭരണ സമിതി രൂപീകരിക്കപ്പെട്ടു. 1962—64 വരെയുള്ള കാലയളവിൽ പഞ്ചായത്തു ഭരണം നിർവ്വഹിച്ചിരുന്നത് സ്പെഷൽ ആഫീസറായിരുന്നു. ശ്രീ. അപ്പുമേനോൻെറ നേതൃത്വത്തിലുള്ള ഭരണ സമിതി 1979 വരെ തുടർന്നു. 29-9-1929 ൽ നിലവിൽ വന്ന ഭരണസമിതിയിൽ ശ്രീ. K. S. ശിവരാമൻ പ്രസിഡണ്ടായി 5 വർഷം ഭരണം നടത്തി. ഇദ്ദേഹത്തിൻെറ കാലത്ത് 1980—81 വർഷത്തിൽ ഏററവും നല്ല വികസന പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന അവാർഡ് ഈ പഞ്ചായത്തു കരസ്ഥമാക്കി. അന്നത്തെ പഞ്ചായത്ത് എക്സിക്യൂട്ടിവ് ഓഫീസറായിരുന്ന ശ്രീ. P. I. ചന്ദ്രൻെറ സേവനം ഇത്തരുണത്തിൽ സ്മരണീയമാണ്. 1987 ഫെബ്രുവരി 9ാം തീയ്യതി ശ്രീ. R. ഉണ്ണികൃഷ്ണൻ പ്രസിഡണ്ടായുള്ള പുതിയ ഭരണസമിതി നിലവിൽ വന്നു. 1995 ഒക്ടോബർ 4 ാം തീയതി ശ്രീ കാരിക്കോട്ട് കിട്ടു മകൻ നാരായണൻ മാസ്റ്ററുടെ നേതൃത്വത്തിലുള്ള പുതിയ ഭരണസമിതി അധികാരത്തിൽ വന്നു.

യാതന അനുഭവിക്കുന്നവൻെറ ചരിത്രം കണ്ണീരിൽ കുതിർന്നതാണ്. ജീവിതത്തിൻെറ ഉപരിതലത്തിൽ മാത്രം ജീവിക്കുന്നവർക്ക് ആ പ്രശ്നമില്ല. ഉയർന്ന ജാതിക്കാരും താഴ്ന്ന ജാതിക്കാരും അനാചാരങ്ങളുടെ കെട്ടുപാടിൽ പെട്ട് ഒരു പോലെ പീഢിതരായിരുന്ന ഒരു കാലഘട്ടം നമുക്ക് ഉണ്ടായിരുന്നു. ജാതി വ്യത്യാസത്തിനും ജാതിമത്സരത്തിനും ഉച്ചനീചത്വത്തിനും അനാചാരങ്ങൾക്കുമെതിരായി അവശജനവിഭാഗങ്ങൾ നടത്തിയ പോരാട്ടത്തിൻെറ അലയടികൾ പറപ്പൂക്കരയിലും എത്തിയിരുന്നു. ശ്രീനാരായണ ഗുരുവിൻെറ സാന്നിദ്ധ്യവും ശ്രീനാരായണീയ പ്രസ്ഥാനങ്ങളും

ആണ് ഈ പോരാട്ടങ്ങൾക്ക് പ്രചോദനം നൽകിയത്. ചാതുർവർണ്ണ്യത്തിനു പുറത്ത് വിലക്ക കല്പിച്ച നിർത്തിയിരുന്ന അവർണ്ണരായിരുന്ന ജനസംഖ്യയിൽ ഭൂരിഭാഗവും, ഭൂരിപക്ഷം ഉണ്ടായിരുന്നിട്ടും മററു ജാതിക്കാരുടെ ആട്ടും തുപ്പും സഹിച്ച് ഇരുകാലി മൃഗങ്ങളെപ്പോലെ അവർക്ക് ജീവിക്കേണ്ടി വന്നു. ഓരോ ജാതിക്കും അയിത്തത്തിന്റെ അകലം നിശ്ചയിച്ചിരുന്നു. എന്നാൽ സവർണ്ണർ തോന്നുമ്പോഴൊക്കെ ഈ അകലം മാററി നിശ്ചയിച്ചിരുന്നു എന്നതാണ് വിചിത്രമായ ഒരു വസ്തുത 1901 ലേയും 1911 ലേയും കാനേഷുമാരിക്കണക്കുകളാണ് ഇതിനുതെളിവുകൾ 1901 ൽ ഈഴവന്റെ തീണ്ടപ്പാടകലം 36 അടിയായിരുന്നു എങ്കിൽ 1911 ൽ അതു പതിനാലടിയായി ചുരുക്കി. പുലയന്റെ തീണ്ടപ്പാടകലം 64 അടിയായിരുന്നത് 1911 ലും അതേ പോലെ നിലനിർത്തി. ജാതിയിൽ മുകൾത്തട്ടിൽ നില്ക്കുന്ന നമ്പൂതിരിമാരായിരുന്നു കേന്ദ്രബിന്ദു. നായർ നമ്പൂതിരിയിൽ നിന്നും അകന്നു നില്ക്കണം. നായരെ തൊട്ടാൽ നമ്പൂതിരി കുളിക്കണം ഏതു കാര്യവും ജാതിയുടേയും മതത്തിന്റെയും കണ്ണാടിയിലൂടെ കണ്ടിരുന്ന ഒരു കാലമായിരുന്നു അത്.

സർക്കാർ വക തണ്ണീർപ്പന്തലുകൾ ഏർപ്പെടുത്തുക അന്നത്തെ പതിവായിരുന്നു. അന്ന് നെല്ലായിലുണ്ടായിരുന്ന തണ്ണീർപ്പന്തലിന്റെ ചുമതലക്കാരൻ ഒരു തമിഴ് ബ്രാഹ്മണനായിരുന്നു. തണ്ണീർ പന്തലിന് അകലെയുള്ള മരത്തിന്റെ ചുവട്ടിൽ വച്ചിരുന്ന കുത്തുപാളയിലായിരുന്നു സംഭാരം നല്കിയിരുന്നത്. ജാതിതിരിച്ച് പ്രത്യേകം പ്രത്യേകം പാളകൾ ഉണ്ടായിരുന്നു. ഈഴവൻ പുലയൻ തുടങ്ങിയവർ തങ്ങൾക്ക നൽകിയിരുന്ന പാളകൾ എടുത്ത് തീണ്ടപ്പാടകലത്തിൽ വച്ചു പിന്നോക്കം മാറി നില്ക്കണം. വെള്ളം വീഴ്ത്തി ബ്രാഹ്മണൻ പോയിക്കഴിഞ്ഞാൽ അതെടുത്തു കുടിക്കാം. സ്വാതന്ത്ര്യലബ്ധിക്ക് ഏഴുവർഷം മാത്രം മുൻപ് അന്ന് ഡെപ്യൂട്ടി സ്പീക്കറായിരുന്ന സഹോദരൻ അയ്യപ്പൻ രാജാവിനെ മുഖം കാണിക്കാൻ അനുവാദം ചോദിച്ചതിന് 'പനിയായതിനാൽ രാജാവിന് കുളിക്കാൻ പററില്ല എന്ന്' പറഞ്ഞ് അനുവാദം നിഷേധിക്കപ്പെട്ടു.

വസ്ത്രധാരണ സ്വാതന്ത്ര്യം, ആഭരണധാരണ സ്വാതന്ത്ര്യം, വിദ്യാലയ പ്രവേശന സ്വാതന്ത്ര്യം എന്നിവയ്ക്കു വേണ്ടിയുള്ള സമരങ്ങളിൽ സാമൂഹ്യ നവോത്ഥാനപ്രസ്ഥാനങ്ങൾക്കു പ്രധാനമായ പങ്കുണ്ട്. ദേശീയ പ്രസ്ഥാനവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും S. N. D. P മുതലായ സാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് അക്കാലത്ത് പിന്തുണ നല്കിയിരുന്നു. അജ്ഞതയ്ക്കും അന്ധതയ്ക്കും എതിരായി ശ്രീനാരായണ ഗുരു സമാരംഭിച്ച പോരാട്ടങ്ങൾ ഒരു പുതുയുഗപ്പിറവിയ്ക്കു തുടക്കം കുറിച്ചു. നമ്മുടെ പഞ്ചായത്തിലും സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങൾ ഉണ്ടായിട്ടുണ്ട്. തൃപ്രയാർ തേവരുടെ ആറാട്ടുപുഴയ്ക്കുള്ള എഴുന്നള്ളിപ്പ് നടക്കുമ്പോഴും കൂടൽമാണിക്യം ക്ഷേത്രത്തിലെ പറ എഴുന്നള്ളിപ്പ് ഉണ്ടാകുമ്പോഴും അവർണ്ണ ഹിന്ദുക്കൾ പൊതുവഴിയിൽ നിന്നും മാറിക്കൊടുക്കണമായിരുന്നു. ചില സ്ഥലങ്ങളിൽ സ്വന്തം വീടുകളിൽ നിന്നുപോലും മാറിക്കൊടുക്കേണ്ട അവസരവും ഉണ്ടായിട്ടുണ്ട്. ശ്രീ K. T. അച്യുതന്റെ (മുൻമന്ത്രി) നേതൃത്വത്തിൽ ഇതിനെതിരെ സമരം സംഘടിപ്പിച്ചു. 1114 ൽ (കൊല്ലവർഷം) നടന്ന ഈ സമരത്തിൽ ശ്രീ അച്യുതന് മർദ്ദനമേൽക്കേണ്ടി വന്നിട്ടുണ്ട്. അയിത്തത്തിനും അനാചാരത്തിനുമെതിരെ ചെറുതുരുത്തിയിൽ നിന്ന് എറണാകുളത്തേയ്ക്കു നയിച്ച ക്ഷേത്രപ്രവേശന ജാഥയിൽ പങ്കെടുത്തവരിൽ ഈ പഞ്ചായത്തിൽ നിന്ന് ശ്രീമാൻമാർ K. T അച്യുതനും R. S കൃഷ്ണയ്യരും ഉണ്ടായിരുന്നു. കൊല്ലവർഷം 1113 ലാണ് ഇതു നടന്നത്

ഇപ്പറഞ്ഞതുകൊണ്ട് അധഃസ്ഥിത വിഭാഗങ്ങളിൽപ്പെട്ടവർക്കമാത്രമാണ് ജാതിജന്യമായ യാതനകൾ അനുഭവിക്കേണ്ടി വന്നതെന്ന് ധരിക്കരുത്. നമ്പൂതിരിമാരെ സംബന്ധിച്ചിടത്തോളം ഇല്ലത്ത് മൂസാമ്പൂരി (മൂത്ത മകൻ) ക്ക മാത്രം വിധിച്ചതായിരുന്നു സ്വജാതി വിവാഹം. അദ്ദേഹത്തിനാകട്ടെ എത്ര വിവാഹവും സ്വജാതിയിൽ നിന്നും കഴിക്കാം. പുറമെ സംബന്ധങ്ങളുമാകാം. സ്വജാതി വിവാഹം നിഷേധിക്കപ്പെട്ട കനിഷ്ഠന്മാരാകട്ടെ. അമ്പലവാസി–നായർ തറവാടുകളിൽ സംബന്ധക്കാരായും കഴിഞ്ഞു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ നാട്ടുരാജ്യങ്ങളിൽ അത്ര സജീവമായിരുന്നില്ലെങ്കിലും രാഷ്ട്രീയമായ പ്രബുദ്ധത എല്ലാ സ്ഥലങ്ങളിലും അലയടിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരഖില കൊച്ചി രാഷ്ട്രീയ സമ്മേളനം വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. എല്ലാ സ്ഥലങ്ങളിലും സ്വാഗതസംഘങ്ങൾ രൂപീകരിക്കപ്പെട്ട കൂട്ടത്തിൽ പുതുക്കാട്ടും സ്വാഗത സംഘത്തിനു രൂപം കൊടുത്തു. 1937 ലായിരുന്നു ഇതുണ്ടായത്.

കൊല്ലവർഷം 1112 ലാണ് പറപ്പൂക്കര കേന്ദ്രമാക്കി ഒരു സമുദായ സംഘടനയ്ക്ക് രൂപം കൊടുത്തത്. ശ്രീ. K. T. അച്ചുതനായിരുന്നു സെക്രട്ടറി. സർവ്വശ്രീ. K. R. ഭാസ്കരൻ, K. C. കുമാരൻ, K. M. കുമാരൻ എന്നിവരായിരുന്നു മററു ഭാരവാഹികൾ. സാമൂഹ്യവും രാഷ്ട്രീയവുമായ ഉന്നതിക്കുവേണ്ടി പ്രവർത്തിച്ചിട്ടുള്ള ശ്രീ. അച്ചുതൻ മുകുന്ദപുരം താലൂക്കിലെ ഈഴവരിൽ ആദ്യത്തെ നിയമ ബിരുദധാരിയാണ്. ഈഴവ പ്രാതിനിധ്യമില്ലാത്ത പഞ്ചായത്തുകളിൽ നോമിനേഷൻ മൂലം പ്രാതിനിധ്യം നല്കപ്പെട്ടിരുന്നു. അങ്ങിനെയാണ് 1108 ൽ ശ്രീ. K. R. ഭാസ്കരൻ തന്റെ 26 ാമത്തെ വയസ്സിൽ ഈ പഞ്ചായത്തിൽ അംഗമാകുന്നത്. ശ്രീമാൻമാർ, K. T. അച്ചുതന്റേയും K R. ഭാസ്കരന്റേയു പിതൃ സഹോദരനായിരുന്നു വർക്കല ശിവഗിരി മഠാധിപതി സ്വാമി ശങ്കരാനന്ദ. ശ്രീനാരായണഗുരുവിന്റെ സാന്നിദ്ധ്യവും സഹവാസവും വഴി സാമൂഹ്യരംഗത്തു പ്രവർത്തിക്കാനുള്ള സാഹചര്യം ഇവർക്കു കൈവന്നു. ശ്രീ. K. R. ഭാസ്കരൻ പത്രാധിപരായിരുന്ന 'ചിത്രഭാനു' മാസികയും സാമൂഹ്യ സാംസ്കാരിക പുരോഗതിയിൽ അതിന്റേതായ പങ്കു വഹിച്ചിട്ടുണ്ട്.

സാമൂഹ്യ നവോത്ഥാന പ്രവർത്തനങ്ങളിൽ പ്രധാന പങ്കു വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളാണ് ദേശീയ പ്രസ്ഥാനവും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും S. N. D. P മുതലായ സാമൂഹ്യ സംഘടനകളും. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഖാദി പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നു ശ്രീമാൻമാർ ഉണ്ണികൃഷ്ണൻ കർത്താ, ദിവാകരൻ കർത്ത, ശ്രീധരൻ കർത്ത തുടങ്ങിയവർ. കമ്മ്യൂണിസ്റ്റ് പോരാട്ടങ്ങളിൽ പങ്കെടുത്ത് മർദ്ദനങ്ങൾക്ക് വിധേയരാവുകയും ജയിൽ വാസം അനുഷ്ഠിക്കുകയും ചെയ്ത സർവ്വശ്രീ. R. V. രാമൻകുട്ടി വാരിയർ, V. ഈച്ചരൻകുട്ടി വാരിയർ, T. M. നാരായണൻ P. K. നീലകണ്ഠൻ എന്നിവർ പ്രത്യേകം സ്മരണീയരാണ്. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ജയിൽ വാസമനുഷ്ടിച്ച 'വെസ്റ്റ് കോസ്ററ് റിവ്യു' പത്രാധിപരായിരുന്ന പ്രൊഫ. N. S. വെങ്കസ്വാമി, ശ്രീ N. C. ഗോപാലകൃഷ്ണയ്യർ എന്നിവരുടെ പേരുകളും എടുത്തു പറയേണ്ടതാണ്.

സാഹിത്യ സാംസ്കാരിക രംഗത്ത് മറക്കാനാവാത്ത സംഭാവനകൾ അർപ്പിച്ച മൺ മറഞ്ഞ പ്രതിഭാശാലികളാണ് കവി തിലകൻ ചങ്ങരം കോത കൃഷ്ണൻ കർത്താവും പ്രസിദ്ധ പത്രപ്രവർത്തകനും സാഹിത്യകാരനുമായിരുന്ന ശ്രീ K. R. ഭാസ്കരനും ബനാറസ് സർവ്വകലാശാലയിലെ പ്രൊഫസറായിരുന്ന ശ്രീ C. നാരായണ മേനോനും. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രഗൽഭ മതികളായ പലരും ഈ പഞ്ചായത്തുകാരായുണ്ട്. പ്രമുഖ സാഹിത്യ നിരൂപകയായ ഡോ. എം. ലീലാവതി, ശ്രീമതി ലീലാ സർദാർ, Dr. C. P. മേനോൻ പിണ്ടാണി N. B. പിള്ള ശ്രീ N. V. മാധവൻ I. A. S. Dr. K. R. വിശ്വനാഥൻ എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്.



Nenmanikkara Panchayat
Vallachira Panchayat
Kurumali River
Pudukkad Panchayat
Porathissery Panchayat
Porathissery Panchayat
Muriyad Panchayat
Mattathur Panchayat
Kodakara Panchayat
Village office (Thottippal)
Veterinary Hospital
Proposed PH Centre
INDEX
WARD BOUNDARY
TARRED ROADS
HILLY AREA
NATIONAL HIGHWAY 47
RAILWAY LINE
COCONUT PALMS
R RESIDENTIAL AREA
Os ORDINARY SOIL
PADDY FIELD
Ls LATERITE SOIL
Cs CLAY SOIL

# ഭൂപ്രകൃതിയും വിഭവങ്ങളും

ഈ പഞ്ചായത്തിൻെറ വടക്കേഭാഗത്തുകൂടി ഒഴുകുന്ന കുറുമാലിപുഴ നമ്മെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമാണ്. പണ്ടൊക്കെ വർഷക്കാലത്ത് ഈ പുഴയിൽ മലവെള്ളം പൊങ്ങുമായിരുന്നു. അപ്പോൾ പുഴയിലൂടെ ഒഴുകി എത്തുന്ന വളക്കൂറുള്ള എക്കൽ മണ്ണ് തീരസമതല പ്രദേശങ്ങളെ ഫല പുഷ്ടമാക്കിയിരുന്നു. വെള്ളം കയറി വിളനാശംവരുത്തുന്നതിനാൽ അതൊരു ഭീഷണിയുമായിരുന്നു. ചിമ്മിനി പദ്ധതി കമ്മീഷൻ ചെയ്തതോടെ മലവെള്ളക്കെടുതിക്കറുതി വന്നു. ഒരു കാലത്ത് ഈ പ്രദേശങ്ങളിലെ പ്രധാനപ്പെട്ടകൃഷി അടയ്ക്കാമരമായിരുന്നു മഹാളിക്കേടും ചൊവ്വക്കേടും മൂലം കവുങ്ങിൻകൃഷി തീരെയില്ലാതായിരിക്കുന്നു. ഇപ്പോഴത്തെ പ്രധാനപ്പെട്ട കൃഷി തെങ്ങാണ് കാററുവീഴ്ചാരോഗം മിക്ക തോട്ടങ്ങൾക്കും ഭീഷിണിയായിട്ടുണ്ട്, എങ്കിലും നാളികേരം തന്നെയാണ് ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷികവിള, നേന്ത്രവാഴകൃഷി വൻതോതിൽ ഇവിടങ്ങളിൽ നടത്തിവരുന്നു മിക്കവാറും സമതലമായ ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട മറെറാരു കൃഷിയാണ് നെല്ല്. കളിമൺവ്യവസായത്തിനു പററിയ കളിമണ്ണ് ഇന്നിവിടെ സുലഭമായി ലഭിക്കുന്നത് കാർഷികരംഗത്തെ കനത്ത കൂലിച്ചിലവും രാസവളങ്ങളുടെ വിലകയററവും ജൈവവളങ്ങളുടെ ദൗർലഭ്യവും നെൽകൃഷിയോട് വിടപറയാൻ കർഷകരെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അധികാരികളുടെ അലംഭാവവും കൃഷിഭൂമി വ്യവസായികാവശ്യത്തിന് വിനിയോഗിക്കപ്പെടാൻ കാരണമായിട്ടുണ്ട്.

ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന വാർഡുകളാണ് ആലത്തൂർ, മുത്രത്തിക്കര നെടുമ്പാൾ, തൊട്ടിപ്പാൾ എന്നിവ ഇവിടങ്ങളിൽ മാത്രമാണ് ഈ പഞ്ചായത്തിൽ ഉയന്ന സമതലങ്ങളുള്ളത് തൊട്ടിപ്പാളിലും നെടുമ്പാളിലും മാഞ്ഞാംകുഴി റഗുലേററിൽ നിന്ന് വെള്ളം പമ്പു ചെയ്ത് ജലവിതരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുത്രത്തിക്കരയിൽ ഗ്രൗണ്ട് വാട്ടർ സ്കീമിൽകുഴൽകിണർ സംവിധാനത്തിലൂടെജലവിതരണം ഭാഗികമായി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

പറപ്പൂക്കര പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളായ കൊടകര, മുരിയാട് എന്നീ പഞ്ചായത്തുകളിലേയും കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം കണ്ടെത്താവുന്നഒരു പദ്ധതിയ്ക്ക് രൂപം കൊടുക്കാനുള്ള നിർദ്ദേശം ഗ്രാമസഭകളിലൂടെ ഉയർന്നുവന്നിട്ടുണ്ട്. ഈ പഞ്ചായത്തിൻെറ വടക്കേ അതിരിലൂടെ ഒഴുകുന്ന കുറുമാലിപുഴക്ക് സമാന്തരമായി തെക്കേഭാഗത്തുകൂടി ഒഴുകുന്നതാണ് ബ്ലാച്ചിറത്തോട്, ആനന്ദപുരം അമിട്ടുകുഴി പാലം തൊട്ട് ഈ തോടിൻെറ പേര് K. L. D. C. തുപ്പൻ തോട് എന്നതാണ്. പന്തല്ലൂർ ഭാഗത്ത് കുറുമാലിപ്പുഴക്കും ഈ തോടിനും തമ്മിലുള്ള ദൂരം വളരെ കുറവാണ് അതിനാൽ പന്തല്ലൂരിലുള്ള കുണ്ടുകടവിൽ ഒരു ബ്രിഡ്ജ് 20 കം റഗുലേററർ നിർമ്മിച്ച് കുറുമാലിപ്പുഴയെയും ബ്ലാച്ചിറത്തോടിനെയും ബന്ധിക്കുന്ന ഒരു തോട് നിർമ്മിച്ചാൽ പറപ്പൂക്കര കൊടകര, മുരിയാട് എന്നീ പഞ്ചായത്തുകൾക്കനുഭവപ്പെടുന്ന എല്ലാവിധ ജലക്ഷാമത്തിനും പരിഹാരം കണ്ടെത്താൻ കഴിയും.

നാടുവാഴികളും മനക്കാരും ദേവസ്വങ്ങളുമായിരുന്നു ഭൂവുടമകൾ. ഭൂവുടമകൾക്ക് പാട്ടവും മിച്ചവാരവും കൊടുക്കുന്ന കുടിയന്മാരായിരുന്നു കർഷകരിൽ ഭൂരിഭാഗവും. പിന്നോക്ക വിഭാഗത്തിൽ പെട്ട ഈഴവരും ക്രിസ്ത്യാനികളുമായിരുന്നു കുടിയാന്മാരിൽ അധികവും. ഭൂപരിഷ്കരണ നിയമം കർഷകരെ ജന്മികളിൽ നിന്നുമോചിപ്പിക്കാനും സാമ്പത്തിക ഭദ്രത കൈവരിക്കാനും സഹായിച്ചു.

തദ്വാരാ കർഷകത്തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളിലെ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും കൃഷിഭൂമി കൃഷിക്കാരന് (വയലിൽ പണിയെടുക്കുന്നവന്) എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. ഭൂവുടമസ്ഥരിൽ ഒരു ചെറിയ ശതമാനം മാത്രമെ സ്വയം കൃഷിചെയ്യുന്നവരായിട്ടുള്ളു.

കാർഷിക വൃത്തിയിലേർപ്പെടാൻ ഇന്നത്തെ തലമുറ വിമുഖത കാട്ടുന്നു. ധനാധിപത്യത്തിന്റെ സ്വാധീനം എളുപ്പത്തിൽ പണം സമ്പാദിക്കാനുള്ള മാർഗ്ഗങ്ങളാരായാൻ അവരെ പ്രേരിപ്പിക്കുന്നു. ഇവിടുത്തെ ഇഷ്ടികക്കളങ്ങളിലും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളിലും പണിയെടുക്കുന്നവരിൽ അധികവും പാലക്കാട്ട് ജില്ലക്കാരും തമിഴ്നാട്ടുകാരുമാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഏററവും ഗുരുതരമായ പ്രശ്നം നാടൻ ഇഷ്ടിക നിർമ്മാണത്തിനും കളിമൺ വ്യവസായത്തിനും വേണ്ടി നെൽ വയലുകൾ കുഴിച്ച് വലിയ കുഴികളാക്കുന്നതാണ്. ഇത് പല പാരിസ്ഥിതീക പ്രശ്നങ്ങൾക്കും രൂക്ഷമായ കുടിവെള്ളക്ഷാമത്തിനും വഴിവച്ചേക്കാൻ ഇടയുള്ളതുകൊണ്ട് ഈ പ്രവണത കർശനമായി നിയന്ത്രിക്കേണ്ടതാണ്.

# കൃഷിയും ജലസേചനവും

## കൃഷി

ഭൂപരിഷ്കരണ നിയമം നടപ്പിൽ വരുന്നതുവരെ ജന്മി–കുടിയാൻ സമ്പ്രദായം ആയിരുന്നു പറപ്പൂക്കര പഞ്ചായത്തു പ്രദേശത്ത് നിലനിന്നിരുന്നത്. എന്നാൽ വെറുമ്പാട്ടാവകാശ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് ജന്മിമാക്ക് അവകാശമുണ്ടായിരുന്നില്ല. നെൽവയലിന് വലിയ പാട്ടമാണ് നിശ്ചയിച്ചിരുന്നത്. അതുകൊണ്ട് പലകൃഷിക്കാർക്കും സമയാസമയങ്ങളിൽ ജന്മിക്ക് പാട്ടം എത്തിച്ചു കൊടുക്കാൻ സാധിച്ചിരുന്നില്ല. കാലവർഷത്തെ ആശ്രയിച്ചായിരുന്നു അന്ന് നെൽകൃഷി നടത്തിയിരുന്നത്. അതുകൊണ്ട് വരൾച്ചയും വെള്ളപ്പൊക്കം കൊണ്ടുള്ള കൃഷിനാശവും സർവ്വസാധാരണമായിരുന്നു. കൃഷിനാശം സംഭവിച്ചാലും പാട്ടത്തിൽ ഇളവുകൾ നല്കപ്പെട്ടിരുന്നില്ല.

## പ്രാചീന കൃഷി സമ്പ്രദായങ്ങൾ

ഈ പഞ്ചായത്തിന്റെ വടക്കേ ഭാഗത്തു കൂടിയാണ് കുറുമാലിപ്പുഴ ഒഴുകുന്നത്. അതുകൊണ്ട് വർഷക്കാലത്ത് വലിയ വെള്ളപ്പൊക്കം ഉണ്ടായിരുന്നു. മലയാളവർഷം 999 ലും 1104 ലും 1116 ലും ഉണ്ടായ കൊടുങ്കാററിലും വെള്ളപ്പൊക്കത്തിലും വളരെയധികം വീടുകളും ഫലവൃക്ഷങ്ങളും നശിച്ചു പോയിട്ടുണ്ട്. കൃഷിനാശവും ജീവഹാനിയും സാധാരണമായിരുന്നു. ഇതെല്ലാം പരിഗണിച്ചു കൊണ്ട് അന്നത്തെ കൊച്ചി ഗവൺമെൻറ് ഉണ്ടാക്കിയ പദ്ധതികളാണ് മുരിയാട് – മൂർക്കനാട് കനാൽ, ഹെർബർട്ട് കനാൽ, കരുവന്നൂർ ചെറിയപാലം പുഴയുടെ ഇരുകരകളിലുമുള്ള 'ഫ്ളെഡ് ബാങ്കുകൾ' മുതലായവ.

പറപ്പൂക്കര പഞ്ചായത്ത് നെൽപാടങ്ങളും ഉയർന്ന ഭാഗങ്ങളിൽ കവുങ്ങും തെങ്ങും നേന്ത്രവാഴയും പടററുവാഴയും കുരുമുളകും ഫലവൃക്ഷങ്ങളായ കശുമാവ്, പ്ലാവ്, മാവ് മുതലായവയും തിങ്ങിനിറഞ്ഞ ഹരിതഭംഗിയുള്ള ഒരു ഭൂപ്രദേശമായിരുന്നു.

നെല്ലായിരുന്നു അന്നത്തെ പ്രധാന ധാന്യവിള കൂടാതെ ചാമ, കഞ്ഞിപ്പുല്ല്, എള്ള് ഇടവിളയായി മുതിര, ചെറുപയർ, ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി പച്ചക്കറികളായ മത്ത, കുമ്പളം. വെള്ളരി, കക്കരിക്ക എന്നിവയും കൃഷിചെയ്തിരുന്നു. നാടൻ നെൽവിത്തിനങ്ങളായ ആര്യൻ, എരുമക്കേരി, വട്ടൻ, തവളക്കണ്ണൻ എന്നിവ വിരിപ്പുകൃഷിക്കും വെള്ളോടൻ അതിയൻ പൊടിയൻ, കാലക്കൊടിയൻ, പാൽചെമ്പാവ്, വെട്ടിക്കുട്ടാടൻ, ചിറ്റേനി, വയലെത്തൂര് എന്നിവ മുണ്ടകൻ കൃഷിക്കും ചീര, ചെമ്പാവ്, നവര എന്നിവ പുഞ്ചകൃഷിക്കും ഉപയോഗിച്ചിരുന്നു. നല്ല പ്രതിരോധ ശേഷിയുള്ള ഈ വിത്തിനങ്ങൾ കാലാവസ്ഥയ്ക്ക് അനുസൃതമായാണ് കൃഷിചെയ്തിരുന്നത്. കന്നുകാലികളെ ഉപയോഗിച്ചാണ് നിലം ഉഴുക, ചവിട്ടി നിരപ്പാക്കൽ, ഞവക്കൽ എന്നിവ ചെയ്തിരുന്നത്. ചക്രം ചവിട്ടൽ, കയററുകൊട്ട, വേത്ത്, തുലാതേക്ക്, കാളത്തേക്ക് എന്നീ രീതികളായിരുന്നു ജലസേചനത്തിന് അവലംബിച്ചിരുന്നത്.

ഈ പഞ്ചായത്തിന്റെ പ്രത്യേകത വർഷക്കാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് കഠിനമായ വരൾച്ചയും അനുഭവപ്പെടുക എന്നതായിരുന്നു. വരൾച്ചയിൽ നിന്ന് നെൽകൃഷിയെ ഒരു പരിധിവരെ രക്ഷിക്കുന്നതിന് അന്നത്തെ കൊച്ചി ഗവൺമെന്റ് പുഴകളിൽ മൺചിറകൾ ഏർപ്പെടുത്തിയിരുന്നു. ജലസേചനസൗകര്യം തീരെയില്ലാത്ത ഉയർന്നസ്ഥലങ്ങളിൽ വിരിപ്പുകൃഷിക്ക് കട്ടാടൻ വിതക്കും. അന്ന് ശരാശരി വിളവ് ഏതാണ്ട് പത്തുമേനിയാകുന്നു. കവുങ്ങുകൃഷി ഒരു കാലത്ത് വ്യാപകമായിരുന്നു എങ്കിലും ഇന്ന് ഏതാണ്ട് നശിച്ച മട്ടാണ്. പൊള്ളുക്കേട്, മഹാളിക്കേട് എന്നീ രോഗങ്ങളാണ് ഇതിന് കാരണമായത്. കേടുവന്ന കവുങ്ങുകൾ വെട്ടിമാററി തെങ്ങ്, നേന്ത്രവാഴ എന്നിവ കൃഷി ചെയ്തുവരുന്നു.

## പച്ചക്കറി കൃഷി

വിരിപ്പ്, മുണ്ടകൻ എന്നീ കൃഷികളുടെ വിളവെടുപ്പു കഴിഞ്ഞാൽ അടുത്ത പൂവ് കൃഷിയിറക്കും വരെ മത്തൻ, വെള്ളരി, കുമ്പളം, കൈപ്പ, പടവലം, കൂർക്ക, മധുരക്കിഴങ്ങ്, മരച്ചീനി, എന്നിവ വ്യാപകമായി കൃഷി ചെയ്തിരുന്നു.

## വളപ്രയോഗം

ചാണകം, പച്ചില, ആട്ടിൻകാട്ടം, ചാരം എന്നിവയാണ് പ്രധാനമായി ഉപയോഗിച്ചിരുന്ന വളങ്ങൾ. തെങ്ങ്, കവുങ്ങ് എന്നിവയ്ക്ക് വർഷാരംഭത്തിൽ തടമെടുത്ത് കാലവർഷം അവസാനിക്കുന്നതോടുകൂടി വളമിട്ടുമൂടുകയാണ് പതിവ്. അക്കാലത്ത് ജൈവവളങ്ങൾ സുലഭമായി ലഭിച്ചിരുന്നു. മലപ്രദേശങ്ങളിൽ നിന്നും പച്ചിലവളം പെർമിററ് പ്രകാരം നാട്ടിൻ പുറങ്ങളിൽ ധാരാളമായി എത്തിച്ചേർന്നിരുന്നു. അന്നുകാലത്ത് ചാഴിക്കേടിന് ഫലപ്രദമായ മരുന്നുകൾ ഒന്നും തന്നെയില്ലായിരുന്നു 'ചാഴിവിലക്കാണ്'' അന്ന് പ്രചാരത്തിലുണ്ടായിരുന്നത്. മന്ത്രവാദത്തിന്റെ പശ്ചാത്തലമായിരുന്നു ഇതിന്റെ പ്രേരണയെങ്കിലും പന്തം കത്തിയ്ക്കുന്നതുകൊണ്ട് ശാസ്ത്രീയമായും ഒരു പരിധിവരെ ചാഴിയെ അകററാൻ ഇതു പ്രയോജനപ്പെട്ടിരുന്നു. അഴുകിയ ചാള കണ്ടത്തിന്റെ വരമ്പുകളിൽ കാററിന്റെ ഗതിക്കനുസരിച്ച് നിക്ഷേപിക്കുന്ന ഒരു രീതിയും അന്നു നിലവിലുണ്ടായിരുന്നു ഒരു പരിധി വരെ ഈ പ്രയോഗവും ചാഴിക്കെതിരെ ഫലപ്രദമായി കണ്ടിരുന്നു

## ഭൂവിനിയോഗം

ഈ പഞ്ചായത്തിൽ തൊട്ടിപ്പാൾ, പറപ്പൂക്കര, നെല്ലായി എന്നീ വില്ലേജുകളിൽപെട്ട ഭൂമിയാണുള്ളത്. വില്ലേജുകളിൽ നിന്നും ശേഖരിച്ച കണക്കുപ്രകാരം മൊത്തം 4343 ഏക്ര (1710 ഹെക്ടർ) വിസ്തൃതിയുള്ളതിൽ നെൽകൃഷിക്ക് ഉപയുക്തമായ 2585 ഏക്ര (1048 ഹെക്ടർ) ഭൂമിയും 1406 ഏക്ര (554 ഹെക്ടർ) പുരയിടവും ആണ് ഉള്ളത്. അതിന്റെ വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

| വില്ലേജിന്റെ പേര് | ഭൂമിയുടെ | വിസ്തീർണ്ണം | ഏക്കറിൽ | | |
|---|---|---|---|---|---|
| | പുരയിടം | നിലം | പുറംപോക്ക് | തരിശ് | ആകെ |
| തൊട്ടിപ്പാൾ | 438.53 | 1187.38 | 141.08 | 5.52 | 1772.51 |
| പറപ്പൂക്കര | 614.69 | 1082.78 | 190.73 | 0.26 | 1888.46 |
| നെല്ലായി (ഈപഞ്ചായത്തിൽ പെട്ടഭാഗം മാത്രം) | 352.56 | 314.37 | 15.18 | 0.01 | 682.21 |
| ആകെ | 1405.78 | 2584.53 | 346.99 | 5.79 | 4343.09 |

പൊതുവെ പറഞ്ഞാൽ പഞ്ചായത്തൊരു സമതലപ്രദേശമാണ്. ഉയർന്ന ഭാഗത്ത് ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. താഴ്ന്ന പ്രദേശത്ത് നെൽകൃഷി ചെയ്യുന്നു. പാടങ്ങൾ കളിമൺപ്രദേശവും ഉയർന്ന ഭാഗങ്ങൾ ചെങ്കൽപ്രദേശവുമാണ്. പുഴയോരങ്ങൾ എക്കൽമണ്ണുവീണ ഫലഭൂയിഷ്ഠമാണ്. കാലാവസ്ഥ മിതശീതോഷ്ണമാണ്. കാലവർഷവും തുലാവർഷവും ലഭിക്കുന്നു. വേനൽക്കാലത്ത് ഇടമഴയും കിട്ടും. കാലവർഷാരംഭത്തിൽ ഉണ്ടാകുന്ന കാററ് വാഴകൃഷിക്കും ഫലവൃക്ഷങ്ങൾക്കും വലിയതോതിൽ നാശം വരുത്താറുണ്ട്.

ഈ പഞ്ചായത്തിൽ വനഭൂമിയില്ല. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ മൂന്നു പൂവും കൃഷിയുണ്ട്. ഒരേ നിലത്തിൽതന്നെ മൂന്നു പൂവ്വ് നെൽകൃഷിയും ചിലയിടങ്ങളിൽ വിരിപ്പ് മുണ്ടകൻ കൃഷിയും മററു ചിലയിടങ്ങളിൽ പുഞ്ച കൃഷി മാത്രവും ചെയ്തുവരുന്നു.

## ഭൂവിതരണക്രമം

പറപ്പൂക്കര പഞ്ചായത്തിൽ 1991 ലെ കണക്കുപ്രകാരം 5256 കുടുംബങ്ങളാണ് ഉള്ളത്.
പട്ടിക തിരിച്ച കണക്ക് താഴെ കൊടുക്കുന്നു.

| വില്ലേജ് | വീടുകൾ | വിസ്തീർണ്ണം |
|---|---|---|
| തൊട്ടിപ്പാൾ | 1386 | 717.33 ഹെക്ടർ |
| പറപ്പൂക്കര | 2159 | 764.73 ഹെക്ടർ |
| നെല്ലായി | 1711 | 276.16 ഹെക്ടർ |
| ആകെ | 5256 | 1758.22 ഹെക്ടർ |

## കർഷകത്തൊഴിലാളികളുടെ കൂലി സേവന വ്യവസ്ഥകൾ

1950 നു മുൻപ് കാർഷികകൂലിനിരക്ക് താഴെ പറയുംപ്രകാരം ആയിരുന്നു എന്നാണ് പ്രായമായ കൃഷിക്കാരിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. പുരുഷന്മാർക്ക് 3 മുതൽ 4 ഇടങ്ങഴി നെല്ലും കാലത്തും ഉച്ചയ്ക്കും ഭക്ഷണവും സ്ത്രീ തൊഴിലാളികൾക്ക് 2 ഉടങ്ങഴി നെല്ലും ആയിരുന്നു. ഇവർക്ക് ഭക്ഷണം നൽകിയിരുന്നില്ല. ഈ കൂലിനിരക്ക് കാലകാലങ്ങളിൽ കൂടിക്കൊണ്ടിരുന്നു. കൊയ്ത കററ സ്ത്രീകൾ തലച്ചുമടായും പുരുഷന്മാർ കാവിന്മേലും ആണ് കൃഷിക്കാരന്റെ വീട്ടിൽ എത്തിച്ചിരുന്നത്. കൊയ്ത്തു മെതിച്ചാൽ പതം 6 പറയും 1 പറ 'ചണ്ടിൽ മണിയും' കൂടി 7 നു് ഒന്നും ബാക്കി നെല്ലിൽ നിന്ന് നന്നായി രണ്ടു 'വാരലും' കൊടുത്തിരുന്നു. ആദ്യകാലങ്ങളിൽ ഒരു രൂപയ്ക്ക് 3 പറ നെല്ലു കിട്ടുമായിരുന്നു. പിന്നീട് അത് പറയ്ക്ക് 1 രൂപ മുതൽ 2½ രൂപവരെയായി. നെല്ലുവില പിന്നീട് കൂടികൊണ്ടിരുന്നു. ഇന്നത്തെ കൂലിനിരക്കുകൾ താഴെ പറയും പ്രകാരമാണ്.

പുരുഷൻമാർക്ക് 80 ക. മുതൽ 100 ക. യും ഉച്ചതിരിഞ്ഞ് ചായയും

സ്ത്രീകൾക്ക് 50 ക. മുതൽ 60 ക. യും ഉച്ചതിരിഞ്ഞ് ചായയും

കൊയ്ത്ത് : വണ്ടിവരുന്ന സ്ഥലം വരെ മാത്രമെ തലച്ചുമടായി കൊണ്ടു പോകുകയുള്ളു. അവിടന്നങ്ങോട്ട് ഉടമസ്ഥന്റെ ചിലവിൽ കൊണ്ടു പോകണം.

പതം : 6 ൽ ഒന്നാണ് ഈ ഭാഗത്ത് പതം. ബാക്കി നെല്ലിൽ നിന്ന് (കീഴാട എന്നു പറയും) നന്നായി രണ്ടു വാരലും കൊടുക്കുന്നു. കൊയ്ത്തിന് ആളെ കിട്ടാനില്ലാത്ത സാഹചര്യത്തിൽ കൂലിയ്ക്കു കൊയ്യുന്ന സമ്പ്രദായവും നിലവിൽ വന്നു കൊണ്ടിരിക്കുന്നു.

നിലം ഞവക്കൽ : പറ ഒന്നിനു 20 ക മുതൽ 25 ക. വരെ.
(നിരപ്പാക്കൽ)

മരുന്നുതളി : കററി ഒന്നിന് 10 ക.

വളപ്രയോഗം : പറ ഒന്നിന് 5 ക.

## കൃഷിക്കാരും കർഷകത്തൊഴിലാളികളും

ആദ്യകാലങ്ങളിൽ കൂട്ടുകുടുംബ വ്യവസ്ഥയാണല്ലൊ നിലവിലിരുന്നത്. പ്രായമായ സ്ത്രീകൾ വീട്ടിലെ കാര്യങ്ങൾ നോക്കുമ്പോൾ അദ്ധ്വാന ശക്തിയുള്ള മററുള്ളവർ വയലുകളിലെ പണികൾക്കായി പോകുമായിരുന്നു. അക്കാലത്തെ ശരാശരി വിദ്യാഭ്യാസം 4ാം ക്ലാസ്സ വരെയായിരുന്നു. പ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം അധികമാളുകളും കാർഷികവൃത്തിക്ക് ഇറങ്ങുകയായിരുന്നു പതിവ്. തുടർന്നു പഠിക്കണമെന്നാഗ്രഹിക്കുന്ന സാമ്പത്തിക സൗകര്യമുള്ളവർക്കാണ് ഉന്നത വിദ്യാഭ്യാസ സൗകര്യം ലഭിച്ചിരുന്നത്. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന കുട്ടികളിലധികവും പ്രായപൂർത്തിയാകുന്നതുവരെ കാലികളെ മേയ്ക്കുന്നതിനും തുടർന്ന് കൃഷിപ്പണികളിലും ഏർപ്പെട്ടിരുന്നു.

കൃഷി, കൂട്ടായ്മ ആവശ്യമായ ഒരു തൊഴിലാണ്. കൃഷിക്കാരൻ പലപ്പോഴും കർഷകത്തൊഴിലാളിയായും വർത്തിക്കാറുണ്ട്. ഇന്നത്തെ സാമൂഹിക, സാമ്പത്തിക, കുടുംബവ്യവസ്ഥകളിൽ കാര്യമായ മാററം സംഭവിച്ചിട്ടുണ്ട്. പുതിയ തലമുറ മിക്കവാറും പത്താംക്ലാസ്സുവരെ എത്തുന്നുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ കൃഷിപ്പണിയുടെ മാന്യത നഷ്ടപ്പെട്ടതുകൊണ്ട് ചെറുപ്പക്കാർ വയലിൽ പണിയെടുക്കുന്നതിന് മടിക്കുന്നു. അവർ മററു മേഖലകൾ തേടിപോകുന്നു. ഇന്ന് കാർഷിക വൃത്തിയിലേർപ്പെടുന്നവരിൽ അധികവും മദ്ധ്യവയസ്സിനു മുകളിലുള്ളവരാണ്. കൂട്ടുകുടുംബങ്ങളുടെ തകർച്ചയും അണുകുടുംബങ്ങളുടെ ആവിർഭാവവും ഒരു അളവുവരെ കർഷകത്തൊഴിലാളികളുടെ-പ്രത്യേകിച്ചും സ്ത്രീതൊഴിലാളികളുടെ ലഭ്യത കുറയുന്നതിനു ഇടയാക്കിയിട്ടുണ്ട്. ഓട്ടുനിർമ്മാണം, ഇഷ്ടിക നിർമ്മാണം മുതലായ രംഗത്ത് കാർഷികമേഖലയെ അപേക്ഷിച്ച് കൂലി കൂടുതലും, സ്ഥിരവരുമാനവുമുള്ളതുകൊണ്ട് കൂടുതൽ തൊഴിലാളികൾ അങ്ങോട്ടാകർഷിക്കപ്പെടുന്നു. കാർഷിക വിളകളുടെ വിലയിടിവും വളം, കീടനാശിനി മുതലായവയ്ക്കുള്ള ക്രമാതീതമായ വിലക്കയററവും ഈ മേഖലയിൽ കൃഷിക്കാർക്കുള്ള താല്പര്യവും കുറച്ചിട്ടുണ്ട്.

## ഭൂവിനിയോഗത്തിൽ വന്നമാററം

കഴിഞ്ഞ ഏതാണ്ട് പതിനഞ്ചു വർഷമായി ഈ കാർഷിക മേഖലയിൽ വലിയ മാററമാണ് സംഭവിച്ചിരിക്കുന്നത്. ഉയർന്ന നെൽപ്പാടങ്ങളെല്ലാം ഇന്നു തെങ്ങിൻ തോപ്പുകളാണ്. വെള്ളപ്പൊക്കം കുറഞ്ഞതു കൊണ്ടു ജനങ്ങൾ ഈ പാടം നികത്തി പറമ്പുകളാക്കി താമസം തുടങ്ങിയിരിക്കുന്നു. വേറൊന്ന് ഈ മേഖല ( കരുവന്നൂർ, ആമ്പല്ലൂർ, കുറുമാലി, മണലി )ഓട്ടുകമ്പനികൾക്ക് പ്രസിദ്ധമാണ്. വയലുകൾ കളിമൺ പ്രദേശമായതു കൊണ്ട് ഓട്ടുകമ്പനികളിലേയ്ക്ക്

വേണ്ട മണ്ണെടുക്കുന്നതിനു വേണ്ടി അനിയന്ത്രിതമായി താഴ്ത്തിക്കൊണ്ടിരിക്കുന്നു. മറ്റൊന്ന് നാടൻ ഇഷ്ടിക നിർമ്മാണമാണ്. നന്തിക്കര കുറുമാലി മുതൽ തൊട്ടിപ്പാൾ ധനകുളം ബണ്ട് വരെയുള്ള ഉദ്ദേശം 4 കി. മീ. നീളവും ¾ കി. മീ. വീതിയുമുള്ള പാടശേഖരം ഇന്ന് നെൽകൃഷിക്ക് ഉപയുക്തമല്ലാതായിട്ടുണ്ട്. അതുപോലെ തന്നെ മുളങ്ങ് മുതൽ കരുവന്നൂർ തെക്കേഭാഗം കോഴിച്ചിറ എന്ന സ്ഥലം വരെയുള്ള ഏതാണ്ട് നാലു കി. മി നീളത്തിലും ¾ കി. മി. വീതിയിലുമുള്ള സ്ഥലം തെങ്ങിൻതോപ്പും ഇഷ്ടികക്കളവുമായി മാറിയിട്ടുണ്ട്. പന്തല്ലൂർ, നെല്ലായി എന്നീ വാർഡുകളിലും ചെറിയ തോതിൽ ഇഷ്ടിക നിർമ്മാണം നടക്കുന്നുണ്ട്. കൊളത്തൂർ ആലത്തൂർ, നെടുമ്പാൾ എന്നീ വാർഡുകൾ ഇതിൽനിന്നും മുക്തമാണ്. അടുത്ത പതിനഞ്ചോ ഇരുപതോ കൊല്ലത്തിനുള്ളിൽ കളിമണ്ണിന്റെ ദൗർലഭ്യം മൂലം ഈ വ്യവസായങ്ങൾ സ്തംഭനത്തിലാകുന്നതും അതോടൊപ്പം തന്നെ ഈ പ്രദേശങ്ങളിൽ നെൽകൃഷി അസാദ്ധ്യമാകുന്നതുമാണ്. ഈ മേഖലയിൽ ഭാവിയിൽ രൂക്ഷമായ തൊഴിലില്ലായ്മ ഉണ്ടാകാനുള്ള സാധ്യതയും, ഏറെയാണ്. അനിയന്ത്രിതമായി മണ്ണെടുക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ വേറെയുമുണ്ട്. കൂടുതൽ താഴ്ത്തുന്നതിനുവേണ്ടി വെള്ളം വററിക്കുന്നതുകൊണ്ട് സമീപപ്രദേശങ്ങളിലുള്ള ജലാശയങ്ങൾ വററിവരണ്ടുപോകുകയും കുടിവെള്ളത്തിനും ജലസേചനത്തിനും ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുന്നു.

കളിമൺ എടുത്ത കുഴികളും ഇഷ്ടികപിടിച്ച് കഴിഞ്ഞ സ്ഥലങ്ങളും ഇന്ന് ഉപേക്ഷിക്കപ്പെട്ട നിലയിൽ ആഫ്രിക്കൻ പായലും കുളവാഴയും നിറഞ്ഞ് കിടക്കുന്നു. ഇത് കൊതുക് മുതലായ ക്ഷുദ്രകീടങ്ങൾ അനിയന്ത്രിതമായി പെരുകുന്നതിനുള്ള സാഹചര്യവും സൃഷ്ടിക്കുന്നുണ്ട്. ഇത്തരത്തിൽ നെൽകൃഷിക്ക് ഉപയുക്തമല്ലാത്ത കുഴികൾ ഗ്രൂപ്പ് ഫാമിക്ക് അടിസ്ഥാനത്തിലോ സഹകരണാടിസ്ഥാനത്തിലോ മീൻ വളർത്തൽ കേന്ദ്രങ്ങളാക്കി മാററാവുന്നതാണ്.

# ആധുനിക കൃഷിരീതികൾ - പ്രശ്നങ്ങളും സാധ്യതകളും

കന്നുകാലികളെ ഉപയോഗിച്ചുള്ള കൃഷിചെയ്തിരുന്ന സമ്പ്രദായം ഇന്ന നിലവിലില്ലാതായിരിക്കുന്നു. ട്രാക്ടറും ടില്ലറുമാണ് നിലമൊരുക്കുന്നതിന് ഉപയോഗിക്കുന്നത്. വെള്ളം വററിക്കുന്നതിനും ജലസേചനത്തിനും പമ്പുസെററുകളാണ് ഉപയോഗിക്കുന്നത്. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും രാസവളപ്രയോഗവും വ്യാപകമായി നിലവിൽ വന്നു. കീടനാശിനികളുടെ ഉപയോഗവും വർദ്ധിച്ചു. അമിതമായ രാസവള, കീടനാശിനി പ്രയോഗങ്ങൾ മണ്ണിന്റെ ഘടനതന്നെ മാററിയിരിക്കുന്നു. ഇത് മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും ഏറെ ഹാനികരമായി തീർന്നിരിക്കുന്നു. കൊയ്ത്ത് ഞാറുനടീൽ എന്നീ കൃഷിപ്പണികൾക്ക് സ്ത്രീതൊഴിലാളികളെ കിട്ടുന്നതിന് ഏറെ പ്രയാസമായിരിക്കുന്നു. കൃഷികർമ്മമേഖലയിൽ നിന്ന് പിന്മാറിക്കൊണ്ടിരിക്കുന്ന കർഷകരെ ഇതിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനും, കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്.

1 നെൽകൃഷി ലാഭകരമാക്കുവാൻ സംയോജിത കീടനിയന്ത്രണം എന്ന നൂതന ആശയം പഞ്ചായത്തിലെ ഏതെങ്കിലും ഒരു പാടശേഖരത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ക്രമേണ മററു പാടശേഖരങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യാവുന്നതാണ്.

2 ഒരു പാടശേഖരത്തിൽ ഒരേ മൂപ്പുള്ള വിത്തിനങ്ങൾ കൃഷിചെയ്യുക.

3 പഞ്ചായത്തടിസ്ഥാനത്തിൽ അതാതുകാലത്ത് കൃഷിയിറക്കുന്നതിന് അനുയോജ്യമായ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ യഥാസമയം കൃഷിഭവൻ വഴി വിതരണം ചെയ്യുക.

4 കൊയ്ത്ത്, മെതി, ഞാറുനടീൽ എന്നിവക്ക് വേണ്ടത്ര തൊഴിലാളികളെ കിട്ടാനില്ലാത്ത സാഹചര്യം കണക്കിലെടുത്ത് ഇതിനുവേണ്ടതായ യന്ത്രസാമഗ്രികൾ കർഷകസമിതികൾക്കോ വ്യക്തികൾക്കോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

5 സ്പ്രെയർ മുതലായവ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുക.

6 കൃഷിക്കാർക്ക് പച്ചിലവളം ആവശ്യത്തിനു ലഭ്യമാക്കുന്നതിനുവേണ്ടി മുൻകാലങ്ങളിൽ ഉണ്ടായിരുന്നതുപോലെ വർഷക്കാലത്ത് കാട്ടിൽ നിന്നും പച്ചില വെട്ടിക്കൊണ്ടു വരുന്നതിനും ഫോറസ്റ്റ് വകുപ്പിൽ നിന്നും പെർമിററ് സമ്പ്രദായം ഏർപ്പെടുത്തുക.

7 നെൽവിത്തു സംഭരണത്തിന് കൃഷിക്കാർക്ക് നെൽസംഭരണികൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

8 സൗജന്യവിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുകയും കൃഷിനാശം സംഭവിക്കുന്നവക്ക് സമയാസമയങ്ങളിൽ നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യുക.

9 കൃഷിക്കാക്ക് പഴയ കിണർ കുളം മുതലായവ നന്നാക്കി പമ്പ്സെററ് വയ്ക്കുന്നതിന് സബ്സിഡി നിരക്കനുവദിക്കുക. ഇതിൻെറ വിസ്തീർണ്ണപരിധി 20 സെൻറാക്കി കുറയ്ക്കണം.

10 കൃഷി ആവശ്യത്തിന് ട്രാക്ടർ, ടില്ലർ എന്നിവ കൊണ്ടുപോകുന്നതിനും കൊയ്തുകൊണ്ടു പോരുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ ഫാംറോഡുകൾ അല്ലെങ്കിൽ ട്രാക്ടർ ബണ്ടുകൾ നിർമ്മിക്കുക.

11 കൃഷിഭവൻെറ കീഴിലുള്ള ഫീൽഡ് സ്റ്റാഫിൻെറ എണ്ണം വദ്ധിപ്പിക്കുകയും അവരുടെ സേവനം എല്ലാ വാർഡുകളിലും ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

12 പ്രകൃതിക്ഷോഭം മൂലം നാശനഷ്ടങ്ങൾ ഉണ്ടാകുന്ന കർഷകർക്ക് ഇന്നു കിട്ടുന്ന ആനുകൂല്യങ്ങൾ നാമമാത്രമാണ്. അത് വർദ്ധിപ്പിച്ചുകൊടുക്കുക

13 വളം, കീടനാശിനി എന്നിവയുടെ സബ്സിഡി വർദ്ധിപ്പിക്കുക

**തെങ്ങ്**

1 കാററുവീഴ്ചയാണ് പ്രധാനമായും തെങ്ങുകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നം. കാററുവീഴ്ച ബാധിച്ച തെങ്ങ് വെട്ടിമാററുന്നതിനുള്ള ആനുകൂല്യം 200 ക. യിൽ നിന്നും 500 ക. യാക്കി ഉയർത്തണം.

2 ഓരോ വർഷവും കൃഷിഭവൻ വഴി ലഭിക്കുന്ന തുക മുഴുവൻ അപേക്ഷകർക്ക് കൊടുക്കുന്നതിന് തികയാതെ വരുന്നു. അതുകൊണ്ട് കൃഷിഭവനിലേക്കുള്ള അലോട്ട്മെൻറ് വദ്ധിപ്പിക്കണം

3 കേരകർഷകർക്ക് ഇന്നു വിതരണം ചെയ്യുന്ന സബ്സിഡി നിരക്കിലുള്ള വളം എല്ലാവക്കും വിതരണം ചെയ്യുന്നതിന് തികയാതെ വരുന്നു. അതുകൊണ്ട് പഞ്ചായത്തിൽ ആകെയുള്ള തെങ്ങിൻെറ എണ്ണം നോക്കി കൃഷിഭവനിലേക്ക് വളം അലോട്ടുചെയ്യേണ്ടതും തെങ്ങിൻെറ എണ്ണം നോക്കി വളം കൃഷിക്കാർക്ക് വിതരണം ചെയ്യേണ്ടതുമാണ്.

**കവുങ്ങ്**

പണ്ട് ചൊവ്വക്കേടുമൂലം കവുങ്ങുകൃഷി ഏറെക്കുറെ നശിച്ചുപോയിരുന്നു. ആ സ്ഥലത്താണ് പിന്നീട് തെങ്ങ്കൃഷി വ്യാപിച്ചത്. എന്നാൽ തെങ്ങിന് കാററുവീഴ്ച രോഗം വ്യാപിക്കുകയും അതിന് പ്രതിവിധി കണ്ടെത്താൻ സാധിക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ കർഷകരുടെ ശ്രദ്ധ ഇപ്പോൾ കവുങ്ങു കൃഷിയിലേക്ക് തിരിഞ്ഞിട്ടുണ്ട്. നല്ലഇനം കവുങ്ങിൻതൈകൾ ഈ പഞ്ചായത്തിൽ നിന്നും കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

## നേന്ത്രവാഴകൃഷി

ജില്ലയിൽ ഏററവും കൂടുതൽ വാഴകൃഷി ചെയ്യുന്ന പഞ്ചായത്തുകളിൽ ഒന്നാണ് പറപ്പൂക്കര പാട്ടത്തിനും അല്ലാതെയും വൻതോതിൽ ഇവിടെ വാഴ കൃഷിചെയ്തുവരുന്നു. മുളങ്ങ്, തൊട്ടിപ്പാൾ പന്തല്ലൂർ എന്നീ വാർഡുകളിൽ നേന്ത്രവാഴ കൃഷി വ്യാപകമാണ്. ഈ കൃഷി നല്ല നിലയിൽ നടത്തുന്നതിന് കൃഷിക്കാർക്ക് സമയാസമയങ്ങളിൽ വേണ്ട സാമ്പത്തിക സഹായം ലഭിക്കുന്ന

തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഒരു നിയോജക മണ്ഡലത്തിൽ പഴം, പച്ചക്കറി സ്റ്റാളുകൾ സ്ഥാപിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിലെ വാഴകൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നത്തിന് നല്ലവില ലഭിക്കുന്നതിനുവേണ്ടി തൊട്ടിപ്പാറ, പന്തല്ലൂർ എന്നീ ഭാഗങ്ങളിൽ സംഭരണ യൂണിറ്റുകൾ അനുവദിക്കേണ്ടതാണ്.

## പച്ചക്കറികൃഷി

ഏകദേശം ഒരേക്കർ സ്ഥലം മുളങ്ങിലും പാലക്കടവിലും പുള്ളിശ്ശേരിക്കടവിലും പുഴ നികന്ന് കിടപ്പുണ്ട്. ഈ പുറമ്പോക്ക് ഭൂമിയിൽ പച്ചക്കറി കൃഷിചെയ്യുന്നതിന് പഞ്ചായത്തു മുഖാന്തിരം ഒരു നിശ്ചിത കാലത്തേയ്ക്ക് പാട്ടത്തിന് കൊടുക്കുകയാണെങ്കിൽ ധാരാളം പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിക്കും. പഞ്ചായത്തിലെ പരമ്പരാഗത പച്ചക്കറി കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ വിത്തും വളവും സൗജന്യനിരക്കിൽ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം. തന്നെയല്ല ഓരോ വീട്ടിലും അതതു വീട്ടുകാർക്ക് ആവശ്യമുള്ള പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് വേണ്ട പ്രചരണവും പരിശീലനവും നൽകണം. കമ്പോസ്റ്റ് കുഴികൾ ഓരോ വീട്ടിലും ഉണ്ടാക്കുന്നതിനു സംവിധാനം ഏർപ്പെടുത്തണം. അതിനുവേണ്ട ധനസഹായവും നൽകണം. ഗ്രാമ പ്രദേശമായതുകൊണ്ട് പ്രാദേശിക വിഭവങ്ങൾ പരമാവധി ഉണ്ടാക്കുന്നതിനാണ് ശ്രമിക്കേണ്ടത്. ഉദാഹരണമായി മുരിങ്ങ, ചുരയ്ക്ക, ചതുരൻ പയർ, അമര, പച്ചമുളക്, കറിവേപ്പില, ചീര, കോവയ്ക്ക, ഇഞ്ചി, മഞ്ഞൾ, എന്നിവയും വെണ്ട, വഴുതിന, മത്തൻ, കുമ്പളം, വെള്ളരി, പാവയ്ക്ക, പടവലം എന്നിവയും സ്ഥലത്തിൻെറ സൗകര്യം അനുസരിച്ച് കൃഷി ചെയ്യാവുന്നതാണ്.

## കശുമാവ്

പഞ്ചായത്തിലെ XI-ാം വാർഡായ ആലത്തൂരിൽ കശുമാവു കൃഷിക്ക് സാദ്ധ്യതകളുണ്ട്. ഈ പഞ്ചായത്തിൽ ഏററവും കൂടുതൽ തരിശുഭൂമിയുള്ള സ്ഥലം ഇവിടെയാണ്, മാത്രമല്ല ഉയന്ന പ്രദേശവുമാണ്.

## ജാതി

ചെറിയ തോതിൽ ജാതികൃഷി തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ചെയ്തു വരുന്നു. മൊത്തത്തിൽ പറഞ്ഞാൽ പുതിയ കൃഷി സമ്പ്രദായത്തിൽ നെൽകൃഷിയായാലും നാളികേരമായാലും വിളവ് കൂടുതലായി ഉണ്ടായിട്ടുണ്ട്. പക്ഷെ നെൽകൃഷിയുടെ വിസ്തീർണ്ണം അവിശ്വസനീയമായ വിധത്തിൽ കുറഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിൽ 14 കർഷക സമിതികളും ഒരു കേരസമിതിയും പ്രവർത്തിക്കുന്നുണ്ട്.

# പറപ്പൂക്കര ഗ്രാമ പഞ്ചായത്ത്

## 3-7 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| | | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് എണ്ണം | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം ഹെക്ടർ | കായ്ക്കാത്തത് എണ്ണം | കായ്ക്കുന്നത് എണ്ണം | ആകെ എണ്ണം | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മണ്ട ഉള്ളവ | ആകെ |
| 1 | 143 h | 12047 | 23652 | 35699 | 3953 | 516 | 246 | 95 | — | 4810 |
| 2 | 69 h | 5283 | 12018 | 17301 | 1009 | 345 | 112 | 72 | — | 6348 |
| 3 | 57 h | 2555 | 11584 | 14139 | 2017 | 324 | 76 | 61 | — | 2478 |
| 4 | 97 h | 9000 | 15370 | 24370 | 2293 | 345 | 58 | 46 | — | 2742 |
| 5 | 66 h | 4000 | 12562 | 16562 | 2300 | 365 | 65 | 36 | — | 2766 |
| 6 | 66 h | 4124 | 12342 | 16466 | 1171 | 117 | 97 | 25 | — | 1649 |
| 7 | 57 h | 4629 | 9682 | 14311 | 926 | 105 | 44 | 16 | — | 1091 |
| 8 | 67 h | 4813 | 11892 | 16705 | 946 | 179 | 36 | 22 | — | 1183 |
| 9 | 90 h | 6824 | 15775 | 22599 | 1602 | 246 | 71 | 28 | — | 1947 |
| 10 | 70 h | 4926 | 12492 | 17418 | 1246 | 216 | 46 | 19 | — | 1527 |
| 11 | 91 h | 8720 | 14026 | 22746 | 1738 | 315 | 65 | 28 | — | 2146 |
| ആകെ | 873 h | 66921 | 151395 | 218316 | 19201 | 3073 | 916 | 448 | — | 28670 |

# കൃഷിഭവൻ

പറപ്പൂക്കര പഞ്ചായത്ത് കൃഷിഭവൻ 1-9-87 ലാണ് നിലവിൽ വന്നത്. കൃഷിഭവനിലൂടെ നടപ്പാക്കുന്ന പദ്ധതികളാണ് ചുവടെ ചേർക്കുന്നത്.

## നെൽകൃഷി വികസന പദ്ധതികൾ

പുതിയ ഇനം വിത്തുകൾ കൂട്ടുകൃഷി ചെയ്യുന്നതിനായുള്ളതാണ്. അംഗീകൃത വിത്തുല്പാദന സമിതി ഇതിനായി രജിസ്റ്റർ ചെയ്ത ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾക്ക് കൃഷി വകുപ്പിൽ നിന്നും സൗജന്യമായി നെൽവിത്തു നൽകുന്നു. ശാസ്ത്രീയമായി കൃഷി ചെയ്തുണ്ടാക്കുന്ന വിത്ത് തുടർന്നുവരുന്ന കൃഷിക്കായി ഉപയോഗിക്കുന്ന പദ്ധതിയാണിത്. നെൽകൃഷിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതികൾ മുഖേന 50% സബ്സിഡി നിരക്കിൽ ട്രാക്ടർ, ടില്ലർ, മെതിയന്ത്രം എന്നിവ നല്കി വരുന്നു.

ഓരോ പൂവിലും കൃഷി ചെയ്യുന്നവർക്ക് സമിതി മുഖേന ഉല്പാദന ബോണസ് ആയി ഹെക്ടറിനു 250 രൂപ എന്ന നിരക്കിൽ വിതരണം ചെയ്യുന്നു. നെൽകൃഷിക്കു മാത്രമായി ഉപയോഗിക്കുന്ന മോട്ടോറിന്റെ വൈദ്യുതിചാർജ് സൗജന്യമാക്കിയിട്ടുണ്ട്. യന്ത്രവൽക്കരണവും സംയോജിത കീടനിയന്ത്രണവും മററു ശാസ്ത്രീയ പരിചരണവും നൽകിയാൽ ഇപ്പോഴുള്ള ഉല്പാദനക്ഷമത കൂട്ടുവാനും കൃഷിച്ചിലവിൽ ഹെക്ടറിനു 1000-1500 രൂപയുടെ കുറവ് ഉണ്ടാക്കുവാനും കഴിയും.

## തെങ്ങ്

## സമഗ്ര നളികേര വികസന പദ്ധതി

ഗ്രൂപ്പ് മാനേജ്മെൻറ് പ്രദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ കേരസമിതി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുണ്ട്. ചുരുങ്ങിയത് 30 സെൻറ് ഭൂമിയുള്ള കർഷകനു പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാണ്. വായ്പാബന്ധിതമായി കിണർ കുഴിക്കുന്നതിനും, പമ്പുസെററുകൾ സ്ഥാപിക്കുന്നതിനും 33⅓ സബ്സിഡിയോ പരമാവധി 2500 രൂപയോ നൽകും. തെങ്ങിൽ മരുന്നു തളിക്കുന്നതിനായി ചവിട്ടു പമ്പിനു 1000 രൂപ സബ്സിഡിയും തെങ്ങുകയററ യന്ത്രങ്ങൾക്ക് 50% സബ്സിഡിയും ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതിക്ക് 50 % സബ്സിഡിയോ പരമാവധി 10, 000 രൂപയോ നൽകും. കൂടാതെ പച്ചില വളച്ചെടിയുടെ വിത്ത് 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

## കാററുവീഴ്ച ബാധിച്ച തെങ്ങ് മുറിച്ചുമാററൽ

നാളികേര ബോർഡ് നടപ്പാക്കുന്ന പദ്ധതിയാണിത്. രോഗം വന്ന തെങ്ങുകൾ മുറിച്ചു മാററുന്നതിനായി 200രൂപ ബോർഡ് ധനസഹായം നൽകുന്നു. കഴിഞ്ഞ 95-96 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 1600 തെങ്ങുകൾ മുറിച്ചുമാററുകയുണ്ടായി. തെങ്ങിനാവശ്യമായ വളവും സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

## നടീൽ വസ്തുക്കൾ

1996 ൽ കൃഷിഭവനിലൂടെ 1600 WCT തെങ്ങിൻ തൈകളും 70 D×T തൈകളും 100 T×D തൈകളും വിതരണം ചെയ്തിട്ടുണ്ട്. തെങ്ങിന്റെ ഉല്പാദനക്ഷമത വദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം.

**കുരുമുളക്**

കുറഞ്ഞത് 50 സെൻറ് ഭൂമിയുള്ള കൃഷിക്കാർക്ക് പുതുതായി കുരുമുളക് വച്ചു പിടിപ്പിക്കുന്നതിന് 3 വർഷത്തേക്ക് രാസവളവും കീടനാശിനിയും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. കുരുമുളക് കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്

**നടീൽ വസ്തുക്കളുടെ വിതരണം**

പദ്ധതി പ്രകാരം 2000 വേരുപിടിപ്പിച്ച കുരുമുളകു വള്ളികൾ കൃഷിഭവനിലൂടെ 1996 ൽ വിതരണം ചെയ്തിട്ടുണ്ട്.

**കവുങ്ങ് കൃഷി**

കാററുവീഴ്ച രോഗം മൂലം ദുരിതമനുഭവിക്കുന്ന കേരകർഷകർക്ക് പ്രചോദനമായിട്ടുണ്ട് പഞ്ചായത്തിലെ കവുങ്ങ് കൃഷി. 1996 ൽ 200 മംഗള കവുങ്ങിൻ തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. മേൽത്തരം നടീൽ വസ്തു സൗജന്യ നിരക്കിൽ ലഭിക്കുകയാണെങ്കിൽ കവുങ്ങിൻെറ ഉല്പാദനം കൂട്ടുവാൻ കഴിയും.

**പച്ചക്കറി കൃഷി**

1996 ൽ കൃഷിഭവൻ വഴിയായി സൗജന്യമായി 300 കർഷകർക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയുണ്ടായി. ഈ കൃഷിക്ക് കൂടുതൽ പദ്ധതികൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

**സുഗന്ധ വിളകൃഷി**

പദ്ധതി പ്രകാരം 25 സെൻറ് സ്ഥലത്ത് ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ കൃഷിചെയ്യുന്ന കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ കീടനാശിനിയും സാമ്പത്തിക സഹായവും നല്കിവരുന്നു.

**ഫലവർഗ്ഗ കൃഷി**

ഫലവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടീൽ വസ്തുക്കൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

**കശുമാവ് കൃഷി**

കശുമാവ് കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി 1996 ൽ 100 കശുമാവിൻ തൈകൾ വിതരണം ചെയ്യുകയുണ്ടായി.

**കൃഷിയിൽ പ്ലാസ്ററിക്കിൻെറ ഉപയോഗം**

തെങ്ങുകൃഷിക്ക് ശാസ്ത്രീയമായി കണിക ജലസേചനം നടത്തുന്നതിന് ഹെക്ടറിന് 50% സബ്സിഡിയോ പരമാവധി 15000 രൂപയോ ആണ് സബ്സിഡി. ഉദ്യാനകൃഷി പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി ഓക്കിഡ് ആന്തൂറിയം കൃഷിക്കും 50% സബ്സിഡിയുണ്ട്

**പ്രത്യേക ഘടക പദ്ധതി**

പ്രത്യേക പദ്ധതി പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് കിണർ കുഴിക്കുന്നതിന് 6000രൂപ സബ്സിഡി നല്കുന്നുണ്ട്. കോളനികളിൽ കാർഷിക ഉപകരണങ്ങൾ, പമ്പുസെററുകൾ എന്നിവ വാങ്ങാനും സബ്സിഡി ലഭ്യമാണ്. ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിനും സബ്സിഡി ലഭിക്കുന്നു.

**പ്രകൃതിക്ഷോഭ ദുരിതാശ്വാസം**

പ്രകൃതി ക്ഷോഭം മൂലം കാർഷിക വിളകൾ നഷ്ടപ്പെടുന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരത്തുക നൽകുന്ന പദ്ധതിയാണിത്

**വിള ഇൻഷുറൻസ് പദ്ധതി**

നിശ്ചിത പ്രീമിയം അടച്ച് വിവിധ കാർഷികവിളകൾ ഇൻഷ്വർ ചെയ്യുന്ന കർഷകർക്ക് പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിക്കുന്ന പക്ഷം ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുന്നു 1995 – 96 സാമ്പത്തിക വർഷത്തിൽ 135 പേർ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ട്.

**യുവജന തൊഴിൽദാന പദ്ധതി**

ഈ പദ്ധതി പ്രകാരം കൃഷിഭവനിൽ അംഗത്വം നേടിയിട്ടുള്ള യുവാക്കൾക്ക് വിവിധ കൃഷികൾക്കായി ആനുകൂല്യങ്ങൾ നൽകി വരുന്നു. മൃഗസംരക്ഷണവകുപ്പ്, ക്ഷീരോല്പാദനവകുപ്പ് എന്നിവയിൽ നിന്നുള്ള ആനുകൂല്യങ്ങൾക്കും ഇവർ അർഹരാണ്. 102 യുവജനങ്ങൾ ഈ പദ്ധതിയിലെ അംഗങ്ങളാണ്.

**മണ്ണു പരിശോധന**

ശാസ്ത്രീയമായി വളപ്രയോഗം ഉറപ്പുവരുത്തുന്നതിന് കൃഷിവകുപ്പ് മുഖേന മണ്ണ് പരിശോധന സൗജന്യമായി ചെയ്തു കൊടുക്കുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗത്തിലൂടെ അമിതമായതും അപര്യാപ്തമായതുമായ വളപ്രയോഗം ഒഴിവാക്കാൻ കഴിയും

## പറപ്പൂക്കര പഞ്ചായത്ത്

### നടീൽ വസ്തു വിതരണം

എണ്ണം

| ഇനം | 1993 - 94 | 1994 - 95 | 1995 – 96 |
|---|---|---|---|
| തെങ്ങ് | 280 | 440 | 979 |
| കശുമാവ് | – | – | 50 |
| കുരുമുളക് | – | 8500 | 2500 |
| കവുങ്ങ് | – | – | 539 |
| ജാതി | – | 200 | – |

## പറപ്പൂക്കര പഞ്ചായത്ത്

### രാസവള കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | 1993 - 94 രാസ വളം (ടൺ) | 1993 - 94 കീടനാശിനി ദ്രവം (kg) | 1993 - 94 കീടനാശിനി ഖരം (kg) | 1994 – 95 രാസ വളം (ടൺ) | 1994 – 95 കീടനാശിനി ദ്രവം (kg) | 1994 – 95 കീടനാശിനി ഖരം (kg) | 1995 - 96 രാസ വളം (ടൺ) | 1995 - 96 കീടനാശിനി ദ്രവം (kg) | 1995 - 96 കീടനാശിനി ഖരം (kg) |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | 45 | 148 | 1760 | 48 | 136 | 1820 | 49 | 154 | 1661 |
| | സ്വകാര്യം | 61 | 196 | 2820 | 59 | 178 | 2665 | 57 | 145 | 2546 |

## പറപ്പൂക്കര ഗ്രാമ പഞ്ചായത്ത്

### ജലസേചന സംവിധാനങ്ങൾ

| പൊതു ജല സേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | അയക്കെട്ട് (Hc) |
|---|---|---|---|---|
| 19 | — | 13 | 3 | 48 |

# ജലസേചനം

ഈ പഞ്ചായത്തിന്റെ കിഴക്ക് വടക്ക് പടിഞ്ഞാറുഭാഗത്തുകൂടി കുറുമാലിപുഴയും കരുവന്നൂർ പുഴയും, കോന്തിപുലം തോടും ഏതാണ്ട് തെക്കേഭാഗത്തുകൂടി ഇല്ലപ്പൻകാവ് തോടും (വില്ലിച്ചിറ തോട് എന്നും പറയും) ഒഴുകുന്നു. അതുകൊണ്ട് ഇറിഗേഷൻ പദ്ധതികൾക്ക് ധാരാളം സാദ്ധ്യതയുള്ള ഒരു പഞ്ചായത്താണ് ഇത്. പീച്ചി, ചിമ്മിനി, ചാലക്കുടി എന്നീ പദ്ധതികളുടേയും പ്രയോജനം ലഭിക്കും. കുറുമാലി പുഴയിലെ മാഞ്ഞാംകുഴി റെഗുലേറ്റർ, നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പന്തല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവ ഈ പഞ്ചായത്തിലാണ്. ഇതിനുപുറമെ ഇല്ലപ്പൻകാവ്, സ്ലൂസ്, വില്ലിച്ചിറ സ്ലൂസ്, കോണിക്കൻചിറ എന്നിവയിൽ വെള്ളം നിർത്തി കൃഷിക്ക് ഉപയോഗിക്കുന്നുണ്ട്. മാഞ്ഞാംകുഴി റെഗുലേറ്ററിൽ ഷട്ടർ ഇട്ട് കുറുമാലി പുഴയിൽ നിന്ന് വെള്ളം തിരിച്ചുവിട്ട് പാറാത്തോട് ഭാഗത്തും ധനുകുളം ചിറയിലും ധനു പത്തു മുതൽ കുംഭം പത്തുവരെ വെള്ളം കെട്ടിനിർത്തി താഴെ തൊട്ടിപ്പാൾ പറപ്പൂക്കര ആനന്ദപുരം വില്ലേജുകളിൽ പെട്ട പുഞ്ചനിലങ്ങളിലേക്ക് വെള്ളം വിട്ടുകൊടുക്കുന്ന ഒരു പദ്ധതിയും പണ്ട് കൊച്ചി ഗവർമെണ്ടിന്റെ കാലം തൊട്ട് നടന്നുവരുന്നുണ്ട് എന്നാൽ ഡിപ്പാർട്ടുമെന്റുകളുടെ അനാസ്ഥ മൂലവും വേണ്ട സമയത്തു വേണ്ടതു പ്രവർത്തിക്കാത്തതുമൂലവും ഇവയുടെ പ്രയോജനം മുഴുവനും കൃഷിക്കാർക്കു ലഭിക്കുന്നില്ല. മേൽകാണിച്ച പദ്ധതികൾക്കു പുറമെ കടുംകൃഷിസംഘങ്ങൾ നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമുണ്ട്. മുളങ്ങ് കടുംകൃഷിസംഘം, തൊട്ടിപ്പാൾ, മുളങ്ങ് കടുംകൃഷിസംഘം തുടങ്ങിയവ

മേൽക്കാണിച്ച പദ്ധതികളെല്ലാം തന്നെ നിലവിലുള്ള താഴ്ന്നനിലങ്ങളിലേക്ക് മാത്രം പ്രയോജനപ്പെടുന്നവയാണ്. ഉയർന്ന ഭാഗത്തേക്ക് വെള്ളം എത്തിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിനും പല പദ്ധതികളും വേണം. അവ എല്ലാ ഗ്രാമസഭകളിലും ശക്തമായി തന്നെ ഉന്നയിക്കപ്പെടുകയുണ്ടായി. കാര്യമായ വ്യവസായങ്ങൾ ഒന്നും ഇല്ലാത്ത ഈ പഞ്ചായത്തിൽ കൃഷിക്കു തന്നെയാണ് പ്രാധാന്യം. അതാണ് ജീവസന്ധാരണത്തിനുള്ള വഴിയും. ഈ പഞ്ചായത്തിലേക്ക് ദൈവദത്തമായ ഒരു ദാനമാണ് വെള്ളം അത് വേണ്ടവിധത്തിൽ ഉപയോഗിച്ചാൽ ദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുവാൻ സാധിക്കും. വിവിധ ഗ്രാമസഭകളിൽ ഉന്നയിച്ച ജലസേചന പദ്ധതികളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു അവ പരിശോധിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് പ്രാവർത്തികമാക്കേണ്ടതാണ്.

# ഗ്രാമസഭകളിൽ ആവശ്യപ്പെട്ടിട്ടുള്ള ഇറിഗേഷൻ പദ്ധതികൾ

## 1 മാഞ്ഞാംകുഴി റെഗുലേറ്റർ

കുറുമാലിപുഴയിൽ തൊട്ടിപ്പാളിനും ചെറുവാളിനും ഇടയ്ക്ക് നിർമ്മിച്ചിരിക്കുന്ന ഒരു ബ്രിഡ്ജ് കം റെഗുലേറ്റർ ആണ് ഇത്. ഇതിന് 12 അടി വീതിയുള്ള 15 മരഷട്ടറുകളും 25 അടി വീതിയുള്ള ഒരു ഇരുമ്പുഷട്ടറുമാണ് ഉള്ളത്. ചിമ്മിനി പദ്ധതി വന്നതോടുകൂടി ഇതിന്റെ പ്രാധാന്യം വളരെ അധികം വർദ്ധിച്ചിട്ടുണ്ട്. ചിമ്മിനിഡാമിന്റെ താഴെ കുറുമാലി പുഴയിൽ ഉള്ള ഏക റെഗുലേറ്റർ ആണ് ഇത്. ഇതിന്റെ ഷട്ടർ ഇട്ട് പുഴയിൽ വെള്ളം സംഭരിച്ചാണ് പറാത്തോടുവഴി മുറിയാട് കോൾനിലങ്ങളിലേക്ക് വെള്ളം കൊടുക്കുന്നത്. ഇതിനുപുറമെ റെഗുലേറ്ററിന്റേതായി ഉദ്ദേശം 1000 ഏക്കറോളം കൃഷിഭൂമി പറപ്പൂക്കര, തൊട്ടിപ്പാൾ, ആറാട്ടുപുഴ എന്നീ വില്ലേജുകളിൽ ആയക്കെട്ട് ആയി ഉണ്ട്. ഇതിന്റെ പ്രയോജനം ചേർപ്പ് പഞ്ചായത്ത്, നന്മണിക്കര പഞ്ചായത്ത് പുതുക്കാട് പഞ്ചായത്ത്, പറപ്പൂക്കര പഞ്ചായത്ത് എന്നീ സ്ഥലങ്ങളിൽ വ്യാപിച്ചു കിടക്കുന്നു.

71 കോണിക്കൽ ചിറയിൽനിന്നും വെള്ളം തിരിക്കുന്ന തോടുകൾ നന്നാക്കി ഭിത്തികൾ കെട്ടി കൃഷിയിടങ്ങളിലേക്ക് ജലസേചനത്തിന് സൗകര്യപ്പെടുത്തുക.

72 തൃപ്പംകാവ് ചിറയുടെ ഇരുവശവും കെട്ടി സംരക്ഷിക്കുക

73 കുളത്തൂർ ചാലിൽ നിന്നും പടിഞ്ഞാറെ തോട്ടിലേക്കു പോകുന്ന തോട് വൃത്തിയാക്കുക

74 ചാലിലേക്ക് വെള്ളം വരുന്ന തോട് വൃത്തിയാക്കുക

75 പാലക്കഴി പാലത്തിനു താഴെ ചിറകെട്ടി വെള്ളം ശേഖരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക

76 ശങ്കരകുളം വൃത്തിയാക്കി താഴ്ത്തി ഉപയോഗ്യമാക്കുക

77 ഉള്ളാട്ടുകുളം, പാമ്പാട്ടികുളം എന്നിവയുടെ നാലുവശവും കെട്ടി സംരക്ഷിക്കുക
കാരക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക

78 കഴിക്കാനി തോട്ടിലെ കന്നാലിക്കടവ് കെട്ടുക

79 പുഴയോരങ്ങളിലെ ഇരുവശവും കരിങ്കൽ കെട്ടി സംരക്ഷിക്കുക

80 കാരകാട്ടുക്കടവ് തോടിന്റെ ഇരുവശവും കരിങ്കൽ കെട്ടി സംരക്ഷിക്കുകയും ഈ തോടിന്റെ ഇടക്ക് തടയണ ഇട്ടുകൊടുക്കുകയും ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. ആലത്തൂർ കട്ടാടൻ പാടത്ത് ഏകദേശം 800 പറ നിലമുണ്ട് ഇതിന്റെ നടുവിൽ കൂടി 20 അടി വീതിയുള്ള തോടുണ്ട്. ഈ തോടിന്റെ ഇരുവശവും കെട്ടി സംരക്ഷിക്കുക

81 തൃപ്പംകാവ് തോട്ടിൽ നിന്നും കുളത്തൂർ ചാൽവഴി ഏകദേശം 100 പറ നിലം ഇപ്പോഴുള്ള ചാലിന്റെ സൈഡ് കെട്ടി കൃഷി ചെയ്യാനുണ്ട്. എന്നാൽ ഇപ്പോഴുള്ള ചാലിന്റെ സൈഡ് കെട്ടി കൃഷിയെ സംരക്ഷിക്കുക.

82 തൊട്ടിപ്പാറ - നെടുമ്പാറ പള്ളം പ്രദേശത്ത് തൊട്ടിപ്പാറ കുമാലി ബണ്ട് റോഡിനും ഇടയിലുള്ള പഞ്ചായത്ത് കുളം വൃത്തിയാക്കി ഉപയോഗ്യമാക്കുക.

# മത്സ്യബന്ധനം

പറപ്പൂക്കര പഞ്ചായത്തിൽ മത്സ്യ ബന്ധനത്തിലേർപ്പെട്ടവർ താരതമ്യേന കുറവാണ്. പഞ്ചായത്തിലെ ഏകദേശം അഞ്ചു വാർഡുകളിലാണ് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർ ഉള്ളത്. അവർക്കു തന്നെ ഈ തൊഴിലിനെ മാത്രം ആശ്രയിച്ച് ജീവിക്കുവാൻ സാധിക്കുന്നില്ല. എന്നാൽ സർക്കാരിന്റെ വിവിധ പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കുകയാണെങ്കിൽ മത്സ്യബന്ധനം ഒരു സ്ഥിരം വരുമാനമാർഗ്ഗമായി മാറ്റുവാൻ കഴിയും. മുൻകാലങ്ങളിൽ നെൽകൃഷി ചെയ്തിരുന്ന വയലുകൾ ഭൂരിഭാഗവും കളിമൺവ്യവസായത്തിനും നാടൻ ഇഷ്ടികനിർമ്മാണത്തിനും വേണ്ടി വിവേചനരഹിതമായി താഴ്ത്തിയതുകൊണ്ട് കുഴികളായി അവശേഷിച്ചിരിക്കുകയാണ്. ഏകദേശം 150 ഹെക്ടർ വിസ്തീർണ്ണം വരുന്നതും നെൽകൃഷി അസാധ്യമായതുമായ ഈ കുഴികളിൽ കുളവാഴ, ആഫ്രിക്കൻ പായൽ മുതലായ കളകൾ വളന്ന് വ്യാപകമായ തോതിൽ കൊതുക വർദ്ധിക്കുന്നതിനു കാരണമാകുന്നു. അത് ഈ പഞ്ചായത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ ആരോഗ്യപ്രശ്നങ്ങൾ ഉളവാക്കിയിട്ടുണ്ട്. ഈ പ്രവണത വർഷം തോറും ഗുരുതരമായിക്കൊണ്ടിരിക്കുന്നു. ശരിയായ ആസൂത്രണത്തോടെ നടപ്പിലാക്കാവുന്ന മത്സ്യകൃഷി പഞ്ചായത്തിന്റെ സാമ്പത്തിക അഭിവൃദ്ധിക്കും മേൽപ്രസ്താവിച്ച ആരോഗ്യപ്രശ്നങ്ങളും പരിഹാരമാകുന്നതാണ്. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ ആശ്വാസം കണ്ടെത്തുന്നതിനും അനുബന്ധവ്യവസായങ്ങളുടെ വളർച്ചക്ക് പ്രേരകമായിരിക്കും ഈ പദ്ധതി

## പ്രശ്നങ്ങളും സാധ്യതകളും

അടുത്തകാലത്തുണ്ടായിരുന്ന മത്സ്യരോഗം മൂലം ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്തിന് ഗണ്യമായ നാശം സംഭവിച്ചിട്ടുണ്ട്. അശാസ്ത്രീയമായ മത്സ്യബന്ധനരീതി മത്സ്യക്കുഞ്ഞുങ്ങളുടെയും ചെറുമത്സ്യങ്ങളുടേയും നാശത്തിനു കാരണമാകുകയും തദ്വാര മൊത്തം മത്സ്യ സമ്പത്ത് കുറയാൻ ഇടയാകുകയും ചെയ്തു. സാങ്കേതികമായ പരിജ്ഞാനക്കുറവും ആവശ്യമായ നല്ലയിനം മത്സ്യക്കുഞ്ഞുങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രയാസവും ഇപ്പോൾ ലഭ്യമായ സൗകര്യങ്ങൾപോലും ഫലവത്തായി ഉപായാഗപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല.

മത്സ്യരോഗത്തിന് ഒരു പ്രധാനകാരണമായി അറിയപ്പെടുന്ന കീടനാശിനികളുടെ അമിതപ്രയോഗം നിയന്ത്രിക്കുക. ആയതിനുവേണ്ടി കർഷകരെ ബോധവൽക്കരിക്കുക. മത്സ്യബന്ധനത്തിനുവേണ്ടി ജലാശയങ്ങളിൽ വിഷം കലത്തുന്നതും 'തോട്ട' മുതലായ സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്നതും കർശനമായി തടയുക. ഈ പഞ്ചായത്തിലെ ഇഷ്ടികക്കുഴികൾ മത്സ്യം വളത്തുന്നതിന് അനുയോജ്യമായ കുളങ്ങളാക്കി രൂപപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. മത്സ്യകൃഷിയിൽ തല്പരരായ കർഷകക്ക് വേണ്ട വിദഗ്ദ്ധ പരിശീലനം നൽകുകയും പ്രാദേശിക കാലാവസ്ഥയ്ക്ക് അനുയോജ്യമായ നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യുക. ഈ മേഖലയിൽ സംസ്ഥാന സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 'Single Window System' എന്ന നിലയിൽ പഞ്ചായത്തടിസ്ഥാനത്തിൽ 'മത്സ്യഭവൻ' ആരംഭിക്കുകയും അതിൻെറ പ്രയോജനം മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകക്കും ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സൈക്കിൾ, വള്ളം, വല എന്നിവ ലഭ്യമാക്കുകയും ക്ഷേമനിധി ഏർപ്പെടുത്തുകയും ചെയ്യുക. നന്തിക്കരയിൽ പ്രവത്തിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘത്തിൻെറ മെച്ചപ്പെട്ട പ്രവത്തനത്തിന് സഹായകമായ നടപടികൾ സ്വീകരിക്കുക.

# മൃഗസംരക്ഷണം

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര പഞ്ചായത്ത് ഇന്നും കാർഷിക പ്രധാനമായ നാടാണ്. ഇവിടത്തെ ജനസംഖ്യയിൽ ഭൂരിഭാഗവും ചെറുകിട കൃഷിക്കാരാണ്. അവർക്ക് കൃഷികൊണ്ടുമാത്രം ഉപജീവനം നിലനിത്താൻ കഴിയില്ല. മൃഗസംരക്ഷണവും മത്സ്യബന്ധനവും കൂടിയായാൽ ഇന്നത്തെക്കാൾ ജീവിതം സുരക്ഷിതമാക്കാവുന്നതാണ്.

നിർദ്ദേശങ്ങൾ:–

1 പറപ്പൂക്കര പഞ്ചായത്തിലെ മൃഗാശുപത്രി എല്ലാവിധ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മൃഗാശുപത്രിയായി സ്ഥാപിക്കുക

2 ക്ഷീരവ്യവസായ സംഘം വഴി ക്ഷീരകർഷകർക്ക് കറവുമാടുകളെ ലഭ്യമാക്കുക

3 ആട്, കോഴി, പന്നി, എന്നിവ വളർത്തുന്നതിന് ബാങ്ക് വഴി സബ്സിഡിയോടുകൂടിയ ധനസഹായം വിതരണം ചെയ്യുക

4 കാലിത്തീററ സബ്സിഡിയോടുകൂടി വിതരണം ചെയ്യുക

5 എല്ലാവാർഡിലും മൃഗാശുപത്രിയുടെ സബ്സെൻറർ തുറക്കുക. പന്തല്ലൂർ വാർഡിലെ മോബെയിൽ യൂണിററ് എല്ലാ ദിവസങ്ങളിലും പ്രവർത്തിപ്പിക്കുക.

6 കന്നുകാലികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് മുഖാന്തിരം പദ്ധതി നടപ്പിൽ വരുത്തുക

7 കന്നുകാലികൾക്ക് പുല്ല് ലഭിക്കുന്നതിന് വിത്ത്, വളം എന്നിവ സൗജന്യമായി സർക്കാർ മുഖാന്തിരം നൽകുവാൻ തയ്യാറാക്കുക.

8 പഞ്ചായത്തിലെ മൃഗാശുപത്രിയുടെ പ്രവർത്തനം മുഴുവൻ സമയം ആക്കുക.

9 പാൽ സംഭരിക്കുന്നതിനും സംസ്കരണത്തിനും ഒരു പ്ലാന്റ് പഞ്ചായത്തിൽ സ്ഥാപിക്കുക.

10 ഒരു ആട് വളർത്താൻ യൂണിറ്റ് ആരംഭിക്കുക

11 ഒരു കാലിത്തീറ്റ ഉൽപാദനയൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കുക

12 ഹരിജനങ്ങൾക്ക് കറവുമാടുകളെ വിതരണം ചെയ്യുന്ന സ്കീം എല്ലാ വാർഡിലും നടപ്പിലാക്കണം.

13 ശുദ്ധമായ മാംസം ജനങ്ങൾക്ക് ലഭിക്കുന്നതിന് വേണ്ടി പഞ്ചായത്തിന് സ്വന്തമായി ആധുനിക രീതിയിലുള്ള കശാപ്പുശാല ഉണ്ടാക്കുക. മൃഗങ്ങളുടെ തോല് സംഭരിച്ച് ചെരിപ്പ്, ബാഗ് തുടങ്ങിയ ഉപയോഗ്യവസ്തുക്കൾ ഉണ്ടാക്കുവാൻ പഞ്ചായത്തിൽ സൗകര്യം ഉണ്ടാക്കുകയും ഉൽപ്പാദനവസ്തുക്കൾ വിപണനം നടത്തുന്നതിന്‌വേണ്ടി സൗകര്യം ഏർപ്പെടുത്തുക

14 ഈ മേഖലകളിൽ വിശദമായ പഠനം നടത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പാൽ, മുട്ട, മാംസം എന്നിവയെക്കുറിച്ച് സമഗ്രമായ പഠനം വേണം. പ്രാഥമിക മേഖലയെക്കുറിച്ചും സമഗ്രമായ പഠനം ആവശ്യമാണ്. പ്രാദേശിക വിഭവത്തിൽ പരമാവധി പ്രയോജനപ്പെടുത്തി.കൊണ്ട് സമഗ്രമായ വികസന പദ്ധതികൾ തയ്യാറാക്കി സാമൂഹ്യസാമ്പത്തിക മേഖലയെ മെച്ചപ്പെടുത്തേണ്ടതുണ്ട്.

15 കോഴി, താറാവ്, കാട എന്നിവ വളർത്തുന്നതിന് ഇവയുടെ കുഞ്ഞുങ്ങളെ സൗജന്യമായി നൽകാൻ പദ്ധതി ഏർപ്പെടുത്തുക

16 വാർഡുതോറും 5 പേർക്ക് പഞ്ചായത്ത് മുഖാന്തിരം, കോഴി, താറാവ് കാട എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ സ്വയംതൊഴിൽ പദ്ധതി പ്രകാരം നൽകുക

17 പക്ഷികൾക്ക് രോഗപ്രതിരോധ മരുന്നുകൾ നല്കുന്നതിന് നടപടി ആരംഭിക്കുക

18 പന്നി, മുയൽ എന്നിവയെ സ്വയം തൊഴിൽ പ്രകാരം വളർത്തുന്നതിന് പഞ്ചായത്ത് മുഖാന്തിരം പദ്ധതി ഏർപ്പെടുത്തുക. ഇവർക്ക് വേണ്ട വിദഗ്ധോപദേശം നൽകാനുള്ള സൗകര്യം ഏർപ്പെടുത്തുക.

## പറപ്പൂക്കര ഗ്രാമപഞ്ചായത്തിലേക്ക് മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പാക്കാവുന്ന പദ്ധതികളുടെ ലിസ്റ്റ് ( 1996 – 97 വർഷത്തേക്ക് )

1 3 പശുക്കളടങ്ങുന്ന മിനി ഡയറി യൂണിറ്റുകൾ — 30 എണ്ണം

2 2 ആടുകൾ അടങ്ങുന്ന മിനി ആടുവളർത്തൽ യൂണിറ്റുകൾ — 60 എണ്ണം

3 6 ആടുകൾ അടങ്ങുന്ന മെഗായൂണിറ്റുകൾ — 20 എണ്ണം

4 6 പന്നികൾ അടങ്ങുന്ന പന്നിവളർത്തൽ യൂണിറ്റുകൾ — 15 എണ്ണം

5 12 മുയലുകൾ അടങ്ങുന്ന മുയൽവളർത്തൽ യൂണിറ്റുകൾ — 25 എണ്ണം

6 രണ്ടാഴ്ചയിലൊരിക്കൽ 250 ബ്രോയിലർ കോഴികളെ പുറത്തിറക്കാവുന്ന വലിയതോതിലുള്ള ബ്രോയിലർ കോഴി വളർത്തൽ യൂണിറ്റുകൾ — 8 എണ്ണം

7 ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തി 60 ദിവസം പ്രായമാകുമ്പോൾ വില്ലാവുന്ന മുട്ടക്കോഴി വളർത്തൽ യൂണിററുകൾ ( 2 ആഴ്ചയിലൊരിക്കൽ 250 വീതം കുഞ്ഞുങ്ങളെ വിതരണം ചെയ്യാവുന്നതാണ് ) — 2 എണ്ണം

8 സ്കൂൾ പൗൾട്ടി ക്ലബ്ബ്:- പഞ്ചായത്തിലെ 200 സ്കൂൾ കുട്ടികൾക്ക് 2 മാസം പ്രായമുള്ള 5 കോഴി കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യാനുള്ള പദ്ധതി.

9 500 താറാവുകളെ ഉൾക്കൊള്ളുന്ന 5 താറാവു വളർത്തൽ യൂണിററുകൾ

10 10 താറാവുകൾ വീതമുള്ള 30 മിനി താറാവു യൂണിററുകൾ

11 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ കീഴിൽ 4 മുതൽ 32 മാസം വരെ പ്രായമുള്ള കിടാവുകൾക്ക് പകുതി വിലക്ക് കാലിത്തീററയും സൗജന്യ ഇൻഷുറൻസും നല്കുന്ന പദ്ധതിയിലേക്ക് ടി. പഞ്ചായത്തിൽ പ്രതിവർഷം 500 കന്നുകുട്ടികളെ രജിസ്റ്റർ ചെയ്യുക.

12 മാസ്ററർ പോളിസി പ്രകാരം പഞ്ചായത്തിൽ 600 കറവുമാടുകളെ ഓരോ വർഷവും സൗജന്യനിരക്കിൽ ഇൻഷുർ ചെയ്യാനുള്ള പദ്ധതി.

13 വളർത്തുനായ്ക്കൾക്ക് നിർബന്ധമായി ലൈസൻസ് ഏർപ്പെടുത്തുക. അലഞ്ഞുനടക്കുന്ന നായ്ക്കളെ പൂർണ്ണമായും നശിപ്പിക്കുക. പ്രതിവർഷം പഞ്ചായത്തിലുള്ള മുഴവൻ നായ്ക്കളേയും സൗജന്യനിരക്കിൽ കുത്തിവെയ്പ് നടത്തുക.
(ഉദ്ദേശ്യം 500 ഡോസ് വാക്സിൻ വേണ്ടിവരും)

14 വളരെ ലാഭകരമായ ലവ് ബേർഡ്സ് വളർത്തൽ പദ്ധതിയിലേക്ക് വീട്ടമ്മമാരെ ആകർഷിക്കുവാൻ 15 മോഡൽ യൂണിററുകൾ നടപ്പിലാക്കുക.

15 മൃഗാശുപത്രിയുടെ വികസനം മരുന്നുകൾ, വാക്സിനുകൾ, ഉപകരണങ്ങൾ, രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിന് ഫണ്ട് കണ്ടെത്തൽ റിപ്പയറിങ്ങിനുള്ള പണം കണ്ടെത്തുക

16 500 പശുക്കൾക്ക് ഒന്ന് എന്ന നിരക്കിൽ 3 വെററിനറി സബ്സെൻററുകൾ സ്ഥാപിക്കണം.

17 കർഷകർക്കാവശ്യമുള്ള പുൽവിത്ത് മൃഗാശുപത്രി വഴിയായി സൗജന്യമായി വിതരണം നടത്താനുള്ള പദ്ധതി

# വിദ്യാഭ്യാസം

ഈ നൂററാണ്ടിന്റെ ആരംഭം മുതൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ പ്രാചീന വിദ്യാഭ്യാസരീതി നിലനിന്നിരുന്നു. കുടിപ്പള്ളിക്കൂടങ്ങൾ എന്ന വ്യവസ്ഥയനുസരിച്ച് വിദ്യാഭ്യാസം ഉയർന്ന സമ്പന്നവിഭാഗക്കാർക്ക് മാത്രമായി സംവരണം ചെയ്തിരുന്നു. 1893 – ൽ നെല്ലായി പ്രദേശത്ത് തൃശ്ശൂർ സുറിയാനി പാലം പാഠശാല സ്ഥാപിച്ച പാഠശാലയാണ് ഈ പഞ്ചായത്തിലെ പ്രഥമവിദ്യാലയം വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാതിരുന്നതിനാൽ ഈ പാഠശാല 1896 ൽ പറപ്പൂക്കര സെൻറ് ജോൺസ് ഫൊറോന പള്ളിവക കെട്ടിടത്തിലേക്ക് ഗവൺമെൻറ് ഉടമസ്ഥതയിൽ മാററി സ്ഥാപിക്കുകയുണ്ടായി. നന്തിക്കര ദേശത്ത് മഠത്തിവീട്ടിൽ നാണുമേനോൻ വക കെട്ടിടത്തിൽ 3-12-1909 ൽ സ്ഥാപിതമായ പെൺപള്ളിക്കൂടവും പ്രാഥമിക വിദ്യാഭ്യാസം സ്ത്രീകൾക്ക് നല്കി വന്നിരുന്നു. 1938–ൽ സ്ഥാപിതമായ കെ. എസ്. യു. പി. സ്കൂളും പ്രാഥമിക വിദ്യാഭ്യാസം നല്കുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട് പിന്നോക്കവിഭാഗക്കാരും മററുള്ളവരും വിദ്യ അഭ്യസിക്കുന്നതിൽ വിമുഖത കാണിച്ചിരുന്നു. സാമ്പത്തിക പരാധീനതകളും ജാതിവ്യവസ്ഥകളും ഇതിന് മുഖ്യകാരണങ്ങളാണ്.

പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ പല മേഖലകളിലും താമസിച്ചിരുന്നവർ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി ചാലക്കുടി, ഒല്ലൂർ എന്നീ സ്ഥലങ്ങളിലേക്ക് കാൽനടയായി സഞ്ചരിച്ചിരുന്നു 1940 ന് ശേഷം സ്ഥാപിതമായ പുതുക്കാട് സെന്റ് ആന്റണീസ് ഹൈസ്കൂൾ, 1952 ൽ സ്ഥാപിതമായ പറപ്പൂക്കര പി. വി. എസ് ഹൈസ്കൂളും പറപ്പൂക്കര പഞ്ചായത്തിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസരംഗത്തെ അത്താണികളായിരുന്നു. ചേപ്പ് പഞ്ചായത്തിലെ സി. എൻ. എൻ. ഹൈസ്കൂൾ നമ്മുടെ പഞ്ചായത്തിലെ സംസ്കൃതവിദ്വാന്മാർക്കും ജന്മം നല്കിയിട്ടുണ്ട്.

1956 ൽ കേരള സംസ്ഥാന പിറവിക്കു ശേഷം പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുന്നതിൽ ഗവൺമെന്റ് പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ശ്രീ. ജോസഫ് മുണ്ടശ്ശേരിയുടെ പുതിയ വിദ്യാഭ്യാസബില്ലും, ഭൂപരിഷ്ക്കരണ പ്രസ്ഥാനത്തിന്റെ തുടക്കവും നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക വീക്ഷണത്തിൽ ദൂരവ്യാപകമായ പങ്കുവഹിച്ചിട്ടുണ്ട്. ഇതിനുശേഷം സ്ത്രീവിദ്യാഭ്യാസവും വളരെയധികം ഉന്നതിയിലെത്തി.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ എല്ലാവർക്കും വിദ്യാഭ്യാസം ലഭിക്കുന്നതിന്ന് ആവശ്യമായ സൗകര്യങ്ങളുണ്ട്. പുതിയ ഗതാഗതസൗകര്യങ്ങൾ തൃശ്ശൂർ ജില്ലയുടെ വിവിധഭാഗങ്ങളിലുള്ളതായ കോളേജുകളിലും മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാഭ്യാസം സാധ്യമാക്കുന്നതിന്ന് ഈ പഞ്ചായത്തിലെ ജനങ്ങളെ സഹായിക്കുന്നു. സമീപസ്ഥലങ്ങളിൽ ഉയർന്നുവന്നിട്ടുള്ളതായ അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ നവീന വിദ്യാഭ്യാസ മേഖലയിലെ പ്രചാരണ മേഖലയായി മാറിക്കൊണ്ടിരിക്കുകയാണ്.

ഒമ്പതാം പദ്ധതി - ജനകീയ പദ്ധതിയായി ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലും പറപ്പൂക്കര പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥി - വിദ്യാർത്ഥിനികളുടേയും അനുപാതം പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലും വിദ്യാഭ്യാസ മേഖലയിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ പതിനൊന്നു വാർഡുകളിൽ മുളങ്ങ്, നെടുമ്പാൾ, കൊളത്തൂർ എന്നീ വാർഡുകളിലൊഴികെ എല്ലാ വാർഡുകളിലും ഓരോ ലോവർപ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നു, തൊട്ടിപ്പാൾ, നന്തിക്കര, പന്തല്ലൂർ എന്നീ വാർഡുകളിൽ അപ്പർ പ്രൈമറിസ്കൂളുകൾ പ്രവർത്തിക്കുന്നു. നന്തിക്കര പറപ്പൂക്കര എന്നീ വാഡുകളിൽ ഓരോ ഹൈസ്ക്കൂളും നന്തിക്കരയിലുള്ള ഗവൺമെന്റ് ഹൈസ്ക്കൂളിനോട് അനുബന്ധിച്ച് ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളും പ്രവർത്തിച്ചുവരുന്നു. ജനസംഖ്യാനുപാതം അനുസരിച്ച് ആകെ ഇരുപത്തേഴ് അംഗൻവാടികൾ ഈ പഞ്ചായത്തിൽ ഉണ്ട് അതിൽ പകുതിയിലധികവും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തവയും ചെറിയ വീടുകളിലോ, ഓലഷെഡുകളിലോ പ്രവത്തിക്കുന്നവയുമാണ് അനൗപചാരികവിദ്യാഭ്യാസമേഖലയിലെ പുരോഗതിയും ആശാവഹമല്ല, എണ്ണത്തിൽ 25 ൽ അധികം കലാസമിതികളും പത്തോളം സ്കൂൾ ഗ്രാമീണവായനശാലകളും ഒരു പഞ്ചായത്ത് ലൈബ്രറിയും ഉണ്ടെങ്കിലും ഇവയെന്നും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നില്ല. ഇപ്പോൾ കിട്ടിവരുന്നതായ തുച്ഛമായ ഗ്രാന്റ് കൊണ്ട് പുതിയ പുസ്തകങ്ങൾ വാങ്ങുവാനോ വായനാശീലം പ്രോത്സാഹിപ്പിക്കുവാനോ സാധിക്കുന്നില്ല. കലാസമിതികളുടെ പ്രവർത്തനമാണെങ്കിൽ നാമമാത്രമാണ് വഷംതോറും കലാകായികമത്സരങ്ങൾ നടത്തുവാനോ മറ്റു സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ ജനങ്ങളെ ഉൽബുദ്ധരാക്കാനോ സാധ്യമല്ലാത്ത സ്ഥിതിയാണ് ഇന്ന്. സാക്ഷരതാ പ്രവത്തനവും വയോജന വിദ്യാഭ്യാസവും പാടെ നിലച്ച മട്ടാണ്. ജനകീയ ഉദ്ധാരണ പ്രവത്തനങ്ങൾ ഒന്നും തന്നെ തരപ്പെടാത്ത നിലയിലാണ് ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസരംഗം.

പഠനഗുണനിലവാരത്തിൻെറ കാര്യത്തിൽ വേണ്ടത്ര കാര്യക്ഷമതയില്ലാത്തതിനാലാകാം ഓരോ വാർഡിലേയും 25-30 ശതമാനം കുട്ടികളും അകലെയുള്ള പട്ടണപ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ വളരെയധികം ചിലവും യാത്രാക്ലേശവും സഹിച്ച് പഠിക്കുവാൻ താല്പര്യം കാണിക്കുന്നുണ്ട് എല്ലാ സ്കൂളുകളിലും പി. ടി. എ വേണ്ടത്ര കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു മില്ല തൊട്ടിപ്പാറ കെ. എസ്. യു പി സ്കൂളിലും പറപ്പൂക്കര പി. വി. എസ് ഹൈസ്കൂളിലും ആകെ ഇരുപതിലധികം ക്ലാസ്മുറികൾ വെറുതെ കിടന്ന് നശിച്ചുകൊണ്ടിരിക്കുന്നു. ലഭ്യമായ കണക്കുകളുടെയും ഗ്രാമസഭാനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ കാണിക്കുന്ന ഉദ്ധാരണ സംരക്ഷണ നടപടികൾ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിൽ ആവശ്യമാണെന്നു കാണുന്നു.

1 പഞ്ചായത്തിലെ എല്ലാവാർഡുകളേയും സംയോജിപ്പിച്ച് ജനകീയടിസ്ഥാനത്തിൽ ഒരു വിദ്യാഭ്യാസ സംരക്ഷണ സമിതി രൂപീകരിക്കേണ്ടത് ആവശ്യമാണ്. പഠനഗുണനിലവാരം, അച്ചടക്കരാഹിത്യം എന്നീ കാര്യങ്ങളിൽ സംരക്ഷണസമിതിയുടെ തീരുമാനങ്ങൾ സ്വീകരിക്കേണ്ടതാകുന്നു. വാർഡുമെമ്പർമാർ ഓരോ അദ്ധ്യയനവർഷത്തിൻെറ തുടക്കത്തിലും ഇതിലേക്കായി ഓരോ നോമിനികളെ തിരഞ്ഞെടുത്ത് കൊടുക്കേണ്ടതും അവരിൽനിന്ന് ഭൂരിപക്ഷാഭിപ്രായത്തിൽ ചെയർമാനെ തിരഞ്ഞെടുക്കേണ്ടതും ആകുന്നു. ഈ സമിതിയും പി. ടി. എ. യും കൂടിയുള്ള സംയുക്തബോധവൽക്കരണം വീടുകൾ തോറും നടത്തേണ്ടതാണ്. ആഴ്ചയിൽ ഓരോ മണിക്കൂർ വീതം ബോധവൽക്കരണ ക്ലാസ്സുകൾ നിർബന്ധമായും നടത്തേണ്ടതും ഓരോ വിദ്യാർത്ഥിയിൽ നിന്നും ഈ ആവശ്യത്തിലേക്കായി മാസംതോറും അഞ്ചുരൂപ ഫീസ് ഈടാക്കാവുന്നതും ആകുന്നു.

2 ഓരോ പഞ്ചായത്തിലേയും വിദ്യാർത്ഥികൾ അതതു പഞ്ചായത്തുകളിൽ തന്നെ പഠിക്കുന്നതാണ് അഭികാമ്യം. സ്വന്തം പഞ്ചായത്തിൽ തന്നെ വിദ്യഅഭ്യസിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. പുറമെ വിദ്യാഭ്യാസം നടത്തുന്ന കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും പ്രത്യേക ഫീസ് ഈടാക്കാവുന്നതായാൽ നന്നായിരിക്കും. ഓരോ ക്ലാസ്സുകളിലും കൂടുതൽ മാർക്ക് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് നൂറുരൂപയിൽ കുറയാത്ത ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ഓരോ ക്ലാസ്സിനും വിജയശതമാനത്തിൻെറ അടിസ്ഥാനത്തിൽ പോയിൻെറ് നിശ്ചയിച്ച് ഏറ്റവും കൂടുതൽ പോയിൻെറ് കിട്ടുന്ന സ്കൂളിന് ട്രോഫിയും വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള സാമ്പത്തികാനുകൂല്യങ്ങളും നൽകേണ്ടതാണ്.

3 പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേയും പഠനഗുണനിലവാരം ഉയർത്തുന്നതിന് സംരക്ഷണസമിതി പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്. പരീക്ഷനടത്തിപ്പ് കലാകായിക പ്രവർത്തനങ്ങൾ എന്നിവ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4 പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ഒഴിഞ്ഞു കിടക്കുന്ന ക്ലാസ്സുമുറികൾ ഉപയോഗിക്കുന്നതിനും പഞ്ചായത്തിന് പുറത്തുള്ള സ്കൂളുകളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും വേണ്ടി സംരക്ഷണ സമിതിയുടെ മേൽനോട്ടത്തിൽ ഗവൺമെൻെറ് അംഗീകാരത്തോടെ എയിഡഡ് / അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ്. അദ്ധ്യാപക നിയമനവും ശമ്പളവും മററുവ്യവസ്ഥകളും സംരക്ഷണ സമിതിയുടെ അംഗീകാരത്തിന് വിധേയമായി മാനേജ്മെൻററിന് ചെയ്യാവുന്നതുമാണ്.

5 പറപ്പൂക്കര, നന്തിക്കര എന്നീ സ്കൂളുകളിൽ പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതായാൽ ഈ പഞ്ചായത്തിലെ ഹൈസ്കൂൾ തലം കഴിഞ്ഞു വരുന്ന കുട്ടികളെ ആകർഷിക്കുവാൻ സാധിക്കും. പുതിയ യൂണിവേഴ്സിററി നിയമപ്രകാരം ഇതിനു വളരെയധികം സാധ്യതയാണുള്ളത്. സംരക്ഷണ സമിതിയുടെ അഭിപ്രായം ഈ വിഷയത്തിൽ വളരെയധികം വിലമതിക്കുന്നതായിരിക്കും.

6 പറപ്പൂക്കര പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും സ്ഥലവും സ്വന്തമായി കെട്ടിടവും നിർമ്മിച്ച് നൽകുകയും ആഴ്ചയിൽ ഒരു ദിവസമെങ്കിലും സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാഭ്യാസം, സംസ്കാരം, അച്ചടക്കം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണക്ലാസ്സുകൾ നടത്തുകയും ചെയ്യേണ്ടതാണ്. ഓരോ അംഗത്തിൽ നിന്നും തുച്ഛമായ ഫീസ് ഈടാക്കി ബോധവൽക്കരണ ചിലവിലേക്ക് വരവുവെക്കേണ്ടതും ഗൃഹാന്തരീക്ഷം, ആരോഗ്യം ശുചിത്വം എന്നീ വിഷയങ്ങളിൽ പരീക്ഷ നടത്തി ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നല്കേണ്ടതുമാകുന്നു. അതു വഴി മേല്പറഞ്ഞ കാര്യങ്ങൾ മത്സരബുദ്ധിയോടെ നടപ്പിലാക്കാനും, സ്വായത്തമാക്കാനും ജനങ്ങൾ തയ്യാറാവും

7 നമ്മുടെ പഞ്ചായത്തിലെ സ്കൂളുകൾ കായികവിദ്യാഭ്യാസത്തിൽ വളരെ പിന്നിലാണ് വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ മേൽനോട്ടത്തിൽ എല്ലാ സ്കൂളുകളിലും ഈ വിഷയത്തിൽ പ്രത്യേകം അദ്ധ്യാപകരെ നിയമിച്ച് ഗുണമേന്മയാർന്ന വിദ്യാഭ്യാസരീതി നടപ്പിലാക്കണം. കലാസാഹിത്യ രംഗങ്ങളിൽ പ്രത്യേകം അദ്ധ്യാപകരെ നിയമിക്കേണ്ടതും വിദ്യാർത്ഥികളിൽ വായനശീലം, കലാഭിരുചി എന്നിവ വളർത്തുന്നതിനു വേണ്ടി ലൈബ്രറി, ന്യൂസ്പേപ്പർ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതും ആകുന്നു.

8 വിദ്യാർത്ഥി അനുപാദത്തിന്റെ അടിസ്ഥാനത്തിൽ രാപ്പാൾ, ആലത്തൂർ എന്നീ വാർഡുകളിലെ എൽ. പി. സ്കൂളുകളെ U P സ്കൂളുകളാക്കി ഉയർത്തേണ്ടതാണ്. രണ്ടരകിലോ മീററിനുള്ളിൽ സ്കൂളുകളില്ലാത്തതിനാൽ രാപ്പാളിലെ യു. പി. സ്കൂൾ പ്രത്യേകം പരിഗണിക്കേണ്ടതാണ്.

9 നന്തിക്കര ഗവ. ഹൈസ്കൂൾ തലത്തിൽ നിന്നും എൽ. പി. വിഭാഗം മാററി സ്ഥാപിക്കുന്നതായാൽ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുവാൻ സാധിക്കും. നന്തിക്കര ഹൈസ്കൂൾ വികസന സമിതി മുൻകൈയെടുത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം വേഗത്തിലാക്കാൻ സത്വര നടപടി സ്വീകരിച്ചാൽ മേൽ പറഞ്ഞകാര്യം ഉടൻ പ്രാവർത്തികമാക്കാൻ സാധിക്കും.

10 ഹൈസ്കൂൾ പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കി മററു ഉന്നതപഠനത്തിന് പോകാതിരിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനുവേണ്ടി ഒരു ഐ. ടി. ഐ. നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. 4, 7, 10 എന്നീ ക്ലാസ്സുകൾ വരെ പഠിച്ച് തൊഴിൽ പഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ ജോലിസാധ്യത വർദ്ധിപ്പിക്കുന്നതിനും അവരെ പരിശീലിപ്പിക്കുന്നതിനും വേണ്ടി വ്യാവസായിക സ്കൂൾ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

11 സ്വന്തമായി സ്ഥലമോ, വാട്ടർസപ്ലൈ, ഇലക്ട്രിസിററി, മൂത്രപ്പുര, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാത്ത പഞ്ചായത്തിലെ സ്കൂളുകൾക്ക്, ആവശ്യമായ സ്ഥലം വാങ്ങുന്നതിനും, മററു സൗകര്യങ്ങളൊരുക്കുന്നതിനും വേണ്ട ധനസഹായം നൽകേണ്ടതാണ്. ശതാബ്ദിയിലെത്തി നിൽക്കുന്ന പറപ്പൂക്കര ഗവ: എൽ. പി. സ്കൂളിന്റെ സ്ഥലപരിമിതിയുടെ കാര്യം പ്രത്യേകം പരിഗണന അർഹിക്കുന്നു.

മേൽപറഞ്ഞ സംഗതികൾ എല്ലാം തന്നെയും പറപ്പൂക്കര പഞ്ചായത്തിലെ ഇന്നത്തെ പൊതുസ്ഥിതിയനുസരിച്ചുള്ള സാധ്യതകൾ ആണ്. വിദ്യാഭ്യാസരംഗത്തെ മൂല്യശോഷണം, അഴിമതി, അമിതമായ രാഷ്ട്രീയ വൽക്കരണം എന്നിവ പരിഹരിക്കേണ്ടതും വിദ്യാഭ്യാസ സംരക്ഷണസമിതി ഈ കാര്യത്തിൽ ഉന്നതനിലവാരം പുലർത്തേണ്ടതും ആകുന്നു. വിദ്യാഭ്യാസ മേഖലയിലെ എല്ലാ ജനങ്ങളും രാഷ്ട്രീയാതീത വീക്ഷണം പുലർത്തേണ്ടതും വളരെ അത്യാവശ്യമാണ്. ഓൾ പ്രമോഷൻ സ്കൂൾ തലത്തിൽ നിർത്തലാക്കേണ്ടതും കാര്യക്ഷമതയോടെ പരീക്ഷ നടത്തി വിജയശതമാനം നിശ്ചയിക്കേണ്ടതും അത്യാവശ്യമാണെന്നാണ് പൊതു അഭിപ്രായം. താഴെ തന്നിരിക്കുന്ന സ്ഥിതിവിവരകണക്കുകൾ പരിശോധിച്ചാൽ വ്യക്തമായ ചില നിഗമനങ്ങളിലെത്തിച്ചേരാം.

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

## സ്കൂൾ ചേരി തിരിച്ചുള്ള കണക്കുകൾ: അനുബന്ധം-

| ഹൈസ്ക്കൂൾ | | | യു. പി. സ്ക്കൂൾ | | | എൽ. പി, സ്ക്കൂൾ | | | പാരൽകോളേജ് |
|---|---|---|---|---|---|---|---|---|---|
| സർക്കാർ | എയിഡഡ് | ആകെ | സർക്കാർ | എയിഡഡ് | ആകെ | സർക്കാർ | എയിഡഡ് | ആകെ | |
| 1 | 1 | 2 | 1 | 2 | 3 | 2 | 6 | 8 | 6 |

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

അദ്ധ്യാപക വിദ്യാർത്ഥി സ്ഥിതി വിവരണക്കണക്കകൾ

അനുബന്ധം-2

| സ്കൂൾ വിഭാഗം | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ഹൈസ്ക്കൂൾ | 13 | 46 | 59 | 422 | 363 | 785 |
| അപ്പർ പ്രൈമറിസ്ക്കൂൾ | 7 | 31 | 38 | 517 | 463 | 980 |
| ലോവർ പ്രൈമറിസ്ക്കൂൾ | 3 | 23 | 26 | 745 | 696 | 1441 |
| ആകെ | 23 | 100 | 123 | 1684 | 1522 | 3206 |

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

അക്കാദമിക് നിലവാരം ഹൈസ്ക്കൂൾ തലത്തിൽ

പി, വി. എസ്. ഹൈസ്ക്കൂൾ പറപ്പൂക്കര 1995–96 അനുബന്ധം 3 (a)

| ക്ലാസ്സ് | 30%-ൽ താഴെ | 30-40% | 40-50% | 50-60% | 60%ൽ കൂടുതൽ | ആകെ | വിജയ ശതമാനം |
|---|---|---|---|---|---|---|---|
| 8 | 86 | 19 | 19 | 12 | 7 | 143 | |
| 9 | 46 | 22 | 13 | 5 | 19 | 105 | |
| 10 | 54 | 23 | 14 | 7 | 11 | 109 | 49.45% |

ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ നന്തിക്കര 1995-96

അനുബന്ധം 3 (b)

| ക്ലാസ്സ് | 30%ൽ താഴെ | 30-40% | 40-50% | 50-60% | 60%ൽ കൂടുതൽ | ആകെ | |
|---|---|---|---|---|---|---|---|
| 8 | 32 | 72 | 23 | 16 | 22 | 165 | |
| 9 | 29 | 61 | 20 | 12 | 23 | 145 | |
| 10 | 33 | 20 | 25 | 10 | 22 | 110 | 69.6% |

അനുബന്ധം 4 (a)

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

വിദ്യാർത്ഥി–വിദ്യാർത്ഥിനി അനുപാതം 1995-96 (എൽ. പി. തലത്തിൽ)

| സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ | പട്ടികജാതി/ പട്ടികവർഗ്ഗം ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|
| കെ എസ് യു പി എസ് തൊട്ടിപ്പാറം | 107 | 118 | 225 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| ജി എൽ പി എസ് പറപ്പൂക്കര | 177 | 158 | 335 | 35 | 20 | 55 |
| എ എൽ പി എസ് പോങ്കോത്ര | 112 | 88 | 200 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| കെ എൽ പി എസ് രാപ്പാറം | 63 | 39 | 102 | 11 | 3 | 14 |
| ജി വി എച്ച് എസ് എസ് നന്തിക്കര | 143 | 137 | 280 | 30 | 20 | 50 |
| ജെ യു പി എസ് പന്തല്ലൂർ | 60 | 55 | 115 | 15 | 12 | 27 |
| എ എൽ പി എസ് ആലത്തൂർ | 83 | 101 | 184 | 9 | 18 | 27 |
| ആകെ | 745 | 696 | 1441 | | | |

അനുബന്ധം 4 (B)

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

വിദ്യാർത്ഥി–വിദ്യാർത്ഥിനി അനുപാതം 1995 – 96 ( യു. പീ. തലത്തിൽ )

| സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ | പട്ടികജാതി / പട്ടികവർഗ്ഗം ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|
| കെ. എസ്. യു. പി. എസ്. തൊട്ടിപ്പാറം | 85 | 90 | 175 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| എ. യു. പി. എസ്. പറപ്പൂക്കര | 149 | 157 | 306 | 30 | 37 | 67 |
| ജി. വി. എച്ച്. എസ്. എസ്. നന്തിക്കര | 211 | 172 | 383 | 56 | 33 | 89 |
| ജെ. യു. പി. എസ്. പന്തല്ലൂർ | 72 | 44 | 116 | 24 | 15 | 39 |
| ആകെ | 517 | 463 | 980 | | | |

അനുബന്ധം 4 (C)

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

വിദ്യാർത്ഥി–വിദ്യാർത്ഥിനി അനുപാതം 1995 – 96 (ഹൈസ്കൂൾ തലത്തിൽ)

| സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ | പട്ടികജാതി / പട്ടികവർഗ്ഗം ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|
| പി. വി. എസ്. എച്ച്. എസ്. പറപ്പൂക്കര | 180 | 190 | 370 | 32 | 36 | 68 |
| ജി വി. എച്ച്. എസ്. എസ്. നന്തിക്കര | 242 | 173 | 415 | 48 | 39 | 87 |
| ആകെ | 422 | 363 | 785 | 80 | 75 | 155 |

അനുബന്ധം 5

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

## വിദ്യാഭ്യാസമേഖലയിൽ ചിലവ് സംബന്ധിച്ച കണക്ക്

| സ്കൂളിന്റെ പേര് | 94-95 അദ്ധ്യയനവർഷം | 95-96 അദ്ധ്യയനവർഷം | മുൻവർഷത്തേക്കാരം അധികം വന്ന തുക |
|---|---|---|---|
| കെ എസ് യു പി എസ് തൊട്ടിപ്പാറം | 7,33,308.00 | 8,31,188.00 | 9,7,880.00 |
| ജി എൽ പി എസ് പറപ്പൂക്കര | 6,80,944.00 | 8,00187.00 | 1,19,243.00 |
| എ യു പി എസ് പറപ്പൂക്കര | 4,08,179.00 | 5,44,681.00 | 1,36,502.00 |
| പി വി എസ് എച്ച് എസ് പറപ്പൂക്കര | 13,14,120.00 | 14,25,745.00 | 1,11,625.00 |
| എ എൽ പി എസ് പോങ്കോത്ര | 2,10 000.00 | 228550.00 | 18,550.00 |
| കെ എൽ പി എസ് രാപ്പാറം | 1,15,415.00 | 1,26,446.00 | 11,031.00 |
| ജി വി എച്ച് എസ് എസ് നന്തിക്കര | 23,29,996.00 | 24,98,545.00 | 1,68,549.00 |
| ജെ യു പി എസ് പന്തല്ലൂർ | 2,55,165.00 | 2,77,288.00 | 2,2,123.00 |
| എ എൽ പി എസ് ആലത്തൂർ | 2,16,545.00 | 2,39461.00 | 22,916.00 |
| ആകെ | 62,63,672.00 | 69,72,091.00 | 7,08 419.00 |

പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ 11 വാർഡുകളിലായി മൊത്തം 3206 വിദ്യാർത്ഥി വിദ്യാർത്ഥിനികരം പ്രാഥമിക ഹൈസ്കൂരംതല വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. 6500 പരം വീടുകളും 26600 ലധികം ജനസംഖ്യയുള്ളതായ ഈ പഞ്ചായത്തിലെ സാമാന്യക്കണക്കനുസരിച്ച് ഓരോ വീട്ടിലേയും ഒരു കുട്ടിയെങ്കിലും സ്കൂരം വിദ്യാഭ്യാസം നടത്തേണ്ടതാണ്. അതായത് 6500 വിദ്യാർത്ഥികളെങ്കിലും – എല്ലാ വിദ്യാലയങ്ങളിലായി പഠിക്കണമെന്നർത്ഥം. ഏകദേശം 50 ശതമാനത്തിൽ അധികം വരുന്ന ഈ വ്യത്യാസത്തിൽ പത്തു ശതമാനത്തോളം നിർബന്ധമായും വിദ്യ അഭ്യസിക്കുന്നില്ലെന്നും മററുള്ളവർ – പഞ്ചായത്തിനു പുറത്തുള്ളതായ വിദ്യാലയങ്ങളിൽ പഠിക്കുന്നതായും കണക്കാക്കാം.

അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും മൊത്തം ഒരു തൊല്പത്തെ ചിലവിന്റെ അനുപാതം പരിശോധിച്ചാൽ ഒരു അദ്ധ്യാപകൻ ശരാശരി 56683 കയിലധികം വാർഷികശമ്പളം വാങ്ങുന്നതായി കണക്കാക്കാം. ഓരോ വിദ്യാർത്ഥിക്കും വേണ്ടി ശരാശരി 2175 കയോളം വിദ്യാഭ്യാസ ആവശ്യത്തിലേക്കായി വർഷംതോറും നാം ചിലവഴിക്കുന്നു. വിദ്യാർത്ഥി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ശരാശരി ചിലവിൽ വലിയ വർദ്ധനവ് ഇല്ലെങ്കിലും വിദ്യാഭ്യാസ നിലവാരത്തിൽ നമ്മുടെ വിദ്യാർത്ഥികരം വളരെയധികം പിന്നിലാണ് എന്നതാണ് സത്യം. സ്വന്തമായ സാമാന്യവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നാം വളരെയധികം ശ്രദ്ധിക്കേണ്ടതാണെന്ന് ഓരോരുത്തരം സ്വയം തീരുമാനിക്കേണ്ടിയിരിക്കുന്നു.

## ഗ്രാമസഭയിൽ ഉയർന്നു വരുന്ന പൊതുവായ നിർദേശങ്ങൾ:–

1 നിലവിലുള്ള തൊട്ടിപ്പാറം കെ. എസ്. യു പി സ്കൂളിൽ പഠനനിലവാരം ഉയർത്തുവാൻ നടപടികരം സ്വീകരിക്കുക. സ്കൂളിലെ താഴ്ന്നവരുമാനക്കാർക്ക് സൗജന്യനിരക്കിൽ വസ്ത്രവും പഠനോപകരണങ്ങളും വിതരണം ചെയ്യുന്നതിന് നടപടികരം സ്വീകരിക്കുക.

2 ഒന്നാം വാർഡ് മുളങ്ങിലെ അംഗൻവാടികരംക്ക് സൗജന്യനിരക്കിൽ വൈദ്യുതികണക്ഷൻ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുക. ഒന്നാം വാർഡിൽ സ്കൂളുകളൊന്നും ഇല്ലാത്തതിനാൽ ഒരു വ്യാവസായികസ്കൂരം ആരംഭിക്കുക.

3 മൂന്ന്, നാല് വാർഡുകളെ കേന്ദ്രീകരിച്ച് ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.

4 പറപ്പൂക്കര ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും പ്ലസ് ടു കോഴ്സും അനുവദിക്കുക.

5 പറപ്പൂക്കര പഞ്ചായത്ത് സ്റ്റേഡിയം നാലുഭാഗവും മതിൽകെട്ടി കായികാഭ്യാസപരിശീലനം നല്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.

6 സാക്ഷരതാവിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം എന്നിവ ഊർജ്ജിതപ്പെടുത്തുക ഇതിനു വേണ്ടി പ്രത്യേക പരിഗണന നല്കണം.

7 പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടി പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തുക.

8 ആറാം വാർഡിൽ ( രാപ്പാൾ ) നിലവിലുള്ള പ്രൈവററ് എൽ. പി. സ്കൂൾ പഞ്ചായത്ത ഏറെറടുത്ത് സ്കൂളിൻെറ നിലവാരം ഉയർത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കുക. തൊട്ടടുത്ത യു. പി. സ്കൂളുകൾ ഇല്ലാത്തതിനാൽ ഈ സ്കൂൾ യു. പി. സ്കൂളായി ഉയർത്തേണ്ടതാണ്

9 നന്തിക്കര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളിൽ നിന്ന് എൽ. പി. വിഭാഗം വേർപ്പെടുത്തി പ്രൈമറിയിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുക. സ്ക്കൂൾഗ്രൗണ്ടിൽ ഒരു സ്റ്റേഡിയം പണിയണം. സ്കൂൾ വികസനസമിതിയുടെ സഹായത്തോടെ പണിയാനുദ്ദേശിക്കുന്ന ഇരു നിലക്കെട്ടിടത്തിന് അനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക. ഈ ആവശ്യത്തിലേക്ക് എസ്റ്റിമേററ് തുകയുടെ ഇരുപത്തഞ്ചു ശതമാനമായ 1, 11250 രൂപ വികസന സമിതി ഗവൺമെൻറിൽ അടച്ചിട്ടുണ്ട്.

10 എല്ലാ സ്കൂളുകളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുക. തൊഴിൽ പരിശീലനം നിർബ്ബന്ധമാക്കി 'ഓൾ പ്രമോഷൻ' സമ്പ്രദായം നിർത്തലാക്കുക.

11 വേണ്ടത്ര സൗകര്യങ്ങളില്ലാത്തതിനാൽ നിർത്തിവെക്കേണ്ടിവന്ന നന്തിക്കര സ്കൂളിലെ പുസ്തകനിർമ്മാണം പുനരാരംഭിക്കേണ്ടതാണ്.

12 ടി. വി, ക്രിക്കററ്, സിനിമ എന്നിവയുടെ അതിപ്രസരം കുട്ടികളുടെ പഠനതാല്പര്യം കുറയ്ക്കുന്നതു കൊണ്ട് വിദ്യാഭ്യാസസംരക്ഷണ സമിതി രൂപീകരിച്ച്, രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം.

13 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വിദ്യാഭ്യാസ സർവ്വെ നടത്തി പുതിയ അംഗൻവാടികൾ രൂപീകരിക്കുകയും, നിലവിലുള്ള വയ്ക്ക് സ്വന്തമായി സ്ഥലവും, കെട്ടിടവും, കളി ഉപകരണങ്ങളും നൽകാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുക. ഈ അംഗൻവാടികൾ കേന്ദ്രീകരിച്ച് സ്ത്രീകൾക്കും, അമ്മമാർക്കും ആവശ്യമായ അച്ചടക്ക, ആരോഗ്യ ശുചിത്വബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്.

14 പഞ്ചായത്തിലെ ജനങ്ങളുടെ വായനാശീലം വളർത്തുന്നതിനും വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി നിലവിലുള്ള വായനശാലകളുടെ സൗകര്യം മെച്ചപ്പെടുത്തുകയും, ഗ്രന്ഥശാലകളും വായനാശാലകളും ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

15 പതിനൊന്നാം വാർഡ് (ആലത്തൂർ) നിലവിലുള്ള എൽ പി സ്കൂൾ U Pസ്കൂളാക്കി ഉയർത്തുക. മററു സ്ഥലങ്ങളെ അപേക്ഷിച്ച് ഭൂമിക്ക് താരതമ്യേന വില കുറവായതുകൊണ്ട് ഇവിടെയൊരു ഐ. ടി. ഐ, വ്യാവസായിക സ്ക്കൂൾ, കായികവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള മിനിസ്റ്റേഡിയം തുടങ്ങിയവ സ്ഥാപിക്കാവുന്നതാണ്.

16 നവീന ശാസ്ത്രസാങ്കതികവിദ്യ സ്വായത്തമാക്കുന്നതിനുവേണ്ടി ഒരു കമ്പ്യൂട്ടർ സെൻറർ നന്തിക്കരയിലോ സമീപപ്രദേശങ്ങളിലോ സ്ഥാപിക്കേണ്ടതാണ്.

17 പറപ്പൂക്കര ഗവ: എൽ. പി. സ്ക്കൂളിൻെറ ശോചനീയാവസ്ഥ കണക്കിലെടുത്ത് സ്ക്കൂളിൻെറ അത്യാവശ്യസൗകര്യങ്ങൾക്ക് വേണ്ടി 10 സെൻററ് സ്ഥലമെങ്കിലും വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.

# ആരോഗ്യം

ഭാരതത്തിലെ 80% വരുന്ന ജനങ്ങളും അധിവസിക്കുന്ന ഗ്രാമങ്ങളുടെ വികസനത്തിന് ആരോഗ്യ സംപൂർണ്ണമായ ഒരു ജനത അതായിരിക്കണം നമ്മുടെ മുദ്രാവാക്യം. ഇക്കാര്യത്തിൽ കേരളം മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരു മാതൃകാ സംസ്ഥാനമാണ്. നമ്മുടെ ജനങ്ങളുടെ കുറഞ്ഞ മരണനിരക്ക് ഇതിനൊരുദാഹരണം മാത്രം.

ആയുർവേദത്തിനും, അലോപ്പതിയ്ക്കും, ഹോമിയോപ്പതിയ്ക്കും അതിനർഹിക്കുന്ന സ്ഥാനം പഞ്ചായത്തിൽ നിലനിന്നു വരുന്നു. എങ്ങും ഫലിക്കാതെ വന്നാൽ കാളൻ നെല്ലായി എന്ന ചൊല്ലും ഒരു കുഞ്ഞു ജനിച്ചനാൾ മുതൽ കുമാരൻ വൈദ്യരെ അന്വേഷിച്ച് രാപ്പാളിലേക്ക് ഒഴുകുന്ന ജനവും നമ്മുടെ ആയുർവേദ ചികിത്സയിലുള്ള വിശ്വാസവും വൈദഗ്ധ്യവും വിളിച്ചോതുന്നു.

ഏകദേശം 5 ദശാബ്ദങ്ങൾക്ക് മുമ്പ് സർക്കാർ ഉടമസ്ഥതയിൽ സ്ഥാപിച്ച ആയുർവേദ ഡിസ്പെൻസറിയാണ് പറപ്പൂക്കര പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പ്രഥമസ്ഥാപനം. ഇത് 1935ൽ സ്ഥാപിതമായി. ഒരു മെഡിക്കൽ ഓഫീസർ, ഒരു അററൻഡർ, ഒരു പാർട്ട് ടൈം സ്വീപ്പർ ഇത്രയുംപേർ ഇവിടെ ജോലിചെയ്യുന്നു. അലോപ്പതി ചികിത്സക്ക് 1990 ൽ പന്തല്ലൂരിൽ ഒരു ഹെൽത്ത് സെൻറർ സ്ഥാപിതമായി. ഇന്നും ബാലാരിഷ്ടതകളിൽ നീന്തി തുടിക്കുന്ന ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു കെട്ടിടമില്ല. ജനങ്ങൾ സംഭാവനയായി നല്കിയ ഒരേക്കറിലധികം വരുന്ന സ്ഥലത്ത് ഒരു കെട്ടിടം പണികഴിപ്പിച്ച് ഈ സ്ഥാപനത്തെ പറപ്പൂക്കര പഞ്ചായത്തിലെ ഉന്നത ആരോഗ്യകേന്ദ്രമാക്കിതീർക്കാൻ നാട്ടുകാർ ആഗ്രഹിക്കുന്നു. ഇവിടെ ഒരു മെഡിക്കൽ ഓഫീസറടക്കം 15 പേർ ജോലിനോക്കുന്നു. ഇതിന്റെ കീഴിൽ നാലു സബ്സെൻററുകളും പല വാർഡുകളിലായി പ്രവർത്തിയ്ക്കുന്നു. എല്ലാ വാർഡുകളിലും ആരോഗ്യപരിപാലനത്തിനുതകുന്ന ഓരോ സ്ഥാപനങ്ങൾ നിർമ്മിച്ച് ജനങ്ങളുടെ കഷ്ടപ്പാടുകൾക്ക് ഒരവസാനം കണ്ടെത്താൻ സർക്കാർ കാര്യമായി ശ്രദ്ധിക്കണം.

### പറപ്പൂക്കര പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ (സർക്കാർ തലത്തിൽ)

| No. | സ്ഥാപനം | വാർഡ് | സ്ഥാപിത വർഷം | ജീവനക്കാരുടെഎണ്ണം |
|---|---|---|---|---|
| 1 | ആയുർവേദ ഡിസ്പെൻസറി നന്തിക്കര | 7 | 1935 | 3 |
| 2 | P. H. C. പന്തല്ലൂർ | 9 | 1990 | 15 |
| 3 | സബ് സെൻറർ പന്തല്ലൂർ | 9 | | 1 |
| 4 | സബ് സെൻറർ പോങ്കോത്ര | 5 | | 1 |
| 5 | സബ് സെൻറർ തൊട്ടിപ്പാൾ | 2 | | 1 |
| 6 | സബ് സെൻറർ ആലത്തൂർ | 11 | | 1 |

### കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്പ്

| കുട്ടികൾ | ബി സി ജി | ഡി. പി. ററി | | | | പോളിയോ | | | | ഡിററി | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | BD | |
| 1 വയസ്സിൽ താഴെ | 387 | 268 | 258 | 214 | 34 | 240 | 228 | 167 | 22 | 62 | 6 | — | 174 |
| 1–3 വയസ്സ് | 78 | 60 | 57 | 58 | 266 | 60 | 57 | 58 | 248 | 5 | 4 | — | 116 |
| 3–6 വയസ്സ് | 136 | 110 | 107 | 106 | 207 | 111 | 109 | 105 | 106 | 111 | 100 | 17 | 83 |

ടെററനസ് ടോക്സോയിഡ് (T.T)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 181 | 144 | 22 |

ഇരുമ്പ്/ ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം – 93

ഇരുമ്പ്/ ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം – 412

വിററാമിൻ എ – തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 297

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം – 291

# പറപ്പൂക്കര പഞ്ചായത്തിലെ കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| | നോർമൽ | | 1–ാം ഗ്രേഡ് | | 2–ാം ഗ്രേഡ് | | 3–ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| പ്രായം | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1വയസ്സിൽ താഴെ | 171 | 160 | 80 | 45 | 13 | 4 | — | — |
| 1–3 വയസ്സ് | 252 | 229 | 36 | 31 | 5 | — | — | — |
| 3.6 വയസ്സ് | 360 | 293 | 152 | 140 | 23 | 22 | — | — |

1–ാം ഗ്രേഡ് — ലഘുവായ പോഷണകുറവുള്ളവർ

2–ാം ഗ്രേഡ് — മിതമായ പോഷണകുറവുള്ളവർ

3–ാം ഗ്രേഡ് .. ഗുരുതരമായ പോഷണകുറവുള്ളവർ

രോഗങ്ങൾ സംബന്ധിച്ച വിവരം – പ്രതിവർഷം (എണ്ണം)

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | വാതരോഗം എല്ലാ വിഭാഗവും | പകർച്ച, വ്യാധികൾ | വിഷ ചികിത്സ പാമ്പുകടി മുതലായവ | മററുള്ള രോഗങ്ങൾ |
|---|---|---|---|---|---|---|---|
| 1992 93 | | 12884 | 3221 | 6642 | 258 | 644 | 2319 |
| 1993–94 | | 14340 | 3585 | 7170 | 144 | 717 | 2724 |
| 1994–95 | | 16605 | 3321 | 9963 | | 664 | 2657 |
| 1995–96 | | 17078 | 4270 | 10247 | | 683 | 1878 |
| ആകെ | | 60907 | 14397 | 33823 | 402 | 2708 | 9578 |

പറപ്പൂക്കര പഞ്ചായത്തിലെ ആരോഗ്യസ്ഥിതിവിവരങ്ങൾ:- 5

1 ആകെ വീടുകൾ — 6500
   a ടെറസ് — 1400
   b ഓട് — 4600
   c ഓല — 390
   d മററുള്ളവ — 110

2 കക്കൂസുകൾ
   a സെപ്ററിക്ടാങ്ക് — 1639
   b ഇ. എസ്. പി. — 1320
   c മററുള്ളവ — 3541

3 കുടിവെള്ള സ്രോതസ്സ്:-
   a സാനിറററി വെൽ — 2025
   b സാധാരണ കിണർ — 1672
   c കുളം — 55
   b നദികൾ — 3
   e പൊതുവിതരണപൈപ്പ് — 105

4 തൊഴുത്ത്:-
   a വീടിനോട് ചേർന്നത് — 1925
   b പ്രത്യേകിച്ച് — 1716

5 കമ്പോസ്ററ് കുഴി:-
   a ഉള്ളവ — 2025
   b ഇല്ലാത്തവ — 4475

6 വൈദ്യുതി:-
   a വൈദ്യുതീകരിച്ചവ — 3541
   b അല്ലാത്തവ — 2895

7 ജനസംഖ്യ:- 26641 (1991)
   പുരുഷൻമാർ — 12961
   സ്ത്രീകൾ — 13680
   കുട്ടികൾ — 2958

8 പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ
   (സ്ത്രീയുടെ പ്രായക്രമം)
   a) 19 ൽ താഴെ — 48
   b) 20 – 24 — 568
   c) 25 – 29 — 715
   d) 30 – 34 — 952
   e) 35 – 39 — 827
   f) 40 – 44 — 319
   Total 3429

ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1993 – 94 | 165 | 16 | 4 |
| 1994 – 95 | 327 | 18 | 4 |
| 1995 – 96 | 288 | 25 | 5 |

പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായു ജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മററുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993 – 94 | 58 | Nil | Nil | Nil |
| 1994 – 95 | 62 | Nil | Nil | Nil |
| 1995 – 96 | 74 | Nil | Nil | Nil |

പറപ്പൂക്കര പഞ്ചായത്ത് സ്വകാര്യ ആശുപത്രികൾ
അസ്സീസി ഹോസ്പിററൽ (അലോപ്പതി) പറപ്പൂക്കര
ആയുർവേദ മരുന്നുല്പാദകരുടെ എണ്ണം – 18

| | | | |
|---|---|---|---|
| 1 | | പഞ്ചായത്തിലെ ആകെ ജനസംഖ്യ | – 26641 |
| | a | പുരുഷൻമാർ | – 12961 |
| | b | സ്ത്രീകൾ | – 13680 |
| 2 | a | പട്ടികജാതി ജനസംഖ്യ | – 4537 |
| | d | പട്ടികവർഗ്ഗ ജനസംഖ്യ | – 7 |
| 3 | | അംഗൻവാടികളുടെ എണ്ണം | – 27 |
| 4 | a | ഒരു വയസ്സിൽതാഴെപ്രായ കുട്ടികൾ | – 452 |
| | b | 1–2വയസ്സുവരെ പ്രായമുള്ളമുള്ള കുട്ടികൾ | – 404 |
| | c | 2–3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ | — |
| | d | 3–5വരെ കുട്ടികൾ | – 508 |
| 5 | a | ആകെ ഗർഭിണികളുടെ എണ്ണം | – 135 |
| | b | ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവർ | – 18 |
| 6 | | മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6 മാസം വരെ പ്രായമുള്ള കുട്ടികളുടെ) | – 221 |
| 7 | a | കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | – 441 |
| | b | ചാപ്പിള ജനനങ്ങൾ | – 2 |
| 8 | a | ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95–96) | – 1 |
| | b | 1–3 വയസ്സുവരെ മരിച്ച കുട്ടികൾ | – 1 |
| | c | 3–6 വയസ്സുവരെ മരിച്ച കുട്ടികൾ | – 1 |
| 9 | a | ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം | – 1 |
| | b | മററു മരണങ്ങളുടെ എണ്ണം | – 176 |
| 10 | a | അനുപൂരകപോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | – 730 |
| | b | അനുപൂരകപോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെഎണ്ണം | – 101 |
| | c | അനുപൂരകപോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | – 123 |

# ആയുർവ്വേദ ചികിൽസാരംഗത്തെ പ്രശ്നങ്ങൾ

നാഷണൽ ഹൈവേയിൽ പുറംമ്പോക്ക സ്ഥലത്ത് ഒരു കെട്ടിടം പണികഴിച്ചതൊഴിച്ചാൽ ആയുർവേദ ഡിസ്പെൻസറി എന്നു പറയാൻപോലും വിഷമം തോന്നിക്കുന്ന സ്ഥിതി വിശേഷമാണ് നന്തിക്കരയിലുള്ള ആയുർവേദ ഡിസ്പെൻസറി. 1989നു് ശേഷം അതിന് യാതൊരു അററകുററപ്പണിയും നടത്തിയിട്ടില്ല. ആവശ്യത്തിന് മരുന്നില്ല, സ്റ്റാഫില്ല എന്നു വേണ്ട പരാധീനതകളേറെയാണ്. ഫാർമസിസ്റ്റിൻെറ പോസ്റ്റ് 35 വർഷങ്ങളായി അനുദിവച്ചിട്ടില്ല. കാലാനുസൃതമായി അലോട്ട്മെൻറ് വദ്ധിപ്പിച്ച് ആവശ്യത്തിന് ഔഷധങ്ങൾ ലഭ്യമാക്കുന്നില്ല എന്നത് ഒരു പ്രധാന പരാധീനതയാണ്.

ഒരു ഡിസ്പെൻസറി കൊണ്ടുമാത്രം ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ആരോഗ്യപ്രശ്നം കൈകാര്യം ചെയ്യാൻ കഴിയില്ല ആരോഗ്യരംഗത്ത് ആയുർവേദവും അലോപ്പതിയും, ഹോമിയോപ്പതിയും തമ്മിലുള്ള മത്സരം വളരെ കൂടുതലായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് ആയുർവേദത്തിൻെറ ഉയർത്തെഴുന്നേല്പ് വളരെ അത്യാവശ്യമാണ്.

അതുകൊണ്ട് ഇപ്പോഴുള്ള ആയുർവേദ ഡിസ്പെൻസറി ഒരു ചെറിയ ആസ്പത്രിയായി ഉയർത്തണം. കൂടുതൽ ജീവനക്കാരുടെ സേവനവും വേണ്ടത്ര മരുന്നുകളും ലഭ്യമാക്കണം.



പന്തല്ലൂർ P. H. C. ക്കുള്ള സ്ഥലം

# അലോപ്പതിരംഗം – പ്രശ്നങ്ങൾ

1 P H. C പറപ്പൂക്കര (പന്തല്ലൂർ) ഒരു സ്വന്തം കെട്ടിടമില്ലാത്തതും മററു സൗകര്യകുറവു കളുള്ളതുമാണ്.

2 സബ് സെൻറർ പന്തല്ലൂരിന് സ്വന്തമായ കെട്ടിടമുണ്ടെങ്കിലും വൈദ്യുതീകരിച്ചിട്ടില്ല.

3 സബ് സെൻററുകളിൽ ആവശ്യത്തിന് മരുന്നും സ്റ്റാഫും ഇല്ല.

4 പറപ്പൂക്കര – പഞ്ചായത്ത് പന്തല്ലൂർ വാർഡിൽ സ്ഥലം വാങ്ങി സർക്കാരിനെ ഏൽപ്പിച്ചിട്ടുണ്ട്.

**സാധ്യതകൾ:–**

തൊട്ടിപ്പാൾ സെൻററിലേയും പന്തല്ലൂരിലേയും ഹെൽത്ത് സെൻററുകൾ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കി സൗജന്യമരുന്നുവിതരണം നടത്തുക.

നിലവിലുള്ള സബ്ബ് സെൻററുകൾ വഴി കൂടുതൽ മരുന്നുകൾ ലഭ്യമാക്കുകയും ആഴ്ചയിൽ രണ്ടുപ്രാവശ്യമെങ്കിലും ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുകയും വേണം.

കാനകളിൽ കെട്ടികിടക്കുന്ന മാലിന്യങ്ങൾ നീക്കുകയും അതിൽ വീണ്ടും മാലിന്യം നിറയാതിരിക്കാൻ ഇടയ്ക്കിടയ്ക്ക് വീപ്പകൾ സ്ഥാപിക്കുകയും ആ മാലിന്യം നീക്കം ചെയ്യുന്നതിനു സൗകര്യം ഉണ്ടാക്കുകയും വേണം.

പരിസര മലിനീകരണം തടയുന്നതിന് ദുർബലവിഭാഗക്കാർക്കും വിദ്യാഭ്യാസമില്ലാത്തവർക്കും, പിന്നോക്കവിഭാഗക്കാർക്കും വിദ്യാഭ്യാസമില്ലാത്തവർക്കും ബോധവൽക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കണം.

ഓരോ വാർഡിനും കുടുംബക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

അഞ്ചാം വാർഡിലെ പട്ടികജാതി പട്ടികവർഗ്ഗകോളനിയിലും ആറാം വാർഡിൽ ഉൾപ്പെടുന്ന സ്ഥലത്തും കെട്ടിക്കിടക്കുന്ന അഴുക്ക്‌വെള്ളം ഒഴുക്കിക്കളയുന്നതിന് അഴുക്കുചാൽ നിർമ്മിക്കണം.

യാത്രാസൗകര്യങ്ങൾ തീരെ കുറവായ 6–ാം വാർഡിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കണം. ലിക്വിഡേഷനിൽ കിടക്കുന്ന തൊട്ടിപ്പാൾ സഹകരണാശുപത്രി ഒരു ലക്ഷം രൂപ ഷെയർ പിരിവു നടത്തി 10 ലക്ഷം രൂപ ഗവൺമെൻറ് സഹായത്തോടെ 1,2,3,4,5,6,7 എന്നീ വാർഡുകളുടെ മദ്ധ്യത്തിൽ സ്ഥാപിച്ചാൽ നല്ലതാണെന്ന് അഭിപ്രായപ്പെടുന്നു.

# കുടി വെള്ളം

ശുദ്ധജലവും ശുദ്ധവായുവും ഇല്ലാതെ ജീവിയ്ക്കാൻ സാധ്യമല്ല. അതിനാൽ സർക്കാരിൻെറ പ്രഥമ കർത്തവ്യം ശുദ്ധജലം ലഭ്യമാക്കുക എന്നതാണ്. ഭൂമികുഴിക്കലും, പുഴയിൽ നിന്നുള്ള മണൽ വാരലും ഉപരിതല ജലം താഴ്ന്നു പോകുന്നതിന് കാരണമാകുന്നു. ഇപ്പോഴത്തെ നിലയ്ക്കുള്ള കളിമണ്ണെടുക്കലും, ഇഷ്ടികനിർമ്മാണവും, മണ്ണൽ വാരലും തുടർന്നാൽ പറപ്പൂക്കര പഞ്ചായത്തിലെ ജനങ്ങൾ വെള്ളത്തിനു വേണ്ടി വേഴാമ്പലിനെ പോലെ കാത്തിരിയ്ക്കേണ്ടിവരും.

സാധാരണയായി കിണറുകൾ, കുളങ്ങൾ എന്നിവയാണ് ശുദ്ധജല ലഭ്യതയ്ക്കായി ഉപയോഗിയ്ക്കുന്നതു്. പൈപ്പുകൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കൃത്യമായി ജലം ലഭിയ്ക്കത്തക്ക വിധത്തിലല്ല. നമ്മുടെ പഞ്ചായത്തിലെ മിക്കവാർഡുകളിലും ഡിസംബർ മുതൽ ഇഷ്ടിക നിർമ്മാണത്തിനു വേണ്ടി വെള്ളം വററിയ്ക്കുന്നതുകൊണ്ട് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട് അതിനാൽ വർഷാരംഭം വരെ പഞ്ചായത്തുനിവാസികൾ കുടിവെള്ളത്തിനു വേണ്ടി നെട്ടോട്ടമോടുന്നു.

കിണറുകളും, കുഴൽ കിണറുകളും, പൈപ്പ് ലൈനുകളും ഉണ്ടെങ്കിലും കടുത്ത വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല എന്നതാണ് സത്യം. 1, 2, 3, 4, 5, എന്നീ വാർഡുകളിൽ പൈപ്പ് ലൈൻ എത്തിയിട്ടുണ്ട് എങ്കിലും അവ വിജയപ്രദമല്ല. എങ്കിലും പഞ്ചായത്തിലെ മുഴവൻ വാർഡുകളിലും പൈപ്പ്ലൈൻ എത്തിക്കാൻ കഴിഞ്ഞിട്ടില്ല

ഈ പഞ്ചായത്തിൽ 15 പൊതുകുളങ്ങളും, 19 പൊതു കിണറുകളും, 13 തോടുകളും ഉണ്ട്. ഇവയെ സംരക്ഷിക്കേണ്ടതിന്റേയും പൈപ്പ്ലൈനിലെ വെള്ളത്തിന്റെ ദുരുപയോഗത്തെ സംബന്ധിച്ചും ജനങ്ങളെ ബോധവാന്മാരാക്കുന്നതിനു വേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. മാത്രവുമല്ല മാഞ്ഞാംകുഴി ഡാമിന്റെ ചോർന്നൊലിയ്ക്കുന്ന ഷട്ടറുകൾ മാററി ഇരുമ്പുഷട്ടറുകൾ സ്ഥാപിയ്ക്കേണ്ടതും, പുഴകളിലും, തോടുകളിലും ആവശ്യമായ സ്ഥലങ്ങളിൽ ചെക്കഡാമുകൾ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1 നിലവിലുള്ള കുളങ്ങളും കിണറുകളും വേനൽ തുടങ്ങുന്നതിനു മുമ്പ് വററി പോകുന്നു.

2 പഞ്ചായത്തിലെ 1, 2 3, 4, 5 വാർഡുകളിലേയ്ക്ക് ശുദ്ധജലം പൈപ്പ് ലൈൻ വഴിയായി എത്തിക്കുന്ന തൊട്ടിപ്പാളിലെ ജലസംഭരണിയുടെ സംഭരണശേഷി വളരെ കുറവാണ്. ശുദ്ധജലമല്ല വിതരണം ചെയ്യുന്നതു്.

3 ആലത്തൂർ, കളത്തൂർ, ഉളുമ്പത്തുംകുന്ന് എന്നീ പ്രദേശത്ത് നിലവിലുള്ള കിണറുകൾ പാറ നിറഞ്ഞതാണ് അതുകൊണ്ട് വെള്ളം ലഭ്യമല്ല.

4 ഇഷ്ടികപണിയ്ക്കും, കളിമണ്ണിനും വേണ്ടി കൃഷിഭൂമി താഴ്ത്തുന്നതിനാലും കിണറുകൾ വററിപോകുന്നു.

## സാധ്യതകൾ

1 ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിയ്ക്കുന്നതിനു് കുറുമാലി പുഴയിൽ വലിയപറമ്പ് പ്രദേശത്ത് ഒരു ടാങ്ക്കെട്ടി ജലവിതരണ സമ്പ്രദായം ഏർപ്പെടുത്തണം. ഏററവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ആലത്തൂർ വാർഡിൽ കാരക്കാട്ടു കടവിൽ ഒരു പമ്പുഹൌസ് സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിയ്ക്കണം.

2 മുത്രത്തിക്കരയിലുള്ള പണിതീരാത്ത വാട്ടർടാങ്ക് വിപുലീകരിയ്ക്കുകയും ജലവിതരണം നടത്തുകയും ചെയ്യുക.

3 കിണറുകളിൽ ജലം ശുദ്ധീകരിയ്ക്കുന്നതിനു് ബ്ലീച്ചിങ്ങ് പൗഡർ ലഭ്യമാക്കണം.

4 ദുർബ്ബല വിഭാഗക്കാർക്ക് കിണർ കുഴിയ്ക്കുന്നതിനും, ഉള്ള കിണർ നന്നാക്കുന്നതിനും സഹായം ലഭ്യമാക്കണം.

5 പൊതുകിണറുകളിൽ പാറപൊട്ടിച്ച് ആഴം വർദ്ധിപ്പിച്ച് വെള്ളം ലഭ്യമാക്കുക.

6 1, 2, 3. 4. 5 എന്നീ വാർഡുകളിലേയ്ക്ക് വിതരണം ചെയ്യുന്ന വെള്ളം ശുദ്ധീകരിയ്ക്കാൻ ഫിൽട്ടറിങ്ങ് പ്ലാന്റ് സ്ഥാപിയ്ക്കുക. സ്റ്റോറേജ് ടാങ്കിന്റെ കപ്പാസിററി കൂട്ടുകയും ചെയ്യുക.

7 ആലത്തൂർ വാർഡിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുന്നതിന് റയിൽവേ ലൈൻ ക്രോസ്സ് ചെയ്യുന്നതിന് അനുമതി വാങ്ങുക.

8 ആലത്തൂർ, മുത്രത്തിക്കര, ഉളുമ്പത്തുംകുന്ന്, എന്നീ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ച് ശുദ്ധജലം ലഭ്യമാക്കുക.

9 പറപ്പൂക്കര, ചെങ്ങാലൂർ, അളഗപ്പനഗർ പഞ്ചായത്തുകൾ ഉൾപ്പെടുത്തി ഇൻവെസ്ററിഗേഷൻ കഴിഞ്ഞിട്ടുള്ള ശുദ്ധജലപദ്ധതി ഉടനെ നടപ്പിലാക്കുക.

# വ്യവസായം

പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ വദ്ധിച്ച മൂലധന നിക്ഷേപമുള്ള വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. കാർഷിക വസ്തുക്കൾ അസംസ്കൃത പദാർത്ഥങ്ങളാക്കികൊണ്ടുള്ള വ്യവസായങ്ങളാണ് ഇവിടെ മുഖ്യമായിട്ടുള്ളത്. മേന്മയുള്ള കളിമണ്ണ് ലഭിയ്ക്കുന്നതുകൊണ്ട് ഓട് നിർമ്മാണവും നാടൻ ഇഷ്ടിക നിർമ്മാണവും ഇവിടെ വളരാൻ തുടങ്ങി. നന്തിക്കര, നെല്ലായി, വൈലൂർ, മുത്രത്തിക്കര, പറപ്പൂക്കര, രാപ്പാൾ, തൊട്ടിപ്പാൾ, മുളങ്ങ് എന്നീ വാർഡുകളിൽ നൂററിപതിനഞ്ചോളം വരുന്ന ഇഷ്ടിക കളങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഏകദേശം ഇരുപതോളം ഓട്ടുകമ്പനികളും ഈ പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്നു. ഈ രണ്ടു മേഖലകളും ഇന്ന് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവും പാരിസ്ഥിതിക പ്രശ്നങ്ങളും ഇതിന് കാരണങ്ങളാണ്.

കോൺക്രീററ് വീടുകളുടെ ആവീർഭാവം ഓട്ടുകമ്പനി വ്യവസായത്തേയും ഹോളോ ബ്രിക്സിൻെറ ആവീർഭാവം ഇഷ്ടിക വ്യവസായത്തെയും കാര്യമായി ബാധിച്ചിട്ടുണ്ട് എന്ന് പറയാതിരിയ്ക്കാൻ വയ്യ. ഈ സാഹചര്യത്തിലാണ് പല ഓട്ടുകമ്പനികളും അലങ്കാര ഓടുകളുടെയും, പൂച്ചട്ടികളുടേയും നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കാൻ തുടങ്ങിയത്. നൂതന സാങ്കേതിക വിദ്യയുപയോഗിച്ച് പ്രവർത്തിയ്ക്കുന്ന നന്തിക്കരയിലുള്ള "സച്ചി ക്ലേവർക്സ്" പറപ്പൂക്കര പഞ്ചായത്തിലെ ഒരു പ്രധാന കളിമൺ വ്യവസായ സ്ഥാപനമാണ്.

വിവിധതരം വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന നിരവധി ചെറുകിട വ്യവസായങ്ങൾ ഈ പഞ്ചായത്തിലുണ്ട്. നന്തിക്കരയിലെ ഷെൽ ഇലക്ട്രോകെമിക്കൽസ് (പ്രൈ) ലിമിററഡ് മുത്രത്തിക്കരയിലെ ദീപാ പ്ലാസ്റ്റിക്സ്, നെടുമ്പാളിലെ മേരി വിജയം പോളി പ്രിൻററ് എന്നീ വ്യവസായ യൂണിററുകൾ ഇവയിൽ ഏററെ പ്രാധാന്യമർഹിയ്ക്കുന്നു.

വെൽഡിങ്ങ് ജോലികൾക്കാവശ്യമായ കാൽസ്യം കാർബൈഡ് എന്ന പദാർത്ഥമാണ് ഷെൽ ഇലക്ട്രോകെമിക്കൽസ് എന്ന സ്ഥാപനത്തിൽ നിർമ്മിയ്ക്കുന്നത്. കരിയും കക്കയുമാണ് ഇതിന് അസംസ്കൃതപദാർത്ഥമായി ഉപയോഗിയ്ക്കുന്നത്.

പ്ലാസ്ററിക്കൊണ്ടുള്ള വിവിധയിനം ഉപകരണങ്ങളാണ് ദീപാ പ്ലാസ്ററിക്സിൽ ഉണ്ടാക്കുന്നത്. പ്ലാസ്ററിക് കവർ മേരിവിജയം പോളി പ്രിൻസ് എന്ന നെടുമ്പാളിലുള്ള സ്ഥാപനവും നിർമ്മിയ്ക്കുന്നു.

ആയുർവ്വേദമരുന്ന് നിർമ്മാണ രംഗത്ത് ഏററെ പ്രസിദ്ധമായ 'റാണി ഡ്രഗ് ഹൗസ്' നെല്ലായിയിലാണ് സ്ഥിതി ചെയ്യുന്നത്. ആയുർവ്വേദമരുന്ന് വിൽപ്പന നടത്തുന്ന 186 കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. D W C R A വനജ ചിപ്സ് ആൻററ് കറിപൗഡർ യൂണിററ് തൊട്ടിപ്പാളും കസ്തൂർബാ അംബ്രലാ ആൻററ് സ്കർട്ട് മെയ്ക്കിങ്ങ് യൂണിററ് പറപ്പൂക്കരയിലും മയൂഖ ഓലമെടച്ചിൽ ആൻററ് കയറുപിരിയ്ക്കൽ യൂണിററ് നന്തിക്കരയിലും നവചൈതന്യ റൈസ് പ്രൊസസിങ്ങ് യൂണിററ് കൊളത്തൂരിലും പ്രവർത്തിയ്ക്കുന്നുണ്ട് സർക്കാർ ഉടമസ്ഥതയിലുള്ള ഖാദി വ്യവസായ യൂണിററ് പോങ്കോത്രയിലും പ്രവർത്തിച്ചുവരുന്നു.

ധനകാര്യസ്ഥാപനങ്ങൾ:–

പഞ്ചായത്തതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഏക നാഷണലൈസ്ഡ് ബാങ്കാണ് ബാങ്ക് ഓഫ് ഇന്ത്യ ഇത് നന്തിക്കരയിൽ സ്ഥിതിചെയ്യുന്നു. ഷെഡ്യൂൾഡ് ബാങ്കുകളായ ഫെഡറൽ ബാങ്ക് നെല്ലായിയിലും, ധനലക്ഷ്മി ബാങ്ക് തൊട്ടിപ്പാളിലും, കാത്തലിക് സിറിയൻ ബാങ്കിൻെറ ഒരു കളക്ഷൻ സെൻറർ പറപ്പൂക്കരയിലും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഇന്ന് നിലവിലുള്ള സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളിൽ മൂന്നെണ്ണം നന്തിക്കരയിലും മൂന്നെണ്ണം നെല്ലായിയിലും ഒരെണ്ണം പറപ്പൂക്കരയിലും പ്രവർത്തിച്ചുവരുന്നു

നിർദ്ദേശങ്ങൾ:-

1 അച്ചാറുകൾ, മധുരപലഹാരങ്ങൾ, കൗതുകവസ്തുക്കൾ എന്നിവ നിർമ്മിക്കാനാവശ്യമായ സാങ്കേതികപരിശീലനം സ്ത്രീകൾക്ക മാത്രമായി നൽകേണ്ടതാണ്.

2 വ്യവസായങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്ക് സാമ്പത്തിക സഹായവും, സാങ്കേതിക നിർദ്ദേശങ്ങളും ലഭിയ്ക്കാനാവശ്യമായ നടപടികൾ ആവശ്യമാണ്.

3 കൂടുതൽ പണമുടക്കില്ലാതെ തുടങ്ങാവുന്ന വാഹനങ്ങളുടെ ബോഡി ബിൽഡിങ്ങ്, സർവ്വീസിങ്ങ്, പെയിൻറിങ്ങ്, സർവ്വീസിങ്ങ് മുതലായ തൊഴിലുകൾ പ്രോത്സാഹിപ്പിയ്ക്കേണ്ടതാണ്.

4 ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തെയും പ്രോത്സാഹിപ്പിയ്ക്കേണ്ടതാണ്.

5 ഹാർഡ്വുഡിൻെറ ക്ഷാമംമൂലം ഫർണീച്ചർ രംഗത്തുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിയ്ക്കാൻവേണ്ടി റബ്ബർ തുടങ്ങിയ സോഫ്ട്ട് വുഡുകൾ ശാസ്ത്രീയമായി സംസ്കരിച്ചെടുക്കന്നതിനുള്ള സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

6 പൊതുജനങ്ങൾക്ക് എതിർപ്പില്ലാത്ത വിധത്തിലും ദോഷകരമല്ലാത്ത വിധത്തിലും കളിമൺവ്യവസായം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

7 സ്വയം തൊഴിൽ പദ്ധതികൾക്ക് എളുപ്പത്തിൽ വൈദ്യുതി ലഭ്യമാക്കുക.

8 കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിയ്ക്കുക.

9 നെല്ല് ധാരാളമായി ഉണ്ടാകുന്ന പ്രദേശമാണ് പറപ്പൂക്കര പഞ്ചായത്തിൻെറ പല വാർഡുകളും. അതുകൊണ്ട് നെല്ലുകുത്തു വ്യവസായം പ്രോത്സാഹിപ്പിയ്ക്കണം.



ഖാദി വ്യവസായ കേന്ദ്രം

# പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ സ്വയം തൊഴിൽ സ്ഥാപനങ്ങളുടെ എണ്ണം

| ക്രമനമ്പർ | വിഭാഗം | യൂണിററുകളുടെ എണ്ണം |
|---|---|---|
| 1 | റൈസ്മിൽ & ഫ്ളവർമിൽസ് | 31 |
| 2 | വൈദ്യുതി ഉപകരണ വിൽപന കേന്ദ്രം | 6 |
| 3 | സിമൻറ് ഇഷ്ടിക നിർമ്മാണയൂണിററ് | 4 |
| 4 | എഞ്ചിനീയറിങ്ങ് വർക്സ് | 12 |
| 5 | പ്ലാസ്റ്റിക് സാധന വിൽപ്പനകേന്ദ്രം | 5 |
| 6 | ചായക്കട, ഹോട്ടൽ | 22 |
| 7 | സ്റേറഷനറി കടകൾ | 20 |
| 8 | ഹാർഡ് വെയർ | 4 |
| 9 | തുണിക്കടകൾ | 10 |
| 10 | സ്വർണ്ണക്കടകൾ | 5 |
| 11 | ബേക്കറി & കൂൾബാർ | 6 |
| 12 | ആയുർവ്വേദ മരുന്ന് നിർമ്മാണ-വിൽപ്പന കേന്ദ്രങ്ങൾ | 18 |
| 13 | ഓട്ടുകമ്പനി | 20 |
| 14 | പ്ലാസ്ററിക് സാധന നിർമ്മാണ യൂണിററ് | 2 |
| 15 | ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വിൽക്കുന്ന കടകൾ | 2 |
| 16 | നാടൻ ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങൾ | 115 |
| 17 | വെള്ളി ആഭരണകടകൾ | 14 |
| 18 | മരക്കമ്പനികൾ | 6 |
| 19 | പലച്ചരക്ക് കടകൾ | 40 |
| 20 | കൊപ്രവെളിച്ചെണ്ണ സ്ഥാപനങ്ങൾ | 21 |
| 21 | വിറക് വില്പന കേന്ദ്രങ്ങൾ | 4 |
| 22 | ബീഡി, പുകയില വ്യാപാര കേന്ദ്രം | 13 |
| 23 | രാസവളം ഡെപ്പോ | 5 |
| 24 | റേഷൻ കടകൾ | 13 |
| 25 | പ്രിൻറിങ്ങ് പ്രസ്സ് | 3 |
| 26 | സിമൻറ് വില്പനകേന്ദ്രങ്ങൾ | 5 |
| 27 | ഇത്തിൾ ചൂള | 1 |
| 28 | തീപ്പെട്ടി നിർമ്മാണ കേന്ദ്രം | 1 |
| 29 | മാംസ വിൽപ്പന കേന്ദ്രം | 3 |
| 30 | മെഡിക്കൽഷാപ്പ് | 2 |
| 31 | സൈക്കിൾ പാർട്സ് കടകൾ | 3 |
| 32 | ഫർണീച്ചർ നിർമ്മാണം | 10 |
| 33 | സോഡ നിർമ്മാണം | 5 |
| 34 | സിനിമാ പ്രദർശന കേന്ദ്രങ്ങൾ | 3 |

# ഗതാഗതം

പറപ്പൂക്കര പഞ്ചായത്തിൻെറ ഹൃദയഭാഗത്തുകൂടിയാണ് 4 km ദൂരം ദേശീയപാത N. H. 47 കടന്നുപോകുന്നത്. എന്നിരുന്നാലും ഈ പഞ്ചായത്തിൽ പ്രത്യേകിച്ച് ഉൾപ്രദേശങ്ങളെ പ്രധാന P. W. D. റോഡുമായി ബന്ധിപ്പിക്കുന്ന വിധത്തിലുള്ള പഞ്ചായത്ത് റോഡ് ശൃംഖലയില്ലാത്തതിനാൽ വാഹന ഗതാഗതസൗകര്യം താരതമ്യേന കുറവാണെന്ന് വേണം പറയാൻ. കാർഷിക വ്യാവസായിക മേഖലകൾ മുരടിച്ചു നില്ക്കുന്നതിനും അവയുടെ പിന്നോക്കാവസ്ഥയും വാഹനഗതാഗത സൗകര്യക്കുറവ് പ്രധാനപ്പെട്ട ഒരു കാരണമാണ്. ദേശീയ പാതയിൽ കുറുമാലി പഞ്ചായത്ത് ആസ്ഥാനമായ നന്തിക്കര, നെല്ലായി എന്നിവിടങ്ങളിൽ നിന്നുമായി മൂന്നു P.W.D. റോഡുകൾ ഈ പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്തേയ്ക്കുണ്ട്. അവ യഥാക്രമം രാപ്പാൾ M. L. A. റോഡ് നന്തിക്കര മാപ്രാണം (കോന്തിപുലം റോഡ്), നെല്ലായി ആനന്ദപുരം-വല്ലക്കുന്ന് റോഡ് എന്നിവയാണ. രാപ്പാൾ M. L. A. റോഡ് ആറാം വാർഡിനെ രണ്ടാം വാർഡുമായി ബന്ധിപ്പിക്കുന്ന വിധത്തിൽ നെടുമ്പാൾ – മാഞ്ഞാംകുഴി റോഡുമായി തൊട്ടിപ്പാൾ പ്രദേശത്ത് സന്ധിക്കുന്നു. നന്തിക്കര മാപ്രാണം റോഡ് പഞ്ചായത്ത് ആസ്ഥാനമായ നന്തിക്കര നിന്നും മുത്രത്തിക്കര (V-ാം വാർഡ്) പറപ്പൂക്കര (IV-ാം വാർഡ്) നെടുമ്പാൾ III-ാം വാർഡ് വഴി മാപ്രാണത്തു വച്ച് തൃശ്ശൂർ – കൊടുങ്ങല്ലൂർ റോഡുമായി സന്ധിക്കുന്നു. നെല്ലായി – ആനന്ദപുരം റോഡ്, നെല്ലായിയിൽ (വാർഡ് VIII) നിന്നും റെയിൽവേസ്റ്റേഷൻ വഴി V-ാം വാർഡിലെ പേ കോത്രയിൽകൂടി ആനന്ദപുരം വഴി വല്ലക്കുന്നിൽവച്ച് ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷൻ റോഡിൽ സന്ധിക്കുന്നു. ദേശീയപാത 47 ന പടിഞ്ഞാറുഭാഗത്തായും, അതിന് ഏകദേശം സമാന്തരമായും ഷൊർണ്ണൂർ–കൊച്ചിൻ റെയിൽപാത 3 കി മി ദൂരം ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. അതുകൊണ്ട് മേൽ പ്രസ്താവിക്കപ്പെട്ട മൂന്നു PWD റോഡുകളിലും ലെവൽ ക്രോസിങ്ങുകൾ ഉണ്ട്. ഇരട്ട റയിൽ പാതയായതിനാൽ പതിനഞ്ചു മിനിററ് ഇടവിട്ട് തീവണ്ടികൾ ഓടിക്കൊണ്ടിരിക്കും. തന്മൂലം അടിയ്ക്കടി റയിൽവേ ഗേററുകൾ അടച്ചിടുന്നതുകൊണ്ട് ഈ ലെവൽ ക്രോസിങ്ങുകളിൽ മണിക്കൂറുകളോളം ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു. സമീപ ഭാവിയിൽ ഈ റെയിൽവേ ലൈൻ വൈദ്യുതീകരിക്കപ്പെടുമ്പോൾ ഈ പ്രവണത കൂടുതൽ ഗുരുതരമാകുവാൻ സാധ്യതയുണ്ട്. ദേശീയപാത 47ൽ മണ്ണുത്തി—പാലിയേക്കര ബൈപാസ് നിലവിൽ വന്നതിനുശേഷം പാലക്കാട്ടുനിന്നും ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കോട്ടപ്പുറം, പറവൂർ എന്നിവിടങ്ങളിലേയ്ക്ക് പോകുന്ന ചരക്കുലോറികൾ എല്ലാം നന്തിക്കര—മാപ്രാണം റോഡുവഴിയാണ് തിരിഞ്ഞുപോകുന്നത്. ദേശീയപാത 47 ഉം ദേശീയപാത 17 ഉം തമ്മിൽ കാക്കത്തുരുത്തി വഴി സന്ധിപ്പിക്കുന്ന നിലവിലുള്ള ഒരെളുപ്പമാർഗ്ഗവും നന്തിക്കര—മാപ്രാണം റോഡാണ്. കൂടാതെ വിശാലകൊച്ചി വികസന പദ്ധതികളുടെ ഭാഗമായി വൈപ്പിൻ —എറണാകുളം പാലത്തിൻെറ നിർമ്മാണം പൂർത്തീകരിക്കപ്പെടുമ്പോൾ എറണാകുളത്തേയ്ക്ക് ദേശീയപാത 47 കൂടാതെയുള്ള ഒരെളുപ്പമാർഗ്ഗവും ഈ റോഡുവഴി പാലക്കാട്ട് ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾക്ക് ലഭ്യമാകും. ഭാവിവികസന സാധ്യതകൾ വിലയിരുത്തുമ്പോൾ നന്തിക്കര — മാപ്രാണം റോഡിൻെറ പ്രാധാന്യം വളരെയേറെ വർദ്ധിപ്പിക്കുന്നതായി മനസ്സിലാകും. വാഹനത്തിരക്ക് കൂടിക്കൊണ്ടിരിക്കുന്ന ഈ റോഡിൽ നന്തിക്കര ലെവൽ ക്രോസിങ്ങിൽ ഒരു മേൽപ്പാലം പണിയേണ്ടസമയം അതിക്രമിച്ചിരിക്കുന്നു. മേൽപറയപ്പെട്ട മൂന്നു P. W. D റോഡുകളെ ബന്ധിപ്പിക്കുന്ന തരത്തിൽ രാപ്പാൾ നിന്നും മുത്രത്തിക്കര പഞ്ചായത്തു കിണററിനു സമീപത്തുകൂടി ആനന്ദപുരം അമിത്തുകുഴി പാലത്തിനു പടിഞ്ഞാറുവശം ചെന്നു ചേരാവുന്ന വിധത്തിലുള്ള ഒരു ലിങ്ക് റോഡിൻെറ നിർമ്മാണം പറപ്പൂക്കര പഞ്ചായത്തിൻെറയും അടുത്തുള്ള മുരിയാട് പഞ്ചായത്തിൻെറയും പുരോഗതിക്ക് ഏററ സഹായകമാകുന്നതാണ്.

ഉദ്ദേശ്യം മൂന്ന കി. മാത്രം മൊത്തം ദൂരം വരുന്ന ഈ ലിങ്ക് റോഡ് ഇപ്പോഠം നില വിലുള്ളതും V ാം വാർഡിൽപ്പെടുന്ന നെടുന്തോടിൻെറ വടക്കേക്കരയിൽ എത്തിനിൽക്കന്നതുമായ പഞ്ചായത്ത്റോഡ്യ് വീതികൂട്ടിയും അല്ലറചില്ലറ വളവുകഠം തീർത്തും ഉപയോഗിക്കാവുന്നതാണ്. പ്രധാനമായും മുത്രത്തിക്കരയ്ക്കം ആനന്ദപുരത്തിനുമിടയ്ക്ക് നെടും തോട്ടിൽ 8 മീ സ്ഥാനിൽ ഒരു പാലം നിർമ്മിക്കേണ്ടിവരും എന്നുള്ളതുമാത്രമാണ് ഈ ലിങ്ക് റോഡ്യ് നിർമ്മാണത്തിന് ചിലവേറുന്ന ഒരു ഘടകം. കാർഷിക, ജലസേചന പദ്ധതികളുമായി യോജിപ്പിച്ച് ഇതു് ഒരു ബ്രിഡ്ജ് കം റഗുലേററായും നിർമ്മിക്കാവുന്നതാണ്. പഴക്കം ഏറെയുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ആനന്ദപുരം അമിത്തുകഴി പാലത്തിൻേറയും കോന്തിപുലം പാലത്തിൻേറയും പുനർനിർമ്മാണത്തിനോ അററകുററ പണികഠം നടത്തുന്നതിനോ മേൽപറഞ്ഞ ലിങ്ക് റോഡ്യ് സഹായകമാകുമെന്ന് സ്ഥിതിവിവരങ്ങഠം പരിശോധിച്ചാൽ മനസ്സിലാകും. കൂടാതെ തൃശ്ശൂരിൽ നിന്നും ദേശീയപാത 47 തൊടാതെ ചാലക്കുടിയ്ക്കുള്ള ഒരെളുപ്പമാർഗ്ഗവും ഈ ലിങ്ക് റോഡ് നിലവിൽ വന്നാൽ ലഭ്യമാകും എന്നു മാത്രമല്ല പറപ്പൂക്കര പഞ്ചായത്തിലെ I, II, VI, IV, V വാർഡുകളെ ബന്ധിപ്പിക്കുന്ന ഈ ലിങ്ക് റോഡുകഠം പഞ്ചായത്തിൻെറ മൊത്തത്തിലുള്ള പുരോഗതിക്ക് ഏറെ സഹായകമായിരിക്കും. ഗണ്യമായ സമയലാഭവും ദൂരലാഭവുമുണ്ടാക്കുന്ന ഈ വഴി നിലവിൽ വന്നാൽ ഇന്ധനച്ചിലവിനത്തിൽ ദേശീയ നേട്ടം കൈവരിക്കാൻ കഴിയും.

ഭാവി വികസന സാധ്യതകഠം കണക്കിലെടുക്കാതെ താല്ക്കാലികമായ ആവശ്യങ്ങഠം മാത്രം മുൻനിറുത്തി ഉണ്ടാക്കിയതും അശാസ്ത്രീയമായ ആസൂത്രണങ്ങളുടെ പരിണിതഫലമായി ഈ പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും ഉഠംപ്രദേശങ്ങളെ പ്രധാന P. W. D. റോഡുകളുമായി കൂട്ടിയിണക്കുന്ന പഞ്ചായത്തു റോഡുകഠം തുലോം കുറവാണ്. മാത്രമല്ല ഉള്ളവ വേണ്ടത്ര വീതിയില്ലാത്തവയായതു കൊണ്ട് വാഹന ഗതാഗതത്തിന് അനുയോജ്യമല്ല. ആലത്തൂർ, പന്തല്ലൂർ വാർഡുകഠം ഇതിനൊരപവാദമാകാമെങ്കിലും അവിടങ്ങളിലും പുതിയ റോഡുകളുടെ ആവശ്യം ഏറെയുണ്ട്. മുത്രത്തിക്കര (വാർഡ് V) യിൽ പ്രാധാന്യമർഹിക്കുന്ന പഞ്ചായത്തു റോഡുകളിൽ ഏറിയ പങ്കും 4 മീററിൽ താഴെമാത്രം വീതിയുള്ളവയാണ്. കൊളത്തൂർ, നെല്ലായി വാർഡുകളിലെ സ്ഥിതിയും ഏറെ വ്യത്യസ്ഥമല്ല. പല വാർഡുകളിലും കോളനികളുടെ അശാസ്ത്രീയമായ സംവിധാനം ഏറെ ശ്രദ്ധേയമാണ്. പഞ്ചായത്തിലെ പല കോളനികളിലേയ്ക്കുള്ള റോഡുകളും കോളനികഠംക്കകത്തുള്ള റോഡുകളും സുരക്ഷിതമായ സൈക്കിഠം സഞ്ചാരത്തിനുപോലും പര്യാപ്തമല്ലാത്തവയാണ്.

വിവിധ പദ്ധതികഠം അനുസരിച്ച് നിർമ്മിച്ച കി. മീ. ടാർ ചെയ്ത റോഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. ഇവയിൽ പലതും 5 മീററിൽ താഴെമാത്രം വീതിയുള്ളവയാണ്. ജലനിർഗ്ഗമനത്തിന് ശരിയായ കാനകളില്ലാത്തതുകൊണ്ടും കാലാകാലങ്ങളിൽ അററകുററപ്പണികഠം നടത്താത്തതു കൊണ്ടും ഇവയിൽ പലതും വാഹനസഞ്ചാര യോഗ്യങ്ങളല്ലാതായിട്ടുണ്ട്. മുത്രത്തിക്കര, പോങ്കോത്ര റെയിൽവേ സ്റേറഷൻ റോഡ്, തൊട്ടിപ്പാഠം, മുളങ്ങ് റോഡ് മുതലായവ ഇവയിൽ ചിലതുമാത്രമാണ്. ഗ്രാമസഭാചർച്ചകളിൽ പരാമർശിക്കപ്പെട്ട ഏറെ പ്രാധാന്യമേറിയ വിഷയവും ഇന്നുള്ള റോഡുകളുടെ ശോച്യാവസ്ഥയും പുതിയ റോഡുകഠം നിർമ്മിക്കേണ്ടതും നിലവിലുള്ളവ വീതികൂട്ടി വാഹന ഗതാഗതത്തിന് യോഗ്യമാക്കുന്നതിനും മററുമുള്ള ആവശ്യകതയെ ഊന്നിയുള്ളതായിരുന്നു. ഈ പഞ്ചായത്തിൽ നിലവിലുള്ളതും വീതികൂട്ടി നന്നാക്കേണ്ടതും പുതിയതായി നിർമ്മിക്കേണ്ടതുമായ റോഡുകളുടെ ഒരു പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്.



പന്തല്ലൂർ കണ്ടകടവ്

| വാർഡ് | റോഡിൻെറ പേര് | നീളം | റോഡിൻെറ സ്വഭാവം | റിമാർക്ക്സ് |
|---|---|---|---|---|
| I | കരിപ്പേരി റോഡ് | 750 M | | |
| | കാഞ്ഞിരക്കാവ് റോഡ് | 700 M | | |
| | മുളങ്ങ് വെള്ളപ്പാടി റോഡ് | 800 M | | |
| | P. C മാണി റോഡ് | 600 M | | |
| II | തൊട്ടിപ്പാറ ചെമ്പനിറോഡ് | 750 M | | |
| | സൊസൈററി റോഡ് | | | |
| | വടക്കേ ലക്ഷം വീട് കോളനി റോഡ് | 300 M | | |
| | ചില്ലായി റോഡ് | 400 M | | |
| | മാത്തി പറമ്പ് റോഡ് | 300 M | | |
| | പേടികാട്ടികുളം മഠത്തികണ്ടം റോഡ് | 300 M | | |
| | തെക്കേലക്ഷം വീട് റോഡ് | 250 M | | |
| III | വഞ്ചിക്കടവ് റോഡ് | 500 M | | |
| | S N D P വഞ്ചിക്കടവ് റോഡ് | 600 M | | |
| | നെടുമ്പാറ കഴുത്തുള്ളി ക്ഷേത്രം റോഡ് | | | |
| | പനങ്കുളം റോഡ് | 3 0 M | | |
| | പനങ്കുളം ബ്രാഞ്ച് റോഡ് | 400 M | | |
| | കാരിക്കോട്ട് റോഡ് | 400 M | | |
| | തെക്കുട്ട് റോഡ് തെക്കുംമൂലക്കര വരെ | KM | | |
| | ഹരിജൻ കോളനി റോഡ് | | | |
| | കമ്മട്ടിക്കുള തീരദേശറോഡ് | KM | | |

| വാർഡ് | റോഡിന്റെ പേര് | നീളം | റോഡിന്റെ സ്വഭാവം | റിമാർക്ക്സ് |
|---|---|---|---|---|
| IV | പറപ്പൂക്കര–കിഴക്കുംമുറി റോഡ് | 1.500 M | | |
| | പറപ്പൂക്കര-തെക്കുംമുലക്കര റോഡ് | 750 M | | |
| | പറപ്പൂക്കര ദീപാ റോഡ് | 300 M | | |
| | പറപ്പൂക്കര മുട്ടംകോളനി റോഡ് | 800 M | | |
| | ട്രാൻസ്ഫോർമർ പോസ്ററാഫീസ് റോഡും അനുബന്ധറോഡുകളും | 400 M | | |
| V | പോങ്കോത്ര സ്കൂൾ റോഡ് | 600 M | | |
| | മുത്രത്തിക്കര മഹിളാലയം മടപ്പാടം റോഡ് | 800 M | | |
| | മുത്രത്തിക്കര-കല്ലിക്കടവ് റോഡ് മഹിളാലയം റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് | | | |
| | മുത്രത്തിക്കര താമരച്ചാൽ റോഡ് | | | |
| | പോങ്കോത്ര കോളനി റോഡ് | | | |
| | ലക്ഷം വീട് കോളനി റോഡ് | | | |
| | പട്ടപ്പറമ്പിൽ റോഡ് (പോങ്കോത്ര) | | | |
| | ചേററാകുളം റോഡ് ,, | | | |
| | റെയിൽവെ ലയിൻ റോഡ് ,, | | | |
| VI | ആറാട്ടുകടവ് കണ്ണംപുഴ റോഡ് | | | |
| | വൈദ്യർപടി-സെററിൽമെൻറ് കോളനി റോഡും | | | |
| | മുത്രത്തിക്കര രാപ്പാൾ ലിങ്ക് റോഡ് | | | |
| | വൈദ്യർപടി – റയിൽവേ കൽവർട്ട് റോഡ് | | | |
| | രാപ്പാൾ തൊട്ടിപ്പാൾ റോഡിൽ നിന്നും നന്തിക്കര മാപ്രാണം റോഡിനെ ബന്ധിപ്പിക്കുന്ന കോളനി ലിങ്ക് റോഡ് | | | |
| VII | പള്ളിത്താഴം എടവള്ളി കടവ് കെട്ടൽ കക്കടവ് റോഡ് | | | |
| | കണക്കൻ കടവ് റോഡ് | | | |
| | കണക്കൻ കടവ് കണക്ഷൻ റോഡ് | | | |
| VIII | വൈലൂർ അമ്പലനട കോളനി വഴി പോങ്കോത്ര കപ്പേള റോഡ് | | | |
| | അമ്പാട്ടുപറമ്പൻ റോഡ് | | | |
| | കൈപ്പിള്ളിപറമ്പൻ റോഡ് | | | |
| | കോട്ടുവളപ്പ് കോളനി റോഡ് | | | |
| | അമ്പലമുറി റോഡ് | | | |

| വാർഡ് | റോഡിന്റെ പേര് | നീളം | റോഡിന്റെ സ്വഭാവം | റിമാർക്സ് |
|---|---|---|---|---|
| IX | കോഞ്ചാംകടവ് റോഡ് | | | |
| | മററത്തൂർ റോഡ് | | | |
| | മണ്ണാംപറമ്പ് പുഴയോരം റോഡ് | | | |
| | പന്തല്ലൂർ ഹെൽത്ത് സെൻറർ റോഡ് | | | |
| | മഹാമുനിമംഗലം റോഡ് | | | |
| | സ്കൂൾ പള്ളം കണ്ടുകടവ് റോഡ് | | | |
| | ലക്ഷം വീട് റോഡ് | | | |
| | ചിറക്കാട്ട് കടവ് റോഡ് | | | |
| | കാഞ്ഞിരക്കടവ് റോഡ് | | | |
| | ബ്രാൽചിറ പാലം റോഡ് | | | വീതികൂട്ടി പാലം പണിയുക |
| X | കൊളത്തൂർ ചാൽ റോഡ് | 1 KM വീതി 6 M | | |
| | ബ്ലാച്ചിറ റോഡ്-കോണിക്കച്ചിറ | 700 M | | മെററലിങ്ങ് & ടാറിങ്ങ് |
| | ഉളുമ്പത്തുകുന്ന് പഞ്ചായത്ത് റോഡ് | 750 M | | |
| | പഞ്ചായത്ത് കിണർവഴി | വീതി 5 M | | |
| | അംഗൻവാടി റോഡ് | | | വീതികൂട്ടി ടാർ ചെയ്യണം |
| | ഹരിജൻ കോളനിറോഡ് | 300 M | | വീതികൂട്ടി ടാർ ചെയ്യണം |
| XI | ആലത്തൂർ കോളനിറോഡുകൾ | | | |
| | കാരക്കാട്ട് കടവ് റോഡ് | | | പാലം പണിയണം |
| | പാമ്പാട്ടിക്കുളം പാലക്കുഴി റോഡ് | | | |
| | സ്കൂൾ പഞ്ഞപ്പിള്ളി റോഡ് | | | |
| | കൊളത്തൂർ പാറേക്കാട്ടുകര റോഡ് | | | |

ഷൊർണ്ണൂർ-കൊച്ചിൻ ഇരട്ട റെയിൽ പാത 3 കി. മീ ദൂരം ഈ പഞ്ചായത്തിൽക്കൂടി കടന്നുപോകുന്നു. പഞ്ചായത്ത് അതിർത്തിയിലുള്ള ഒരേ ഒരു റെയിൽവേ സ്റ്റേഷൻ 'നെല്ലായി' ആണ്. സാങ്കേതികമായി പരാമർശിക്കപ്പെടുമ്പോൾ ഇരിങ്ങാലക്കുട അസംബ്ലി മണ്ഡലത്തിൽപെടുന്ന ഏക റെയിൽവേസ്റ്റേഷനും ഇതുതന്നെയാണ് ഷൊർണ്ണൂർ-കൊച്ചി പാസഞ്ചർ വണ്ടി മാത്രമേ ഈ സ്റ്റേഷനിൽ ഇപ്പോൾ നിറുത്തുന്നുള്ളു. കൊച്ചി മഹാരാജാവിന്റെ ശ്രമഫലമായി പത്തൊൻപതാം നൂററാണ്ടിന്റെ അവസാന പകുതിയിൽ നിലവിൽവന്ന ഈ റെയിൽ പാതയുടെ ഉൽഘാടനാവസരത്തിൽ തന്നെ സ്ഥാപിതമായ ഈ സ്റ്റേഷന്റെ നിലനിൽപ് ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. സാമ്പത്തികമായി ലാഭകരമല്ലെന്നുള്ള കാരണത്താൽ റെയിൽവേ വകുപ്പ് ഈ സ്റ്റേഷൻ നിർത്തലാക്കുവാൻ ശ്രമം തുടങ്ങിയിട്ട് കാലമേറെയായിട്ടുണ്ട്. പലവിധ സമ്മർദ്ദങ്ങൾക്കു വിധേയമായി ഇക്കാലമത്രയും ഈ സ്റ്റേഷൻ നിറുത്തലാക്കാൻ ഭീഷണിയിൽ നിന്നും രക്ഷപ്പെട്ടു എന്നുള്ളതാണ് സത്യം. ബസ് ടിക്കററ് നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ എറണാകുളത്തേക്ക് ടിക്കററൊന്നിന് 6 ക യുടെ ലാഭമുണ്ടായിട്ടും ഈ പ്രദേശത്തുള്ളവർ ബസ് മാർഗ്ഗം തന്നെ തിരഞ്ഞെടുക്കുന്നതിന്റെ പ്രധാനകാരണം സമയത്തിന് റെയിൽവേസ്റ്റേഷനിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ട് ഒന്നുമാത്രമാണ്. രാപ്പാൾ മുത്രത്തിക്കര ലിങ്ക് റോഡ് നിലവിൽ വരികയും മുത്രത്തി

ക്കര റെയിൽവേ സ്റേറഷൻ റോഡ് വീതികൂട്ടി ബസ് ഗതാഗതം സാദ്ധ്യമാവുകയും ചെയ്താൽ തീർച്ചയായും മേൽപറഞ്ഞ ഗതികേടിൽ നിന്നും നെല്ലായി റെയിൽവേ സ്റേറഷൻ രക്ഷപ്പെട്ട മെന്ന് മാത്രമല്ല സാമ്പത്തികമായി സ്റേറഷൻ അഭിവൃദ്ധി പ്രാപിക്കുകയും തദ്വാര കൂടുതൽ പാസഞ്ചർ എക്സ്പ്രസ് വണ്ടികൾ നിറുത്തിക്കിട്ടുന്നതിനും സ്റേറഷൻെറയും പഞ്ചായത്തി ൻെറയും സർവ്വതോന്മുഖമായ അഭിവൃദ്ധിയ്ക്ക് കാരണമാവുകയും ചെയ്യാവുന്നതാണ്. ചരിത്രപ്രധാന മായ ഈ പഞ്ചായത്തിന് അതിൻെറ ചരിത്രത്തിൽ കൂടുതൽ പഴക്കമുള്ള ഈ സ്റേറഷനെ നില നിർത്തുന്നതിന് വേണ്ടതു ചെയ്യാനുള്ള ധാർമ്മിക ബാദ്ധ്യത ഏറെയുണ്ട്.

പഞ്ചായത്ത് അതിർത്തിയിൽ പ്രധാനപ്പെട്ട ചില സ്ഥലങ്ങളിൽ ഓട്ടോറിക്ഷ, ടാക്സികാറു കൾ, ടെമ്പൊ, ലോറി എന്നിവയ്ക്ക് പാർക്കിങ്ങ് സൗകര്യങ്ങളും സ്റ്റാൻറുകളും ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. സൗകര്യപ്രദമായ സ്ഥലങ്ങളിലുള്ള പഞ്ചായത്ത് പുറമ്പോക്കുകൾ ഇവയ്ക്കായി ഉപയോഗിക്കാം. നന്തിക്കര ജംഗ്ഷൻ, കുറുമാലി, പറപ്പൂക്കര, നെടുമ്പാൾ, തൊട്ടിപ്പാൾ, നെ ല്ലായി എന്നിവിടങ്ങളിൽ ഇതിന് സൗകര്യങ്ങൾ ഉണ്ട്. പഞ്ചായത്തിന് ഒരു വരുമാന മാർഗ്ഗ മായും ഇതുപകരിക്കാം. യാത്രക്കാരുടെ സൗകര്യാർത്ഥം നന്തിക്കര, കുറുമാലി, മുത്രത്തിക്കര, നെടുമ്പാൾ, തൊട്ടിപ്പാൾ എന്നിവിടങ്ങളിൽ ബസ്സ് സ്റേറാപ്പുകളിൽ ഷെൽട്ടറുകൾ പണിയേ ണ്ടത് അത്യാവശ്യമാണ്. ഇവിടങ്ങളിൽ സൗകര്യപ്രദമായ സ്ഥലം P.W.D. പുറമ്പോക്കുകളു മുണ്ട്. പഞ്ചായത്തിനു നേരിട്ടോ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിലോ ഷെൽട്ടറുകൾ നിർമ്മി ക്കാവുന്നതാണ് **പരസ്യങ്ങൾവഴി പഞ്ചായത്തിന് വരുമാനവും ലഭ്യമാകും.**

**സാധ്യതകൾ:-**

നാലുമീററർ അതിൽ താഴെയോ വീതിയുള്ള എല്ലാ റോഡുകളും പൊതുജന സഹകരണ ത്തോടെ വീതികൂട്ടി മതിയായ ഓടകൾ നിർമ്മിക്കണം. പഞ്ചായത്തധീനതയിലുള്ള പ്രധാന റോഡുകൾ ടാർ ചെയ്യണം. അവയെ പ്രധാന P. W. D. റോഡുകളുമായി ബന്ധിപ്പിക്കണം. ഗതാഗതസൗകര്യത്തെ മുൻനിർത്തി ലിങ്ക് റോഡുകൾ നിർമ്മിക്കുക. റോഡു സംരക്ഷണത്തിൽ വാർഡു കൾ തോറും പ്രാദേശിക കമ്മററികൾ രൂപീകരിക്കണം അനധികൃതമായി റോഡുകയ്യേററങ്ങളും ഗതാ ഗതത്തിന് വിഘ്നമാകാവുന്ന രീതിയിൽ റോഡതിർത്തിയിൽ വൃക്ഷങ്ങൾ-പ്രത്യേകിച്ചും മുളങ്കാടുകൾ വെച്ചുപിടിപ്പിക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിയ്ക്കുക. അത്തരം പ്രവണ തകളെ ആദ്യഘട്ടത്തിൽതന്നെ നിരുത്സാഹപ്പെടുത്തുക.

റോഡുകളുടെ അററകുററപ്പണികൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ സന്നദ്ധസംഘടനകളോ തൊഴിൽ രഹിതരുടെ സൊസൈററികളോ രൂപീകരിക്കുക. നിശ്ചിത തുകക്കുള്ള പണികൾ അവരെ കൊണ്ടുതന്നെ ചെയ്യിയ്ക്കുക ഇടത്തട്ടുകാരെ ഒഴിവാക്കുക. ബ്ലോക്ക്/ജില്ലാപഞ്ചായത്തടിസ്ഥാനത്തിൽ പൊതുമരാമത്തു പണികൾക്ക് ആവശ്യമായ യന്ത്രോപകരണങ്ങളും വിദഗ്ധതൊഴിലാളിസംഘങ്ങളും രൂപീകരിക്കുന്നത് ഏറെ നന്നായിരിയ്ക്കും. മുളങ്ങ്, നെല്ലായി വാർഡുകളിൽ പ്രത്യേകിച്ചും **നീർ ക്കെട്ടുകൾ ഒഴിവാക്കുവാൻ** ആവശ്യമായ റോഡുകളിൽ കൽവർട്ടുകൾ നിർമ്മിക്കുക. P. W. D. റോഡും പഞ്ചായത്തു റോഡും സന്ധിയ്ക്കുന്ന സ്ഥലങ്ങളിൽ കൽവർട്ടുകളോ കാന കളോ നിർമ്മിക്കുക

# ഊർജ്ജം

വ്യാവസായിക വളർച്ച എത്തുന്നതിന് മുമ്പ് പ്രകൃതിയിൽ നിന്നും കിട്ടുന്ന ഊർജ്ജത്തെ ആശ്രയിച്ചാണ് മനുഷ്യൻ ജീവിച്ചിരുന്നത്.

ഭക്ഷണവും മററും പാകം ചെയ്യുന്നതിന് വിറകും, ചാണകം, ഉമി എന്നിവ കൂട്ടി കുഴമ്പ് പരുത്തിയെടുത്ത് ഉണക്കിയ ചാണകപ്പട്ടയും നിലം ഉഴുകുന്നതിന് കാളകൾ, പോത്തുകൾ എന്നീ വിഭാഗത്തിൽപ്പെടുന്ന മൃഗങ്ങളേയും ഉപയോഗിച്ചിരുന്നു.

പിന്നീടുള്ള കാലഘട്ടത്തിൽ ശാസ്ത്രംപുരോഗമിക്കുകയും വൈദ്യുതി പ്രധാന ഊർജ്ജമായി കണ്ടെത്തുകയും ചെയ്തു. വ്യവസായം, കൃഷി, വീട്ടാവശ്യങ്ങൾ എന്നിവയ്ക്ക് ഇന്ന് വൈദ്യുതി പ്രധാനമായും ഉപയോഗിച്ചുവരുന്നു.

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട പല വ്യവസായങ്ങളും, ജലസേചന സൗകര്യങ്ങളും വൈദ്യുതിയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. കാർഷികാവശ്യത്തിനുമാത്രം 1423 മോട്ടോറുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പാചകം കൂടുതലായും വിറക് ഉപയോഗിച്ചാണ് പാചകവാതകത്തിന്റെ ഉപയോഗം വളരെ കുറവാണ്. വാതകം പഞ്ചായത്തിൽ വിതരണം ചെയ്യുന്നതിനുത്തിന്റെ ഉപയോഗം വളരെ കുറവാണ്.

ഒരു വർഷം വീടുകളിൽ ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ ഏകദേശം അളവ്:-

| | |
|---|---|
| വിറക് | 5400 ടൺ |
| കാർഷികാവശിഷ്ടങ്ങൾ | 8000 ടൺ |
| പാചകവാതകം | കണക്കുകൾ കൃത്യമല്ല |
| മണ്ണെണ്ണ | 120000 ലിററർ |

പാചക ഗ്യാസിന്റെ ലഭ്യത സുഗമമാക്കുന്നതിന് പഞ്ചായത്തിൽ അംഗീകൃത ഏജൻസികളെ നിയമിക്കേണ്ടതാണ്

പുകയില്ലാത്ത അടുപ്പുകൾ കുറഞ്ഞചിലവിൽ കൂടുതൽ പേർക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രവർത്തന സജ്ജമായ ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുകയാണെങ്കിൽ ലൈനുകളിൽ വൈദ്യുതി നഷ്ടപ്പെടുന്നതിന് പരിഹാരം കാണാവുന്നതും, വീടുകളിൽ ശരിയായ വിധത്തിൽ വയറിങ്ങ് നടത്തി എർത്ത് വേണ്ട വിധത്തിൽ ഏർപ്പെടുത്തിയാൽ അതുമൂലം വലിയ ശതമാനം വൈദ്യുതി നഷ്ടം ഒഴിവാക്കാവുന്നതുമാണ്.

വൈദ്യുതിയുടെ ഉപയോഗ വിവരം:

| മൊത്തം വീടുകളുടെ എണ്ണം | വൈദ്യുതീകരിച്ച വീടുകൾ | സൗജന്യമായി വൈദ്യുതീകരണം | തെരുവ് വിളക്കുകൾ |
|---|---|---|---|
| 6500 | 3215 | 218 | ബൾബ് 627<br>ട്യൂബ് 74 |

# പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

| നമ്പ്ര് | സ്ഥലം | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | തൊട്ടിപ്പാടം | 3 | |
| 2 | മുളങ്ങ് | 1 | |
| 3 | രാപ്പാടം–പറാത്തോട് | 1 | |
| 4 | പറപ്പൂക്കര പടിഞ്ഞാറു ഭാഗം | 1 | |
| 5 | പറപ്പൂക്കര കിഴക്കേഭാഗം | 2 | |
| 6 | പറപ്പൂക്കര | 1 | |
| 7 | നെട്ടമ്പാടം | 1 | |
| 8 | മുത്രത്തിക്കര | 3 | |
| 9 | കുറുമാലി (രാപ്പാൾ വാർഡ്) | 3 | |
| 10 | നന്തിക്കര | 2 | |
| 11 | നെല്ലായി | 2 | |
| 12 | പന്തല്ലൂർ | 2 | |
| 13 | പോങ്കോത്ര (നെല്ലായി വാർഡ്) | 1 | |
| 14 | ആലത്തൂർ | 2 | |
| 15 | കെ. ആർ. എസ്. ഓയിൽമിൽ | 1 | |
| 16 | ദീപാ പ്ലാസ്റ്റിക്ക് | 1 | |
| 17 | രാപ്പാടം | 1 | |
| 18 | വാസ്കോ സിറാമിക്സ് | 1 | |
| 19 | കെ. ആർ. എസ് സിറാമിക്സ് | 1 | |
| 20 | നെല്ലായി | 3 | |
| 21 | മേരി വിജയം പ്ലാസ്റ്റിക് കമ്പനി | 1 | |
| 22 | വൈലൂർ | 1 | |
| 23 | വി, കെ. ശങ്കരൻ | 1 | |
| 24 | V. P. പോടം | 1 | |
| 25 | സന്ധ്യ പോങ്കോത്ര | 1 | |
| 26 | കെ. സി. കെ. കമ്പനി | 1 | |
| 27 | ഉമ പോട്ടറീസ് | 1 | |
| 28 | മാണിക്യൻ സിറാമിക്സ് | 1 | |
| 29 | തൊട്ടിപ്പാടം | 1 | |
| 30 | ഹൈനിസ്റ്റൽ ഓട്ടുകമ്പനി | 1 | |
| 31 | പറപ്പൂക്കര കിഴക്കേഭാഗം | 1 | |
| | ആകെ | 44 | |

# ഊർജം: പരിഹാര മാർഗങ്ങൾ:—

1 വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കാര്യക്ഷമമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

2 കാലാകാലങ്ങളിൽ വൈദ്യുതി ലൈനുകളുടെ അററകുററപണികൾ നടത്തുക.

3 ആവശ്യാനുസരണം സ്ട്രീററ് ലൈററുകൾ ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിക്കുക.

4 ചെറുകിട വ്യവസായങ്ങൾക്കും വീടുകൾക്കുമുള്ള വൈദ്യുതി കണക്ഷനുകൾ പരമാവധി വേഗത്തിൽ കൊടുക്കുക.

5 ഈ പഞ്ചായത്തിലെ നാഷണൽ ഹൈവേയുടെ ഓരങ്ങളിൽ സോഡിയം ബെപ്പർ ലാംബുകൾ സ്ഥാപിക്കുക.

6 പാചക വാതക ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം ബയോ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

7 പാചകാവശ്യത്തിന് മണ്ണെണ്ണ പെർമിററുകൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥ ലഘൂകരിക്കുക.

8 പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

9 പഞ്ചായത്ത് അടിസ്ഥാനത്തിൽ പാചകഗ്യാസ് ബുക്കിങ്ങ് കേന്ദ്രം തുറക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

10 പറപ്പൂക്കര K. S. E. B. യുടെ കീഴിൽ നെല്ലായിയിൽ ഒരു സബ്ബ് – എഞ്ചിനീയർ ഓഫീസ് തുടങ്ങുക.

11 നെടുമ്പാൾ തെക്കുമുറി പ്രദേശത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

# പാർപ്പിടം

പറപ്പൂക്കര ഗ്രാമപഞ്ചായത്തിൻെറ ആദ്യകാലഘട്ടത്തിൽ വളരെ ചെറിയ ഒരു വിഭാഗത്തിനു മാത്രമേ സൗകര്യപ്രദമായ വീടുകൾ ഉണ്ടായിരുന്നുള്ള മററുള്ളവർക്ക് മണ്ണ്, ഓല, വൈക്കോൽ, മുള ഓട്, എന്നിവ കൊണ്ട് നിർമ്മിച്ച ഒററ മുറികളുള്ള വീടുകളായിരുന്നു. എന്നാൽ കഴിഞ്ഞ മുപ്പത്തിയഞ്ചു വർഷമായി അനുഭവപ്പെട്ട സാമൂഹ്യ സാമ്പത്തിക വളർച്ച വീടുകളുടെ നിർമ്മാണരീതിയിൽ കാര്യമായ മാററം വരുത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ വീടുകളുടെ സ്ഥിതി പൊതുവേ തൃപ്തികരമാണെങ്കിലും ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്നവരുടെ ഭവനനിർമ്മാണത്തിൻെറ കാര്യത്തിൽ ഒരു ഏകീകരണവും ഉണ്ടാകേണ്ടിയിരിക്കുന്നു. പരമ്പരാഗത വാസ്തു ശിൽപ്പ മാതൃകയിലുള്ളവ ഇന്ന് വളരെ കുറവായാണ് കാണപ്പെടുന്നത്. ആധുനിക തലമുറ കോൺക്രീററ് വീടുകളെയാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. വാസ്തു ശില്പമാതൃകയിലുള്ള വീടുകളുടെ നിർമ്മാണത്തിന് വൈദഗ്ദ്യം ലഭിച്ച തൊഴിലാളികളുടെ ലഭ്യതകുറവും വർധിച്ച അസംസ്കൃതപദാർത്ഥങ്ങളുടെ ക്ഷാമവും ഇതിന് പ്രധാന കാരണങ്ങളാണ്.

നിർദ്ദേശങ്ങൾ:—

1 പുറമ്പോക്കിൽ താമസിക്കുന്ന മുഴുവൻ പേരെയും ശാശ്വതമായ സ്ഥലങ്ങളിലേക്ക് മാററി പാർപ്പിക്കുക.

2 സ്വന്തമായ സ്ഥലമുള്ള ദുർബലവിഭാഗക്കാരായ എല്ലാവർക്കും വീട് നിർമ്മാണത്തിനാവശ്യമായ സഹായം നൽകുക.

3 ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുക.

4 കക്കൂസുകൾ ഇല്ലാത്ത മുഴുവൻ ദുർബ്ബല വിഭാഗക്കാർക്കും അവ ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുക.

## പറപ്പൂക്കര ഗ്രാമപഞ്ചായത്ത് IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വെ പ്രകാരമുള്ള ആകെ കുടുംബങ്ങളുടെ എണ്ണം | SC/ST കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | സാമ്പത്തിക സഹായംലഭിച്ച SC/ST കുടുംബങ്ങൾ | സാമ്പത്തിക സഹായംമൂലം ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ. സഹായധനം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| 1 | 163 | 20 | 28 | 14 | 4 | 159 |
| 2 | 176 | 40 | 32 | 15 | 6 | 170 |
| 3 | 193 | 28 | 40 | 15 | 30 | 184 |
| 4 | 196 | 37 | 28 | 12 | 3 | 173 |
| 5 | 179 | 32 | 30 | 14 | 5 | 174 |
| 6 | 148 | 23 | 17 | 12 | 4 | 144 |
| 7 | 187 | 39 | 42 | 17 | 6 | 131 |
| 8 | 190 | 150 | 12 | 10 | 3 | 18 |
| 9 | 184 | 19 | 23 | 7 | 5 | 179 |
| 10 | 185 | 29 | 19 | 2 | 3 | 182 |
| 11 | 233 | 47 | 16 | 6 | 2 | 231 |

## പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ [illegible] വിവരം

## I.R.D.P. സർവ്വെ പ്രകാരം

| വാർഡ് നമ്പർ | സാനിററി കക്കൂസുകൾ ഇല്ലാത്തവരുടെ എണ്ണം | [illegible] ആകെ എണ്ണം | [illegible] ലഭിച്ചവരുടെ എണ്ണം | കക്കൂസ് ആവശ്യമായവരുടെ എണ്ണം |
|---|---|---|---|---|
| 1 | 82 | 6 | 6 | 76 |
| 2 | 90 | 8 | 2 | 88 |
| 3 | 88 | 2 | 2 | 86 |
| 4 | 94 | 12 | 12 | 82 |
| 5 | 90 | 2 | 2 | 88 |
| 6 | 78 | 2 | 2 | 76 |
| 7 | 72 | 3 | 3 | 69 |
| 8 | 76 | 3 | 3 | 73 |
| 9 | 70 | 2 | 2 | 68 |
| 10 | 67 | 1 | 1 | 66 |
| 11 | 145 | 18 | 18 | 127 |

## പറപ്പൂക്കര ഗ്രാമപഞ്ചായത്ത് I R D P സർവ്വെ പ്രകാരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ളവരുടെ എണ്ണം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കാത്ത വീടുകൾ | അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 27 | 7 | 4 | 3 | 20 |
| 2 | 36 | 12 | 8 | 4 | 26 |
| 3 | 46 | 11 | 5 | 6 | 35 |
| 4 | 36 | 8 | 4 | 8 | 28 |
| 5 | 42 | 9 | 3 | 6 | 33 |
| 6 | 32 | 8 | 3 | 5 | 32 |
| 7 | 46 | 10 | 4 | 6 | 36 |
| 8 | 40 | 8 | 3 | 5 | 32 |
| 9 | 36 | 6 | 1 | 5 | 30 |
| 10 | 39 | 3 | 2 | 1 | 36 |
| 11 | 78 | 12 | 6 | 6 | 66 |

# സാമൂഹ്യക്ഷേമം

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും ചെറുകിട നാമമാത്ര കർഷകരും, കാർഷിക തൊഴിലാളികളും മററു കൂലിവേലക്കാരുമാണ്. I R D P സർവ്വെപ്രകാരം 1964 പേർമാത്രമാണ് ആനുകൂല്യങ്ങൾക്ക് അർഹരായി കണക്കാക്കപ്പെട്ടിട്ടുള്ളത്. പഞ്ചായത്തിൻെറ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി കണക്കിൽ എടുക്കുമ്പോൾ അർഹതപ്പെട്ട പല കുടുംബങ്ങളും ഒഴിവാക്കപ്പെട്ടിട്ടുള്ളതായി കാണാം. വരുമാനപരിധി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം കുററമററതല്ല എന്നുള്ളതാണ് വസ്തുത. ദിവസക്കൂലിക്കാരുടെ വരുമാനം തിട്ടപ്പെടുത്തുമ്പോൾ അവക്കുലഭ്യമായ ശരാശരി ജോലിദിനങ്ങൾ കണക്കാക്കുന്നതിന് ശാസ്ത്രീയമായ സമീപനം കൈകൊള്ളുന്നില്ല. വസ്തുതകളുടെ വെളിച്ചത്തിൽ വിലയിരുത്തുമ്പോൾ യഥാർത്ഥത്തിൽ അർഹരായവരിൽ ചെറിയൊരു വിഭാഗം കുടുംബങ്ങൾക്ക മാത്രമേ I R D P പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ എന്നുകാണാം. മററു സാമൂഹ്യപദ്ധതിയുടെ കാര്യവും ഏറെ വ്യത്യസ്തമല്ല.

വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾപ്രകാരം ഈ പഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻലഭിക്കുന്ന 90 പേരും വിധവാ പെൻഷൻ ലഭിക്കുന്ന 70 പേരുമുണ്ട്. വികലാംഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ മററു പെൻഷനുകൾ, തൊഴിലില്ലായ്മ വേതനം എന്നിവ ലഭിക്കുന്നവരും ഉണ്ട്. വാർദ്ധക്യകാല പെൽഷൻ, വിധവാ പെൻഷൻ എന്നിവ ലഭിക്കുന്നതിന് അർഹരായിട്ടുള്ളവർ പരിഗണിക്കപ്പെടാത്തവരായി ഏറെ ഉണ്ട്. വാർഡുതലത്തിൽ വ്യാപകമായ സർവ്വെ നടത്തിയാൽ ഈ യാഥാർത്ഥ്യം ബോധ്യമാകും. കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്ന പലരും മററു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. എന്നാൽ കൃഷിപ്പണിമാത്രം ചെയ്തുവന്നിരുന്ന നല്ലൊരു ശതമാനം തൊഴിലാളികൾക്കും കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നില്ല എന്നുള്ളത് ഒരു ദുഃഖസത്യമാണ്.

തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരുടെ പട്ടിക പരിശോധിച്ചാൽ അർഹരായ പലർക്കും ഇതു ലഭിക്കുന്നില്ല എന്നുകാണാം അതേസമയം ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന പലരും യഥാർത്ഥത്തിൽ ഇതിനു അർഹരല്ല എന്നു കാണാം. കാരണം ഈ ആനുകൂല്യം കൈപ്പററുന്നവരിൽ നല്ലൊരു വിഭാഗവും മററു പല മേഖലകളിലുമായി തൊഴിൽ ചെയ്യുന്നവരാണ്.

## പ്രശ്നങ്ങളും പരിഹാരങ്ങളും

വിവിധപെൻഷൻ പദ്ധതികൾക്ക് അർഹത നിശ്ചയിക്കുന്നതിനു ഇപ്പോൾ കണക്കാക്കി വരുന്ന വരുമാന പരിധി, വർദ്ധിച്ചു വരുന്ന ജീവിത ചിലവുകളെ ആസ്പദമാക്കി ഉയർത്തി നിശ്ചയിക്കേണ്ടത് ആവശ്യമാണ്. സേവനത്തിനു നൽകുന്ന പെൻഷൻ ആയതുകൊണ്ട് കർഷക തൊഴിലാളി പെൻഷന് വരുമാനം മാനദണ്ഡമാക്കുവാൻ പാടില്ല. വാർഡ് അടിസ്ഥാനത്തിൽ സർവ്വെ നടത്തി അർഹരായവരെ ഉൾപ്പെടുത്തുവാനുള്ള നടപടിയും വേണ്ടതാണ്.

ക്ഷേമപദ്ധതികളുടെ നടത്തിപ്പ് പൊതുവെ കാര്യക്ഷമമല്ല. പദ്ധതികളുടെ വിവരങ്ങൾ പലർക്കും അറിയില്ല. അപേക്ഷ നൽകിയിട്ടും അർഹരായ പലർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഗുണഭോക്താക്കളെ ബോധവല്ക്കരിക്കുകയും പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഗ്രാമസഭകളുടെ പങ്കാളിത്തത്തോടെ ഗുണഭോക്താക്കളെ കണ്ടെത്തുകയും അതു വഴി അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതാണ്

സൗജന്യതൊഴിൽ ദാന പദ്ധതി പ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.



രാപ്പാൾ 6-ാം വാർഡിൽ നവംബർ 1-ന് നടന്ന പുനരർപ്പണദിനത്തിൽ റോഡ് പണി ശ്രമദാനം വാർഡ് മെമ്പർ ശ്രീ. മുരളി കുമ്പളപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു.

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും നല്കി വരുന്ന പോഷകാഹാര വിതരണം കാര്യക്ഷമമാക്കുക. പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും, സ്വന്തമായി സ്ഥലം, കെട്ടിടം, ഫർണ്ണിച്ചർ, കളികോപ്പുകൾ എന്നിവ ലഭ്യമാക്കുക. I C D S പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ പരിധി യഥാർത്ഥ ചിലവിനു അനുസരണമായി ഉയർത്തുക.

നിർദ്ധന കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹ ആവശ്യത്തിന് സഹായധനം നല്കുക വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ഇപ്പോൾ നല്കി വരുന്ന സഹായത്തിൻെറ പരിധി ഉയർത്തുക.

അനാഥരായ വൃദ്ധജനങ്ങൾക്കുവേണ്ടി പഞ്ചായത്തിൽ ഒരു അഗതിമന്ദിരം പണിയുക. പോഷകാഹാരവും, വൈദ്യസഹായവും നല്കുക. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും പൊതു ശ്മശാനങ്ങൾ നിർമ്മിക്കുക.

രക്തദാന ഗ്രൂപ്പുകൾ, വായനശാലകൾ, സാമൂഹ്യസന്നദ്ധസംഘടനകൾ, കലാ – കായിക സാംസ്കാരിക സംഘടനകൾ മുതലായവക്ക് കെട്ടിട നിർമ്മാണത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനും വേണ്ട ധനസഹായം ചെയ്യുക. പഞ്ചായത്തിൻെറ പല ഭാഗങ്ങളിൽ ഉള്ള പുറമ്പോക്കു ഭൂമികൾ ഇത്തരം സംഘടനകൾക്കു വേണ്ടി അനുവദിച്ചു കൊടുക്കുക.

ഉപഭോക്തൃ ഫോറങ്ങൾ സംഘടിപ്പിക്കുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക. മദ്യം, മയക്കമരുന്ന്, AIDS. തുടങ്ങിയവക്കും എതിരെ വ്യാപകമായ പ്രചരണം നൽകുക. സന്നദ്ധസംഘടനകളുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുക. അംഗൻവാടികളോട നുബന്ധിച്ച് "CRECHE" ഏർപ്പെടുത്തുക. പഞ്ചായത്തടിസ്ഥാനത്തിൽ യാചക മന്ദിരം നിർമ്മിക്കുക. ആവശ്യാനുസരണം പൊതുകളികടവുകൾ നിർമ്മിക്കുകയും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പഞ്ചായത്തു റോഡുകളിൽ സ്ട്രീററു ലൈററുകൾ സ്ഥാപിച്ച് രാത്രി കാല സഞ്ചാരം സുഗമമാക്കുക. പഞ്ചായത്തിൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ എത്രയും വേഗത്തിൽ കുടിവെള്ളം എത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

# സംസ്കാരം

കൊച്ചിരാജ്യത്തിൻെറ ഭാഗമായിരുന്ന ഈ പ്രദേശം ബ്രിട്ടീഷ് സർക്കാർ ഭരണത്തിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും സ്വാതന്ത്ര്യ പ്രാപ്തി വരെ രാജാവിൻെറ ഭരണത്തിൽ തന്നെ നിലനിന്നിരുന്നു പറപ്പൂക്കര പഞ്ചായത്തിൻെറ രൂപീകരണം തന്നെ കൊച്ചിമഹാരാജാവിൻെറ ആസ്ഥാന കവികളിൽ ഒരാളായിരുന്ന കവിതിലകൻ ചങ്ങരംകോത കൃഷ്ണൻ കർത്താവിൻെറ പരിശ്രമഫലമായിരുന്നു

ശ്രീകൃഷ്ണൻ കർത്താവ് കൊച്ചിമഹാരാജാവിനെ മുഖം കാണിച്ച് ആവശ്യപ്പെട്ടതനുസരിച്ച് അന്നത്തെ ദിവാനായിരുന്ന J. W. Bhor ഇവിടെ വരികയുണ്ടായി. ഈ സമയത്താണ് അഖിലേന്ത്യ കരകൗശലകാർഷിക പ്രദർശനം പറപ്പൂക്കരയിൽ നടന്നത്. തൊട്ടിപ്പാൾ, പറപ്പൂക്കര. നെല്ലായി, ചെങ്ങാലൂർ, തൊറവ്, നന്തിക്കര എന്നീ വില്ലേജുകൾ ഉൾപ്പെട്ട പ്രദേശമായിരുന്നു അന്നത്തെ പറപ്പൂക്കര പഞ്ചായത്ത്.

കൊച്ചി മഹാരാജ്യത്ത് ആദ്യമായി രൂപം കൊണ്ട പഞ്ചായത്തുകളിൽ ഒന്നാണ് പറപ്പൂക്കര 'പറപോകുംകര' എന്ന അർത്ഥത്തിലാണ് ഇതിന് പറപ്പൂക്കര എന്ന പേരുവന്നത് ഈ പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് ശ്രീ ചങ്ങരംകോത കൃഷ്ണൻ കർത്താവ് ആയിരുന്നു.

ആദ്യകാലത്ത് 50 രൂപ വരെയുള്ള സിവിൽകേസുകളിലും, ക്രിമിനൽ കേസുകളിലും ശിക്ഷ വിധിക്കുന്നതിനുള്ള അധികാരം കൂടി പഞ്ചായത്ത് കമ്മിററിക്കുണ്ടായിരുന്നു. 'പഞ്ചായത്ത് കോടതി ' എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. പിന്നീട് ഈ അധികാരങ്ങൾ പഞ്ചായത്തിൽ നിന്നും 'വില്ലേജ് കോടതികളി'ലേക്ക് കൈമാറി. സ്വാതന്ത്ര്യപ്രാപ്തിവരെ ഈ രീതി തുടരുകയും ചെയ്തു.

സ്വാതന്ത്ര്യസമരത്തിനും പഞ്ചായത്തിന് അതിൻേറതായ പങ്കുവഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇവരിൽ പ്രധാനികൾ സർവ്വശ്രീ. സി. കേശവൻകർത്താവ്, മുൻമന്ത്രി കെ. ടി. അച്ചുതൻ, മുൻമുഖ്യമന്ത്രി ശ്രീ സി അച്ചുതമേനോൻ, എൻ. എസ്. വെങ്കുസ്വാമി, ഫാദർ ജോസഫ് പുല്ലോക്കാരൻ എന്നിവരാണ്. സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായി ആദ്യകാല ഖാദിപ്രസ്ഥാനം വളർത്തുന്നതിന് നേതൃത്വം നൽകിയ പ്രഗൽഭമതികളാണ് സർവ്വശ്രീ. സി. നാരായണമേനോൻ, ചങ്ങരംകോത കേശവൻകർത്താവ് കെ.ആർ ഭാസ്കരൻ, കെ.ടി അച്ചുതൻ, കൈയ്പ്പിള്ളി ഭാസ്കരൻ നമ്പൂതിരി വടക്കുംകര നമ്പ്യാർ, കുന്നത്തേരി ദിവാകരൻ കർത്താവ്, പന്തല്ലൂർ ഗാന്ധിയെന്നറിയപ്പെടുന്ന കെ. പി. ശ്രീധരൻകർത്താവ് എന്നിവർ. പറപ്പൂക്കര പഞ്ചായത്തിൻെറ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസരംഗങ്ങളിൽ നിറഞ്ഞുനിന്നിരുന്ന വ്യക്തികളാണ് ചങ്ങരംകോത കൃഷ്ണൻ കർത്താവ്, ഫാദർ ജോസഫ് പുല്ലോക്കാരൻ, കാരിക്കോട്ട് കിട്ടു, കല്ലിക്കടവിൽ രാമൻ തുടങ്ങിയവർ.

പറപ്പൂക്കര പഞ്ചായത്തിൽ 1893 ൽ നെല്ലായി പ്രദേശത്ത് തൃശ്ശൂർ സുറിയാനി പാലം പ്രവൃത്തിപാഠശാല ആദ്യമായി രൂപംകൊണ്ടു. 1896 ൽ പറപ്പൂക്കരയിൽ ആദ്യമായി സ്കൂൾ രൂപീകരിച്ചു. 1909 ൽ നന്തിക്കരയിലും 1938 ൽ തൊട്ടിപ്പാളിലും സ്കൂളുകൾ രൂപീകരിച്ചു. 1944 ൽ പന്തല്ലൂർ ഗാന്ധി ശ്രീ. കെ. പി. ശ്രീധരൻ കർത്താവിൻെറ ശ്രമഫലമായി പന്തല്ലൂരിൽ സ്കൂൾ ആരംഭിച്ചു.

1936ൽ പറപ്പൂക്കരയിൽ ആദ്യമായി ഒരു വായനശാല രൂപീകരിക്കുകയുണ്ടായി. 1938ൽ തൊട്ടിപ്പാളിലും 1948ൽ മുത്രത്തിക്കരയിലും ഇതേസമയം തന്നെ നെല്ലായിയിലും വായനശാലകൾ രൂപീകരിക്കപ്പെട്ടു

1916 ഡിസംബർ 10 മുതൽ 16 വരെ ഈ പഞ്ചായത്തിൽപ്പെട്ട പറപ്പൂക്കരയിൽ വച്ച് ഒരു അഖിലേന്ത്യാ കാർഷിക വ്യാവസായിക പ്രദർശനവും നടന്നിട്ടുണ്ട്. പഴയ കൊച്ചി സംസ്ഥാനത്ത് പറപ്പൂക്കര കേന്ദ്രമായി പറപ്പൂക്കര ദ്വയാങ്കനിയോജകമണ്ഡലവും ഉണ്ടായിരുന്നു

ഇന്ന് തൊട്ടിപ്പാൾ, പറപ്പൂക്കര, നന്തിക്കര, പന്തല്ലൂർ എന്നിവിടങ്ങളിൽ U.P സ്കൂളുകൾ നിലവിലുണ്ട്. പറപ്പൂക്കരയിലും നന്തിക്കരയിലും ഒന്ന് വീതം ഹൈസ്കൂളുകളും നന്തിക്കരയിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്. രാപ്പാൾ പോങ്കോത്ര ആലത്തൂർ, എന്നിവിടങ്ങളിൽ എൽ പി. സ്കൂളുകളും പ്രവർത്തിക്കുന്നു.

നാട്ടുവാഴി ജന്മിത്വം നിലനിന്നിരുന്ന കാലത്ത് സാമൂഹ്യമാററത്തിന് നേതൃത്വം നല്കുന്നതിന് ശ്രീനാരായണ ധർമ്മപരിപാലനസംഘം, പുലയമഹാസഭ, തുടങ്ങിയ പ്രസ്ഥാനങ്ങൾ ഇവിടെ രൂപംകൊള്ളുകയുണ്ടായി. സവർണ്ണമേധാവിത്വം നിലനിന്നിരുന്ന അക്കാലത്ത് മുന്നോക്കവിഭാഗത്തിൽ നിന്നും സാമൂഹ്യമാററത്തിന് ഇറങ്ങിതിരിച്ചവരിൽ വിസ്മരിക്കുവാൻ സാധിക്കാത്ത ഒരു പേരാണ് ഡോ. ആർ. എസ്സ് കൃഷ്ണയ്യർ. (ഇപ്പോഴത്തെ ചീഫ് ഇലക്ഷൻ കമ്മീഷണർ ടി. എൻ. ശേഷൻെറ ഭാര്യാപിതാവ്).

വിദ്യാഭ്യാസരംഗത്തുണ്ടായ വളർച്ചയും വായനശാലകളും, സാംസ്കാരികരംഗത്തെയും ആരോഗ്യരംഗത്തെയും വളർച്ചക്ക് ആക്കംകൂട്ടി, അതുവഴി അധഃകൃതവിഭാഗങ്ങളുടെ ഉന്നമനത്തിനും ആവേശത്തിനും സഹായകമായി

ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ളീംകളും ഇവിടെ പരസ്പര സൗഹാർദ്ദത്തോടെ ജീവിച്ചു പോരുന്നു. ഗ്രാമീണ ജീവിതത്തെ ഏറെ സ്വാധീനിക്കുന്നവയാണ് ക്ഷേത്രോത്സവങ്ങളും, പള്ളി തിരുനാളുകളും, ആചാരങ്ങളും, ചെറുതും വലുതുമായ അനേകം ക്ഷേത്രങ്ങളും, പള്ളികളും ഇവിടത്തെ ജനങ്ങളുടെ സാംസ്കാരിക ജീവിതത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. അവയിൽ ചില ദേവാലയങ്ങളെക്കുറിച്ച് പ്രതിപാദിച്ചാൽ.–

തൊട്ടിപ്പാറം ഭഗവതിക്ഷേത്രം:

കാർത്യായനി പ്രതിഷ്ഠയുള്ള ഈ ക്ഷേത്രം ആറുനാട്ടിൽ പ്രഭുക്കൻമാരിൽപ്പെട്ട ചങ്ങരംകോത കർത്താക്കൻമാരുടേതായിരുന്നു. ഇന്ന് കൊച്ചിൻ ദേവസ്വം ബോർഡാണ് ഭരണം നടത്തിപോരുന്നത്. പ്രസിദ്ധമായ ആറാട്ടുപുഴപൂരത്തിൻെറ പകൽപൂരം ഇവിടെയാണ്.

പറപ്പൂക്കര സുബ്രഹ്മണ്യ സ്വാമിക്ഷേത്രം:

ഇടവമാസത്തിൽ ഷഷ്ഠിനാളിൽ ആഘോഷിക്കുന്ന കാവടിയുത്സവം പറപ്പൂക്കര ഷഷ്ഠി എന്ന നാമധേയത്തിൽ പ്രസിദ്ധമാണ്. പത്തോളം ദേശക്കാരുടെ വകയായി അന്നേദിവസം ഇവിടേക്ക് കാവടിഘോഷം എത്തിക്കാറുണ്ട്. ദേശക്കാരുടെ കമ്മിററിയാണ് ഈ ക്ഷേത്രഭരണം നടത്തി വരുന്നത്.

കുറുമാലി ഭഗവതിക്ഷേത്രം:

പുതുക്കാട് പഞ്ചായത്തിൻേറയും പറപ്പൂക്കര പഞ്ചായത്തിൻേറയും മദ്ധ്യേ ഒഴുകുന്ന കുറുമാലി പുഴയുടെ തീരത്ത് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നു. എങ്കിലും പറപ്പൂക്കര പഞ്ചായത്തിലെ നന്തിക്കര ദേശത്തെ നന്തിക്കര പറയവിഭാഗവുമായി ഐതിഹ്യമുള്ള ക്ഷേത്രമാണ് ഇത്. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും ഈ ക്ഷേത്രതട്ടകത്തിൽ ഉൾപ്പെടുന്നു. ഇന്ന് കൊച്ചിൻ ദേവസ്വം ബോർഡിൻെറ ഭരണത്തിലാണ് ഈ ക്ഷേത്രം ചുററമ്പലത്തിനകത്ത് ഉപപ്രതിഷ്ഠകളില്ലാത്ത അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നാണ് ഇത്. കുംഭമാസത്തിൽ ഭരണിയാഘോഷമാണ് ഇവിടുത്തെ പ്രധാന ഉത്സവം. പ്രസിദ്ധമായ പതിനെട്ടരക്കാവുകളിൽപ്പെട്ട ഒന്നാണ് ഈ ക്ഷേത്രം.

വൈലൂർ ശിവക്ഷേത്രം:

പ്രസിദ്ധമായ കൈമുക്ക് വൈദികരുടേതാണ് വളരെ ഏറെ പഴക്കം പറയുന്ന ഈ ക്ഷേത്രം. ആറ് വർഷത്തിലൊരിക്കൽ ഇവിടേയും വേദഘോഷം നടന്നുവരുന്നു. കുംഭമാസത്തിലെ ശിവരാത്രിയാണ് ഇവിടുത്തെ പ്രധാന ഉത്സവം. പഴയകാലത്ത് ഏററവുമധികം വരുമാനമുള്ള ക്ഷേത്രങ്ങളിൽ ഒന്നാണ് ഈ ക്ഷേത്രം. ഊരാൺമാർ തന്നെ ഭരണം നടത്തിപ്പോരുന്നു,

കിഴുത്തുള്ളി മഹാവിഷ്ണുക്ഷേത്രം, തൃക്കണ്ഠപുരം ക്ഷേത്രം, മുത്രത്തൂർ ശിവക്ഷേത്രം, രാപ്പാറം ശ്രീകൃഷ്ണക്ഷേത്രം, നന്തിക്കര കിഴക്കേടത്ത് ശിവക്ഷേത്രം, ഇരവിപുരം ശ്രീകൃഷ്ണ ക്ഷേത്രം, മഹാമുനിമംഗലം ക്ഷേത്രം, പന്തല്ലൂർ വിഷ്ണുക്ഷേത്രം, കൊളത്തുക്കാവ് ക്ഷേത്രം, തുപ്പം കാവ് ക്ഷേത്രം, ആലത്തൂർ വിഷ്ണുക്ഷേത്രം തുടങ്ങിയവയാണ് ഈ പഞ്ചായത്തിലെ മററു ക്ഷേത്രങ്ങൾ.

പ്രസിദ്ധമായ ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നടക്കുന്ന ആറാട്ട് ചടങ്ങ് ഒന്നിടവിട്ട കൊല്ലങ്ങളിൽ ഈ പഞ്ചായത്തിൽപ്പെട്ട രാപ്പാറം ആറാട്ട് കടവിലാണ് നടക്കുന്നത്. ( മററുകൊല്ലങ്ങളിൽ ചാലക്കുടി കൂടപ്പുഴക്കടവിലും ) ശ്രീകൂടൽമാണിക്യം ക്ഷേത്രത്തിൻെറ അകമ്പടി അവകാശികളിൽപ്പെട്ട ആറ് നാട്ടിൻ പ്രഭുക്കൻമാരിൽപ്പെട്ട ശങ്കരൻ കോതകർത്താവ്, കുന്നത്തേരികർത്താവ്, ചങ്ങരംകണ്ടകർത്താവ്, എന്നിവരുടെ ആസ്ഥാനം ഉൾക്കൊള്ളുന്ന പ്രദേശംകൂടിയാണ് ഇവിടം,

പ്രസിദ്ധമായ ഇരിങ്ങാലക്കുട കുട്ടൻകുളത്തിൻെറ നിർമ്മാതാവെന്ന് ചരിത്രം ഉദ്ഘോഷിക്കുന്ന ചങ്ങരംകണ്ടകുട്ടൻ കർത്താവ് രാപ്പാറം നിവാസിയായിരുന്നു.

പഞ്ചായത്ത് അതിർത്തിയിലെ ക്രിസ്ത്യൻ ദേവാലയങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഒരു നൂററാണ്ടിലേറെ പഴക്കമുള്ള തൊട്ടിപ്പാൾ സെൻററ് മേരീസ് ദേവാലയത്തെക്കുറിച്ച് സ്മരിക്കാതെ വയ്യ. A. D. 400 ൽ പണികഴിപ്പിച്ചതാണെന്നു പറയുന്ന പറപ്പൂക്കര ഫൊറോന പള്ളി ആദ്യം സെൻററ് മേരീസ് പള്ളിയായിരുന്നു. പറപ്പൂരിലേക്ക് കൊണ്ടുപോയിരുന്ന വിശുദ്ധ യോഹന്നാൻെറ തിരുസ്വരൂപം സ്ഥലം മാറി പറപ്പൂക്കരയിൽ സ്ഥാപിച്ചുവത്രെ. അന്നു മുതൽ വിശുദ്ധ യോഹന്നാൻെറ നാമധേയത്തിൽ ഈ ദേവാലയം അറിയപ്പെടുന്നു. പഴയ കൊച്ചിസംസ്ഥാനത്ത് വിശുദ്ധയോഹന്നാൻെറ പ്രതിഷ്ഠയുള്ള രണ്ട് പള്ളികളിൽ ഒന്നാണ് ഇത് ഏകദേശം 500 വർഷങ്ങൾക്കുമുമ്പ് സെൻററ് ഫ്രാൻസീസ് സേവ്യർ ഇവിടം സന്ദർശിച്ചിരുന്നതായി ചരിത്രമുണ്ട്.

പറപ്പൂക്കര പള്ളിക്കുശേഷം പഴക്കം കൊണ്ട് തൊട്ടുപുറകിൽ നില്ക്കുന്നതാണ് നെല്ലായി സെൻററ്മേരീസ് പള്ളി കൂടാതെ നന്തിക്കര സെൻററ് മേരീസ് പള്ളിയും മററനേകം ചെറിയ കപ്പേളകളും ഈ പഞ്ചായത്തിലെ ക്രിസ്ത്യൻ ദേവാലയങ്ങളുടെ ഗണത്തിൽപ്പെടുന്നു

വൈദ്യശാസ്ത്ര രംഗത്ത് നിരവധി പ്രഗത്ഭന്മാർ ഉണ്ടായിരുന്ന പ്രദേശമാണ് പറപ്പൂക്കര. അവരിൽ ചിലരെ പ്രതിപാദിക്കാം. കൊച്ചി മഹാരാജാവിൻെറ കൊട്ടാരം വൈദ്യനും തീപ്പൊള്ളൽ ചികിത്സയിൽ പ്രഗൽഭനുമായിരുന്ന ശങ്കരംകോതകൃഷ്ണൻ കർത്താവ് ബാലചികിൽസാരംഗത്ത് പ്രഗത്ഭൻമാരായ രാപ്പാൾ വേലൻമാർ, തോട്ടുങ്ങ വൈദ്യർ, കുന്നത്തേരി കേശവൻ കത്താവ് കണ്ണചികിത്സയിൽ പ്രഗത്ഭനായിരുന്ന ഹോമത്തുകാട്ടിൽ തെയ്യം വൈദ്യർ കാളൻ നെല്ലായി എന്നപേരിൽ പ്രസിദ്ധരായ നെല്ലായി കാളൻവൈദ്യന്മാർ വാതചികിത്സാ വിദഗ്ദരായ പറാപറമ്പിൽ ശങ്കരൻവൈദ്യർ കുളത്തൂർ മഠം രാമൻകത്താവ് എന്നിവർ അവരിൽ പ്രമുഖരാണ്.

പറപ്പൂക്കരയിൽ ഇന്ന് പള്ളിവക അലോപ്പതി ഹോസ്പ്പിററലും നന്തിക്കരയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നതും വളരെ പഴക്കമേറിയതുമായ ആയുർവേദ ഡിസ്പെൻസറിയും പന്തല്ലൂരിൽ പ്രാഥമികാരോഗ്യകേന്ദ്രവും വിവിധകേന്ദ്രങ്ങളിൽ സബ്സെൻററുകളും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി വായനശാലകളും ആർട്സ് ആൻററ് സ്പോർട്സ് ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത്വക കമ്മ്യൂണിററിഹാളും അതിനോടനുബന്ധിച്ചുള്ള വായനശാലയും നെല്ലായിയിൽ സ്ഥിതിചെയ്യുന്നു. ഈ ഗ്രന്ഥശാലയ്ക്ക് ഒരു മുഴവൻ സമയം ലൈബ്രേറിയനില്ല എന്നത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. ഈ ലൈബ്രറികൾക്കു പുറമേ സ്കൂളുകളോടനുബന്ധിച്ച് ലൈബ്രറികളുമുണ്ട്.

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 35 ആർട്സ് & സ്പോട്സ് ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. മിക്കവാറും ക്ലബ്ബുകൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല. പന്തല്ലൂർ നവരത്നകലാസമിതിക്കുമാത്രം സ്വന്തം 48 സെൻറു സ്ഥലവും കെട്ടിടവും ഉണ്ട്. എല്ലാ വാർഷികത്തിനും നാടകം പ്രൊഫഷണൽ രീതിയിൽ പഠിച്ചവതരിപ്പിക്കുകയെന്നത് ഈ കലാസമിതിയുടെ എടുത്തുപറയാവുന്ന ഒരു പ്രത്യേകതയാണ്. സർക്കാർ സ്ഥാപനങ്ങളായ സബ്സെൻററിനും അംഗൻവാടിക്കും ഗ്രാമീണവായനശാലക്കും കെട്ടിടം പണിയാനുള്ള സ്ഥലം സംഭാവന ചെയ്തത് ഈ കലാസമിതിയാണെന്നത് പ്രത്യേകം സ്മരണീയമാണ്.

പഞ്ചായത്തുവകയായി ടി. വി. സെററുകളില്ല. ക്ലബ്ബുകളിലും വായനാശാലകളിലും റേഡിയോകൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മൂന്നു സിനിമാശാലകൾ ഈ പഞ്ചായത്ത് അതിർത്തിയിലുണ്ട്.

പഞ്ചായത്ത് വക സ്റേറഡിയം പറപ്പൂക്കരയിൽ സ്ഥിതിചെയ്യുന്നു. വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന രക്തദാനഗ്രൂപ്പുകളും ഇവിടെയുണ്ട്.

സാംസ്ക്കാരിക രംഗത്തെ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും:

1 പാശ്ചാത്യസംസ്ക്കാരത്തെ അന്ധമായി അനുകരിക്കാൻ നാം കാണിക്കുന്ന താല്പര്യം നമ്മുടെ സാംസ്കാരിക പൈതൃകത്തിൽ കളങ്കം ചാർത്തികൊണ്ടിരിക്കുന്നു.

2 ഇംഗ്ലീഷ് മീഡിയം സ്കൂളുകളോട് രക്ഷിതാക്കൾ കാട്ടിവരുന്ന അതീവതാൽപര്യം മലയാള ഭാഷ നേരിടുന്ന ഒരു വലിയ വെല്ലുവിളിയാണ്.

3 ബ്രിട്ടീഷ് ഭരണകാലത്ത് തങ്ങളുടെ സ്വാർത്ഥലാഭത്തിനുവേണ്ടിയായിരുന്നെങ്കിലും വിദ്യാഭ്യാസത്തിനും ഇംഗ്ലീഷ് ഭാഷയ്ക്കും നൽകപ്പെട്ടിരുന്ന പ്രാധാന്യവും പ്രോത്സാഹനവും നമ്മുടെ പ്രത്യേകിച്ച് അവർണ്ണവിഭാഗങ്ങളുടെ വിദ്യാഭ്യാസപുരോഗതിയിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ടെങ്കിലും സ്വാതന്ത്ര്യലബ്ധിക്കുശേഷവും ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾക്ക് നല്കികൊണ്ടിരിക്കുന്ന അമിതപ്രാധാന്യം വളരുന്ന തലമുറയിൽ സങ്കുചിത മനോഭാവം വളർത്താനെ സഹായിക്കു

4 ജാതിമത വിഭാഗങ്ങൾക്ക പ്രത്യേകം സ്കൂളുകളും കോളേജുകളും അനുവദിക്കുന്നതു വളരുന്ന തലമുറയെ ഒരു ചെറിയ വൃത്തപരിധിക്കുള്ളിൽ തളച്ചിടാനും അതിലൂടെ ജാതി ഗ്രൂപ്പ് ശക്തിപ്പെടുത്താനും മാത്രമേ കഴിയൂ. ഇതിന്റെ ഫലമായി കേരളത്തിലെ വായനശാലകൾ കലസാംസ്കാരിക സംഘടനകൾ എന്നിവ വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു

5 ജാതി തിരിച്ചുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കുന്ന സാമൂഹികവിഭജനം, കായിക വിനോദങ്ങൾകൊണ്ട് നേടാവുന്ന നേതൃത്വവാസന, അച്ചടക്കം, സഹകരണമനോഭാവം, ജാതി ചിന്തകൾക്ക് അതീതമായ കൂട്ടായ്മ എന്നിവക്ക് ഭീഷണിയാകുന്നു.

6 വായനശാലകൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നതിൽ ജനങ്ങൾ വിമുഖത കാണിക്കുന്നു. നാല്പതുകളിലും അമ്പതുകളിലും വായനയിൽ കാണിച്ചിരുന്ന താല്പര്യം ജനങ്ങൾക്കിന്നില്ല പ്രമുഖസാഹിത്യകാരനും പത്രപ്രവർത്തകനുമായ ശ്രീ കെ. ആർ ഭാസ്ക്കരന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട നന്തിക്കര വായനശാലയിൽ പ്രവർത്തിച്ചുവരുന്ന കർഷക ചർച്ചാ വേദി വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കർഷകർ മുന്നോട്ടു വരുന്നില്ല.

7 പത്രമാസികകളുടെ പ്രചരണം വർദ്ധിച്ചിട്ടുണ്ടെങ്കിലും അവയിൽ അസത്യങ്ങളും അർദ്ധസത്യങ്ങളും അമിതമായി കണ്ടുവരുന്നത് പത്രമാദ്ധ്യമങ്ങളോട് ജനങ്ങൾക്കുള്ള വിശ്വാസ്യത നഷ്ടപ്പെടാനും വായനക്കാരിൽ നിരാശതാബോധം വളരാനും ഇടവരുത്തുന്നു.

8 പൈങ്കിളി മാസികകളിലൂടെ വളർന്നു വരുന്ന സ്വപ്ന സംസ്ക്കാരം നമ്മുടെ കുടുംബ ജീവിതങ്ങളെ അതൃപ്തിയുടെ സങ്കേതങ്ങളായി മാററുന്നു.

9 കേബിൾ ടി വി. തുടങ്ങിയ ദൂരദർശൻ ശൃംഖലകളുടെ അതി പ്രസരം സാംസ്ക്കാരിക മൂല്യച്യുതിയിലേക്കു നയിക്കുന്നു.

സാധ്യതകൾ, നിർദ്ദേശങ്ങൾ

1 സാഹിത്യ സാംസ്ക്കാരികനായകന്മാരും ആത്മീയ നേതാക്കളും നമുക്കു നല്കിയ സാംസ്കാരിക പൈതൃകം നമുക്കു ശക്തി പകരുന്നു.

2 വായനശാലകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ഓരോ വായന ശാലയും മലയാള ഭാഷയേയും സംസ്ക്കാരത്തേയുംസംരക്ഷിക്കാനുള്ള സമര കേന്ദ്രങ്ങളാക്കി മാററുക.

3 വായനശാല, കലാസമിതി, സ്പോർട്സ് ക്ലബ്ബുകൾ, എന്നിവയിലെ പ്രവർത്തകരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വാർഡ് തല സാംസ്ക്കാരിക സമിതിയും പഞ്ചായത്ത്തല സാംസ്ക്കാരിക സമിതിയും രൂപീകരിക്കുക.

4 പഞ്ചായത്ത് തലത്തിൽ മലയാള ഭാഷാപ്രചരണത്തിന് ഒരു സ്ഥിരസംവിധാനം ഏർപ്പെടുത്തുക

5 മതപഠനവും സ്കൂൾവിദ്യാഭ്യാസവും വേർപ്പെടുത്തുക.

6 മതപണ്ഡിതൻമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മതവിശ്വാസങ്ങളുടെ പാവനതയും പരിശുദ്ധിയും പരിപാലിക്കാൻ ഭക്തികച്ചവടച്ചരക്കാക്കുന്ന കപടഭക്തരെ തിരിച്ചറിയാൻ യഥാർത്ഥമതപണ്ഡിതർ തയ്യാറാവണം

7 എല്ലാ വാർഡുകളിലും കളിസ്ഥലമുണ്ടാക്കുക

8 ഗ്രാമീണപത്രങ്ങളും കയ്യെഴുത്തുമാസികകളും ആരംഭിക്കാൻ വായനശാലകൾ മുൻകയ്യെടുക്കണം

9 അന്ധവിശ്വാസങ്ങൾക്കും അനാചാരത്തിനും ഉപഭോഗസംസ്കാരത്തിനുമെതിരെ ബോധവൽക്കരണം നടത്തുന്ന സംഘടനകളേയും വ്യക്തികളേയും ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

10 പ്രസിദ്ധസാഹിത്യകാരനും പത്രപ്രവർത്തകനും ആയിരുന്ന വിദ്യാരത്നം ശ്രീ. കെ. ആർ ഭാസ്കരന്റെ ജന്മശതാബ്ദി ആഘോഷിക്കാൻ പഞ്ചായത്ത് മുൻകയ്യെടുക്കണം.

# വനിതാക്ഷേമം

പറപ്പൂക്കര ഗ്രാമ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 26641 ആണ്. ഇതിൽ 13680 പേരും സ്ത്രീകളാണ്. ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ള ഈ പഞ്ചായത്തിൽ 10803 സ്ത്രീകൾ വിദ്യാസമ്പരാണെങ്കിലും തൊഴിലിന്റെ കാര്യത്തിൽ താഴെക്കിടയിലാണ്. സ്ത്രീകൾക്ക മാത്രമുള്ള തൊഴിൽ ശാലകളിൽ നല്ലരീതിയിൽ പ്രവർത്തനം നടക്കുന്നവ വളരെ കുറവാണ് വളരെ ശോച്യാവസ്ഥയിലുള്ളവയാണ് നിലവിലുള്ള തൊഴിൽ ശാലകൾ, ഇവ കൂടുതൽ നല്ല രീതിയിൽ പ്രവർത്തിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. അതുവഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിയ്ക്കേണ്ടതുമാണ്.

ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നിട്ടുള്ള ഈ കാലഘട്ടത്തിൽ സാമൂഹ്യ പ്രവർത്തകരായ സ്ത്രീകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും അവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിച്ചേരാൻ ഇനിയും സാധിച്ചിട്ടില്ല. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിച്ചും, തൊഴിൽ പരിശീലനം നൽകിയും അവരെ കൂടുതൽ സജ്ജമാക്കേണ്ടതുണ്ട്.

പറപ്പൂക്കര പഞ്ചായത്തിൽ ഏഴ് DWCRA യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളായ മൂന്ന് ഖാദി സൊസൈററികളും നിലവിലുണ്ട്. എങ്കിലും ഇവയുടെ പ്രവർത്തനം ഊർജ്ജിതമല്ല ഇവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതും എല്ലാ വാർഡുകളിലും ഇത്തരം സ്ഥാപനങ്ങൾ തുടങ്ങാൻ ആവശ്യമായ നടപടികൾ എടുക്കേണ്ടതുമാണ്. അതുവഴി സ്ത്രീകളുടെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിയ്ക്കുവാനും സാധിയ്ക്കും.

| നമ്പർ | തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം |
|---|---|---|
| 1 | കാർഷിക മേഖല | |
| 2 | D. W. C. R. A. | 39 |
| 3 | വ്യവസായം | 886 |
| 4 | വ്യാപാരം | 60 |
| 5 | കെട്ടിട നിർമ്മാണം | 291 |
| 6 | സാമൂഹ്യസേവനം | 90 |

പ്രശ്നങ്ങൾ .

1 ഇന്നത്തെ സാഹചര്യത്തിൽ നേരം വൈകി ജോലികഴിഞ്ഞ് വരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായി വീട്ടിലെത്താനുള്ള സാഹചര്യം നിലവിലില്ല.

2 ബസ്സുകളിൽ സ്ത്രീകൾക്ക് അനുവദിച്ചിട്ടുള്ള സീററ് സംവരണം ഫലപ്രദമായി നടപ്പിലാക്കണം

3 അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീകൾക്ക് അർഹമായ ആനുകൂല്യം ലഭിയ്ക്കുന്നില്ല

4 അംഗൻവാടി ടീച്ചേഴ്സ് ട്രെയ്നിങ്ങ് കഴിഞ്ഞിട്ടുള്ള മുഴുവൻ പേർക്കും മററു മേഖലകളിൽ ലഭിച്ചുവരുന്നതോതിൽ വേതനവും മററ് ആനുകൂല്യങ്ങളും നൽകുന്നില്ല.

5 മഹിളാ സമാജങ്ങളുടെയും മററുസംഘടനകളുടെയും പ്രവർത്തനം കാര്യക്ഷമമല്ല.

6 സ്ത്രീധനപീഡനവും അതിനോടനുബന്ധിച്ചുള്ള സാമൂഹ്യ പ്രശ്നങ്ങളും കൂടുതൽ ഗുരുതരമായി കൊണ്ടിരിയ്ക്കുന്നു.

## നിർദേശങ്ങളും സാദ്ധ്യതകളും

1 വനിതകൾക്ക് മാത്രമായി എല്ലാവാർഡുകളിലും ഓരോ തൊഴിൽ യൂണിററ് സ്ഥാപിയ്ക്കുക.

2 കോഴി വളർത്തൽ, പൂവ് കൃഷി, കറിപൗഡർ, ചിപ്സ്, അച്ചാർനിർമ്മാണം, പപ്പടനിർമ്മാണം, പഴം പച്ചക്കറി സംസ്കരണം, തീപ്പെട്ടി വ്യവസായം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അച്ചടിശാലകൾ, ബുക്ക് ബൈൻറിങ്ങ്, ഗാർഹികോപകരണങ്ങളുടെ റിപ്പയറിങ്ങ്-എന്നിവയെ അടിസ്ഥാനമാക്കിയുള്ള സ്വയം തൊഴിൽ പദ്ധതി ആവിഷ്ക്കരിയ്ക്കുക.

3 പഞ്ചായത്തിലെ എല്ലാവീട്ടുകാർക്കും അടുക്കളത്തോട്ടങ്ങൾ തുടങ്ങുന്നതിന് വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ, എന്നിവ സബ്സിഡിയോടുകൂടി വിതരണം ചെയ്യുക.

4 സമ്പൂർണ്ണ മദ്യനിരോധനം നടപ്പിൽ വരുത്തുക.

5 വ്യാജവാററ്, പണംവച്ചുള്ളചീട്ടുകളി, അശ്ളീല പോസ്റ്ററുകൾ എന്നിവ പൂർണ്ണമായി നിരോധിയ്ക്കുക.

6 അമ്മമാരുടെയും, കുഞ്ഞുങ്ങളുടെയും ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം എന്നിവ ഫലപ്രദമായി നടപ്പിലാക്കുക.

7 പെൺമക്കൾ മാത്രമുള്ള വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനും വിവാഹത്തിനും കൂടുതൽ ആനുകൂല്യങ്ങൾ നൽകുക.

8 എല്ലാ വിധവകൾക്കും സാമ്പത്തിക പരിധി നോക്കാതെ പെൻഷൻ നൽകുക.

9 മഹിളാ സമാജങ്ങൾക്ക് സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിയ്ക്കുകയും, മഹിളാ സമാജങ്ങളോട് ചേർന്ന് വായനശാലകൾ സ്ഥാപിയ്ക്കുകയും ചെയ്യുക.

10 സ്ത്രീകളുടെ മാത്രം സംരക്ഷണയിൽ കഴിയുന്ന കുടുംബങ്ങൾക്ക്, പഞ്ചായത്ത് വഴി നൽകുന്ന ആനുകൂല്യങ്ങൾക്ക് മുൻഗണനാ സമ്പ്രദായം ഏർപ്പെടുത്തുക.

11 ഹെൽത്ത് സെൻററുകളിൽ വനിതാ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.

12 അംഗൻ വാടിമുഖേനയുള്ള പോഷകാഹാരവിതരണത്തിന് പാചക ഉപകരണങ്ങൾ ഇന്ധനം, പലവ്യഞ്ജനം മുതലായവ മതിയായ തോതിൽ ലഭ്യമാക്കുക.

13 പഞ്ചായത്ത് തലത്തിലുള്ള എല്ലാതരം വികസന സമിതികളിലും സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

14 അംഗൻവാടികളോടനുബന്ധിച്ച് ക്രഷുകൾ അനുവദിയ്ക്കുക.

15 സ്വന്തം കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻ വാടികൾക്ക് കെട്ടിടങ്ങളും മററു സൗകര്യങ്ങളും ലഭ്യമാക്കുക.

# സഹകരണ മേഖല

ഈ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് അര നൂററാണ്ടുകാലത്തെ പഴക്കമുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കശേഷമുണ്ടായ ബഹുജനപ്രസ്ഥാനങ്ങളും വിശിഷ്യ അക്കാലത്ത് ഉടലെടുത്ത കർഷകസംഘടനകളും സഹകരണത്തിന്റെയും കൂട്ടായ്മയുടേതുമായ ഒരന്തരീക്ഷം സംജാതമാക്കിയിരുന്നു. ഋണ ബാദ്ധ്യതകൊണ്ട് പൊറുതിമുട്ടിയിരുന്ന സാധാരണ കൃഷിക്കാർക്ക് ഒരാശ്വാസവും അത്താണിയുമായി വർത്തിക്കുവാൻ സഹകരണ പ്രസ്ഥാനങ്ങൾക്ക കഴിയും എന്നുള്ള വിശ്വാസവും, സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ ഗ്രാമീണ ജനതയ്ക്കുണ്ടായ പുത്തൻ ഉണർവ്വും ആവേശവും ഇതിനു പശ്ചാത്തലമൊരുക്കിയെന്നു പറയാം.

കൊല്ലവർഷം 1122 ൽ പ്രവർത്തനമാരംഭിച്ച തൊട്ടിപ്പാറ സർവ്വീസ് സഹകരണ സംഘം ഈ പഞ്ചായത്തിലെ ആദ്യ സഹകരണ സംരംഭമായിരുന്നു. കൊല്ലവർഷം 16-9-1122ൽ R 634 ാം നമ്പറായി റജിസ്റ്റർ ചെയ്ത പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ ഇപ്പോൾ 2185 അംഗങ്ങളുണ്ട്. സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ സംഘം പഞ്ചായത്തിലെ I, II, III വാർഡുകൾ മുഴുവനായും VI-ാം വാർഡ് ഭാഗികമായും പ്രവർത്തന പരിധിയുള്ളതാണ്. 350000 ക. അംഗീകൃത മൂലധനമുള്ള ഈ സംഘത്തിന്റെ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 172855 ക. യാണ് സർക്കാർ ഓഹരിയായി 27000 ക യും ലഭിച്ചിട്ടുണ്ട്. സംഘാംഗങ്ങളിൽ നിന്നും പൊതു ജനങ്ങളിൽ നിന്നുമായി 2659913 ക. സ്ഥിരനിക്ഷേപമായും 558954 ക. ഹ്രസ്വകാല നിക്ഷേപമായും സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക വായ്പ, സാധാരണ വായ്പ, സ്വർണ്ണപണ്ടം പണയം എന്നിവ നൽകുന്നതു കൂടാതെ സംഘം നേരിട്ട് ഒരു വളം ഡിപ്പോയും നടത്തുന്നുണ്ട്.

കൂടാതെ ഓണച്ചന്ത ആദിയായവയും സംഘത്തിന്റെ സേവന മേഖലയിൽ പെടുന്നു. സ്വന്തമായ സ്ഥലവും സൗകര്യപ്രദമായ കെട്ടിടങ്ങളുമുണ്ടെങ്കിലും മാവേലി സ്റ്റോർ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല ഡെപ്പോസിററ് തുക വർദ്ധിപ്പിക്കണമെന്നും സംഘത്തിന്റെ സേവനം കൂടുതൽ തുറകളിലേയ്ക്ക് വ്യാപിപ്പിക്കണമെന്നും ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

അതിനുശേഷം 1954 ൽ രൂപീകൃതമായ പറപ്പൂക്കര സർവ്വീസ് സഹകരണ സംഘം ഏതാനും വർഷത്തെ പ്രവർത്തനത്തിനുശേഷം കെടുകാര്യസ്ഥതയും സംഘം ഫണ്ടുകളുടെ ദുർവിനിയോഗങ്ങളും കാരണം പ്രവർത്തനം നിലയ്ക്കുകയും ലിക്വിഡേഷനെ അഭിമുഖീകരിക്കേണ്ടി വരികയും ചെയ്തു. പറപ്പൂക്കര ഹൈസ്കൂളിനടുത്ത് സ്ഥിതി ചെയ്യുന്ന സംഘം വക ഏകദേശം 65 സെൻറ് സ്ഥലവും കെട്ടിടങ്ങളും കേസുകളുടെ അന്തിമതീർപ്പാകാതെ സഹകരണ വകുപ്പിന്റെ അധീനതയിലാണ്.

പിന്നീട് 4-4-1976 മുതൽ നെല്ലായി പറപ്പൂക്കര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം R-460, പ്രവർത്തനമാരംഭിച്ചു. പഞ്ചായത്തിലെ IV മുതൽ XI വരെയുള്ള വാർഡുകളിൽ പ്രവർത്തന പരിധിയുള്ള ഈ സംഘത്തിന് 5359 അംഗങ്ങളും 15 ലക്ഷം രൂപ അംഗീകൃത മൂലധനവുമുണ്ട്, പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 457370 ക. യാണ്. സർക്കാർ ഓഹരിയായി 1 ലക്ഷം ക യും ലഭിച്ചിട്ടുണ്ട്. സംഘാംഗങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നുമായി 10382645 ക. സ്ഥിര നിക്ഷേപമായും 307187 ക. ഹ്രസ്വകാല നിക്ഷേപമായും സ്വരൂപിക്കുവാൻ കഴിഞ്ഞു എന്നുള്ളത് സംഘത്തിന്റെ പ്രവർത്തനത്തിൽ പൊതു ജനങ്ങൾക്കുള്ള വിശ്വാസം വിളിച്ചോതുന്നതാണ്. കാർഷിക വായ്പ, വ്യവസായ വായ്പ, ഗൃഹ നിർമ്മാണ വായ്പ, സ്വർണ്ണപ്പണ്ടം പണയം എന്നിവ കൂടാതെ I. R. D. P. സംരംഭങ്ങൾക്കായും വായ്പകൾ നൽകി വരുന്നു. സംഘം തലയാളായ, വിവിധ സ. ല. കൾ ഉള്ള പ്രതിമാസ ചിട്ടികളും വിജയകരമായി നടത്തിവരുന്നു. സംഘം വളം ഡെപ്പൊ, സിമൻറ് ഏജൻസി എന്നിവ നടത്തുന്നതിനുപുറമെ ഉത്സവക്കാലങ്ങളിൽ ഓണച്ചന്ത

മാവേലിസ്റ്റോർ എന്നിവയും നല്ല നിലയിൽ നടത്തിവരുന്നുണ്ട്. നെല്ലായി, പറപ്പൂക്കര വില്ലേജുകൾ പ്രവർത്തന പരിധിയായുള്ള ഈ സംഘത്തിന്റെ ബ്രാഞ്ച് യൂണിറ്റുകൾ ആലത്തൂ (XI-ാം വാർഡ്) രിലും IV, V വാർഡുകളെ ഉദ്ദേശിച്ച് മുത്രത്തിക്കരയിലും തുറക്കുന്നതായാൽ ബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കൂടുതൽ ജനോപകാരപ്രദമാക്കിത്തീർക്കുന്നതിനും ഉതകുന്നതായിരിക്കുമെന്ന് ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

മുൻപറയപ്പെട്ട ക്രെഡിറ്റ് സംഘങ്ങൾക്കുപുറമെ, ക്ഷീരോൽപാദനം, കൈത്തറി വസ്ത്ര നിർമ്മാണം, ഇമിറേഷൻ ഡയമണ്ട് ഇൻഡസ്ട്രി, മത്സ്യോൽപാദനം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഏതാനും സഹകരണ സംഘങ്ങളും ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ട്.

തൊട്ടിപ്പാൾ (II-ാം വാർഡ്) ആസ്ഥാനമായി പ്രവർത്തിക്കുന്ന 'തൊട്ടിപ്പാൾ ക്ഷീരോൽപാദക സഹകരണസംഘം' സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രതിദിനം 400 ലി. പാൽ കർഷകരിൽ നിന്നും ശേഖരിക്കുകയും 15 ലി. പ്രാദേശികമായി വിൽക്കുകയും 385 ലി. പുറത്തേക്ക് നൽകുകയും ചെയ്യുന്നുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവും സംഘം വകയായുണ്ട്. നെടുമ്പാൾ, തൊട്ടിപ്പാൾ, മുളങ്ങ്, രാപ്പാൾ എന്നീ പ്രദേശങ്ങളിൽ ചെറുകിട നാമമാത്ര കർഷകർ ധാരാളമായുള്ളതിനാൽ കറവമാടുവളർത്തൽ ഊർജിതമായി നടപ്പാക്കുന്നതിനുള്ള സാഹചര്യമുണ്ട്. ആയതിനുള്ള സാമ്പത്തിക വായ്പ സൗകര്യങ്ങൾ തൊട്ടിപ്പാൾ സർവ്വീസ് സഹകരണ ബാങ്ക് വഴിയും അവിടെ പ്രവർത്തിക്കുന്ന ധനലക്ഷ്മി ബാങ്ക് വഴിയും ഏർപ്പെടുത്തുകയാണെങ്കിൽ ഈ രംഗത്ത് കൂടുതൽ പുരോഗതി കൈവരിക്കുവാൻ സാധിക്കുമെന്നതിന് സംശയമില്ല. രാപ്പാൾ, നെടുമ്പാൾ എന്നിവിടങ്ങളിൽ പാൽ സംഭരണയൂണിറ്റ് തുടങ്ങുന്നതിന് ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങളുമുണ്ട്.

നന്തിക്കര ആസ്ഥാനമായി 'നന്തിക്കര ക്ഷീരോൽപാദക സഹകരണ സംഘം' ലാഭകരമല്ലാതായതുകൊണ്ട് പ്രവർത്തനം നിലച്ചു. പുനർജ്ജീവിപ്പിക്കുന്നതിനു ചെയ്ത ശ്രമങ്ങൾ നിഷ്ഫലമായതിനാൽ ലിക്വിഡേഷനെ നേരിടുകയാണ്.

വർദ്ധിച്ചുവരുന്ന ഉൽപാദനച്ചിലവും കാലിമേച്ചിലിനു മതിയായ സൗകര്യങ്ങൾ ഇല്ലാത്തതും കാലിത്തീറ്റയുടെ ക്രമാതീതമായ വിലക്കയറ്റവും കാരണം ഈ രംഗത്തേയ്ക്ക് കടന്നുവരുവാൻ ക്ഷീരകർഷകർ സ്വാഭാവികമായും മടിക്കുന്നു. നെൽവയലുകൾ അനിയന്ത്രിതമായി ഇഷ്ടികക്കളങ്ങളായി മാറ്റിക്കൊണ്ടിരിക്കുന്ന രാപ്പാൾ, പറപ്പൂക്കര, നന്തിക്കര മേഖലയിൽ കാലിത്തീറ്റയ്ക്കുള്ള വൈക്കോൽ പോലും ഒരപൂർവ്വവസ്തുവായി മാറിക്കഴിഞ്ഞു

12-7-1955 ൽ നല്ലനിലയിൽ പ്രവർത്തനമാരംഭിച്ച നന്തിക്കര കൈത്തറി നെയ്ത്ത് സഹകരണ സംഘം ക്ലിപ്തം No. 3771 (ഉൽപാദക വിക്രയ) ആണ് വ്യവസായ സഹകരണ മേഖലയിൽ ഈ പഞ്ചായത്തതിർത്തിയിൽ ആദ്യമായുണ്ടായ സഹകരണസംഘം. 200 ക. ഓഹരിമൂല്യവും 5 ലക്ഷം ക. അംഗീകൃത മൂലധനവുമായി രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ച ഈ സംഘത്തിന്റെ ഇപ്പോഴത്തെ അംഗസംഖ്യ 45 മാത്രമാണ്. പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 39519ക. 75പൈസയാണ്. സർക്കാർ ഓഹരിയായി 70000 ക യും ലഭിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിടവും എല്ലാ സൗകര്യത്തോടും കൂടിയ വർക്ക് ഷെഡും ഉള്ള ഈ സംഘത്തിൽ ഇപ്പോൾ 8 നെയ്ത്ത് തൊഴിലാളികൾ മാത്രമാണുള്ളത്. പ്രാരംഭദശയിൽ വളരെ ലാഭകരമായി പ്രവർത്തിച്ചിരുന്ന എങ്കിലും കഴിഞ്ഞ നാലഞ്ചുവർഷങ്ങളിലായി സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് അതിന്റെ പ്രധാന കാരണം ഉൽപാദനകുറവാണ്. ഈരേഴ തോർത്ത് മാത്രം നിർമ്മിക്കുന്നത്കൊണ്ട് സ്വാഭാവികമായും തൊഴിലാളികൾക്ക് കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. അതിനാൽ അവർ മറ്റു മേഖലകൾ തേടി പോകുന്നു. പുതുമുഖങ്ങൾ ഈ മേഖലയിലേക്ക് കടന്നുവരുവാൻ മടിക്കുന്നു. ഉൽപാദന രംഗത്ത് വൈവിധ്യവൽക്കരണം നടപ്പിലാക്കിയും, ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്താൽ ഒരു പക്ഷെ ഈ സംഘത്തെ നാശത്തിൽ നിന്നും രക്ഷിക്കാനും ഏതാനും പേർക്കുകൂടി തൊഴിലവസരമുണ്ടാക്കിക്കൊടുക്കുന്നതിനും സാധിക്കും.

20 ക ഓഹരിമൂല്യവും 5 ലക്ഷം ക. അംഗീകൃത മൂലധനവുമായി 1975 ൽ പ്രവർത്തനമാരംഭിച്ച 'പറപ്പൂക്കര റീജിയണൽ ഇമിറേഷൻ ഡയമണ്ട് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈററി ക്ലിപ്തം 213' ആണ് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിലെ രണ്ടാമത്തെ സഹകരണ സംഘം, പറപ്പൂക്കര, കൊടകര, മററത്തൂർ, മുരിയാട് പഞ്ചായത്തുകളിൽ പ്രവർത്തന പരിധി നിശ്ചയിച്ചിട്ടുള്ള ഈ സംഘത്തിന് 256 അംഗങ്ങളും ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരം ഉറപ്പിക പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവുമുണ്ട്. 17800 ക. സർക്കാർ ഓഹരിയായും കൂടാതെ പറപ്പൂക്കര പഞ്ചായത്ത് 14000 ക യും കൊടകര പഞ്ചായത്ത് 1420 ക യും ഓഹരിയായി എടുത്തിട്ടുണ്ട്. നന്തിക്കര ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംഘത്തിനു നന്തിക്കരയിൽ 17½ സെൻറ് സ്ഥലവും കെട്ടിടവും മററത്തൂർ പഞ്ചായത്തിൽപ്പെട്ട ചുങ്കാൽ എന്ന സ്ഥലത്ത് 3½ സെൻറ് സ്ഥലവും കെട്ടിടവും സ്വന്തമായുണ്ട്. നന്തിക്കര യൂണിററിൽ 25 തൊഴിലാളികളും ചുങ്കാൽ യൂണിററിൽ 8 തൊഴിലാളികളും ഇപ്പോഴം പണിയെടുക്കുന്നുണ്ട്. സംഘത്തിൻെറ പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ തൃശൂർ ആസ്ഥാനമായിട്ടുള്ള സെൻട്രൽ സൊസൈററിയാണ് നൽകുന്നത്. ഫിനിഷ് ചെയ്ത ഉൽപന്നങ്ങൾ അവർ തന്നെ വാങ്ങുന്നു. വില നിശ്ചയിക്കുന്നതിൽ പ്രാദേശിക സംഘങ്ങൾക്ക് സ്വാധീനമില്ലാത്തതിനാൽ ഇ സംഘവും നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടേതായ ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘവും ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ട് ഈ മേഖലയിലുണ്ടായ മത്സ്യരോഗംമൂലം പുഴകളിലും മററു ജലാശയങ്ങളിലേയും മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. തന്മൂലം ഈ സംഘവും സാമ്പത്തിക പരാധീനതകളെ അഭിമുഖീകരിക്കുന്നു.

പ്രവർത്തനമില്ലാതെ ലിക്വിഡേഷനെ നേരിടുന്നു. പറപ്പൂക്കര പഞ്ചായത്ത് സഹകരണ ആശുപത്രി പുനർപ്രവർത്തനക്ഷമമാക്കണമെന്ന് ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ആരോഗ്യരംഗത്ത് അതിപ്രധാനമായ ഒരു പങ്ക് വഹിക്കുവാൻ പര്യാപ്തമായ ഈ സംഘം തൊട്ടിപ്പാൾ ആസ്ഥാനമായാണ് പ്രവർത്തിച്ചിരുന്നത്. വിപുലമായ പൊതുജനപങ്കാളിത്തത്തോടെ ഓഹരി മൂലധനം വർദ്ധിപ്പിച്ചും സർക്കാർ സഹായം ലഭ്യമാക്കിയും ഇതിന് ആധുനിക സൗകര്യങ്ങളുള്ള ഒരു ആശുപത്രിയാക്കി പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ വച്ചുനോക്കുമ്പോൾ തൊട്ടിപ്പാൾ ആസ്ഥാനമായുള്ള ഈ ആശുപത്രിക്ക് പുരോഗമന സാധ്യതകൾ ഏറെയുണ്ട് സങ്കുചിതമായ കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള മത്സരങ്ങളും പ്രവർത്തനങ്ങളും ഒഴിവാക്കിയാൽ ഈ ആശുപത്രിക്ക് പുനർജന്മം നല്കാൻ സാധിക്കും.

## നിർദേശങ്ങളും സാധ്യതകളും

പഞ്ചായത്തുതല ആസൂത്രണത്തിൻെറ അനന്തരഫലമായും ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള മത്സ്യം വളർത്തൽ യൂണിററുകളുടെ സുഗമവും ആരോഗ്യപരവുമായ വളർച്ചക്ക് ഉതകുമാറ് പഞ്ചായത്തടിസ്ഥാനത്തിൽ എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തികൊണ്ട് പുതിയതായി ഒരു മത്സ്യ ഉൽപ്പാദക വിപണനസഹകരണസംഘം രൂപീകരിക്കുക

ആലത്തൂർ, നെല്ലായി, പന്തല്ലൂർ, കൊളത്തൂർ വാർഡുകളെ ഉൾപ്പെടുത്തി പുതിയതായി ഒരു ക്ഷീരോൽപാദകസഹകരണസംഘം രൂപീകരിക്കണം.

വനിതാ സഹകരണമേഖലയിലോ വനിതകളുടെ മുഖ്യപങ്കാളിത്തത്തോടെയോ പഴം, പച്ചക്കറി, മററു കാർഷികോൽപന്നങ്ങൾ എന്നിവയുടെ സംസ്കരണ യൂണിററുകൾ സ്ഥാപിക്കുക. പന്തല്ലൂർ, മുളങ്ങ് എന്നീ സ്ഥലങ്ങൾ ഇതിലേയ്ക്ക് പരിഗണിക്കപ്പെടാവുന്നതാണ്. ഏത്തവാഴ കൃഷി വ്യാപകമായ തോതിൽ ഈ പ്രദേശങ്ങളിലും സമീപപ്രദേശങ്ങളിലും നടത്തുന്നുണ്ട്. അത്തരം വിഭവങ്ങൾ ഇതിലേയ്ക്ക് ഉപയോഗപ്പെടുത്താൻ സാധിയ്ക്കും.

ആലത്തൂർ, മുത്രത്തിക്കര, നെടുമ്പാൾ, തൊട്ടിപ്പാൾ എന്നീ പ്രദേശങ്ങളിൽ വർദ്ധിച്ചു വരുന്ന ഒരു കുടിൽ വ്യവസായമാണ് സ്വർണ്ണാഭരണനിർമ്മാണവും റോൾഡ് ഗോൾഡ് ആഭരണ നിർമ്മാണവും. ലഭ്യമായ സാധ്യതകൾ വിലയിരുത്തി പഞ്ചായത്തടിസ്ഥാനത്തിൽ സഹകരണ സംഘം സ്ഥാപിക്കുകയും വാർഡ് അടിസ്ഥാനത്തിൽ യൂണിററുകൾ സ്ഥാപിക്കുകയും ചെയ്യുക.

വനിതകളുടെ ക്ഷേമത്തെ മുൻനിർത്തി വസ്ത്രനിർമ്മാണം, പഴം പച്ചക്കറി അച്ചാർ, സ്ക്വാഷ്, പപ്പട നിർമ്മാണം, ഇലക്ട്രോണിക് കോമ്പോണൻറ് നിർമ്മാണം, ഗാർഹിക ഉപകരണങ്ങളുടെ റിപ്പെയർ എന്നീ മേഖലകളിൽ വിവിധ വാർഡുകളെ കേന്ദ്രീകരിച്ച് സഹകരണാടിസ്ഥാനത്തിൽ അനുയോജ്യമായ യൂണിററുകൾ സ്ഥാപിക്കുക

പട്ടിക ജാതി പട്ടികവർഗ്ഗ ജനങ്ങളുടെ ഉന്നമനത്തെ ലക്ഷ്യമാക്കി വിവിധ വാർഡുകളിൽ അനുയോജ്യമായ വ്യവസായ സഹകരണ സംഘങ്ങളും അവയുടെ യൂണിററുകളും രൂപീകരിക്കുക. ഓട്ടോറിക്ഷാ, ടാക്സിയൂണിററുകൾ, ലേബർ കോൺട്രാക്ററ് സൊസൈററികൾ എന്നിവ പരിഗണിക്കപ്പെടാവുന്നതാണ്.

കാർഷികാവശ്യങ്ങളെ കണക്കിലെടുത്ത് പഞ്ചായത്തടിസ്ഥാനത്തിൽ ടില്ലർ, ട്രാക്ററർ മെതിയന്ത്രം, കൊയ്ത്തുയന്ത്രം, എന്നിവ ആവശ്യമായ പാടശേഖരങ്ങളിൽ വേണ്ടസമയങ്ങളിൽ ലഭ്യമാക്കുന്നതിനുസഹായകരമാകുന്ന വിധത്തിൽ, സഹകരണാടിസ്ഥാനത്തിൽ കർഷകരുടേതായ 'അഗ്രോ സർവ്വീസ് സെൻററുകൾ' സ്ഥാപിക്കുക.

പഞ്ചായത്ത് വികസന പദ്ധതികളുടെ ഫലമായി ഉണ്ടാകാൻ സാധ്യതയുള്ള പഴം, പച്ചക്കറി, മററു കാർഷിക വിളകൾ എന്നിവയുടെ വിപണനത്തിനായി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ശേഖരണ വിപണനസംഘം രൂപീകരിക്കുകയും അതിൻെറ യൂണിററുകൾ വിവിധ വാർഡുകളിൽ സ്ഥാപിക്കുകയും ചെയ്യുക.

മുൻ കാലങ്ങളിലേപ്പോലെ കാർഷിക വായ്പയ്ക്കു സർക്കാരിൽ നിന്നും നൽകുന്ന സബ്സിഡി അതാതു തവണ, സംഖ്യകൾ തിരിച്ചടയ്ക്കുന്ന സമയത്തു തന്നെ വകവച്ചു കൊടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

ഗ്രാമ പഞ്ചായത്തുകളുടെ ഫണ്ട് അതാതു സ്ഥലത്തെ സഹകരണ സർവ്വീസ് ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുകയും നടപ്പാക്കുകയും ചെയ്യുക. സഹകരണ സംഘങ്ങളുടെ നടത്തിപ്പും ഭരണവും കൂടുതൽ സുതാര്യമാക്കുന്നതിനും പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടി 'സോഷ്യൽ ഓഡിററിങ്ങ്' നടപ്പാക്കുന്നതിനു ആവശ്യമായ നിയമഭേദഗതികൾ വരുത്തുക.

## പട്ടികജാതി പട്ടികവർഗക്ഷേമം

പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ പരിഷ്ക്കരിച്ച ജനസംഖ്യാകണക്കനുസരിച്ച് മൊത്തം 26641 പേരാണുള്ളത്. ഇതിൽ 4610 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നവരാണ് ഇവരിൽ 2209 പേർ പുരുഷൻമാരും 2401 സ്ത്രീകളുമാണ്. അതായത് ആകെ ജനസംഖ്യയുടെ 17.3 ശതമാനം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്നവരാണ് എന്നർത്ഥം 839 വീടുകളിലായി ഇവർ താമസിക്കുന്നു ഇവരിൽഒരു വീട് മാത്രമാണ് പട്ടികവർഗ്ഗക്കാരുടേതായിട്ടുള്ളത്. പഞ്ചായത്തിലുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമ്പത്തികനില പൊതുവെ തൃപ്തികരമല്ല. സാമ്പത്തികാനുകൂല്യങ്ങൾ സർക്കാർ വഴി ലഭിക്കുന്നുണ്ടെങ്കിലും വളരെ കുറച്ചുപേർക്കുമാത്രമാണ് ഉയന്ന ഉദ്യോഗങ്ങളിലും മററും എത്തിച്ചേരാൻ കഴിഞ്ഞിട്ടുള്ളത്.

കോളനികളിൽ താമസിക്കുന്ന മുഴുവൻ പേർക്കും വെള്ളവും വെളിച്ചവും മററു പ്രാഥമിക സൗകര്യങ്ങളും ഇന്നും ലഭിച്ചുകഴിഞ്ഞിട്ടില്ല. നിലവിലുള്ള പൈപ്പുകൾ യഥാസമയം പ്രവർത്തിക്കാത്തതുകൊണ്ട് കുടിവെള്ളത്തിന് പൊതുകിണറുകളെ ആശ്രയിക്കേണ്ടിവരുന്നു. അവയാണെങ്കിൽ അററ വേനൽക്കാലത്ത് വററിപോകുന്നവയുമാണ്.

പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാക്ഷരതശതമാനം മെച്ചപ്പെട്ട നിലയിലാണ് പുരുഷൻമാരിൽ 96.5 ശതമാനവും സ്ത്രീകളിൽ 95.3 ശതമാനവും സാക്ഷരരാണ്. എങ്കിലും ഉന്നതവിദ്യാഭ്യാസരംഗത്ത് എത്തിച്ചേരാൻ പലർക്കും കഴിഞ്ഞിട്ടില്ല. സാമ്പത്തികവും സാങ്കേതികവുമായ പല കാരണങ്ങളും ഇതിനു പിറകിലുണ്ട്. എന്നാൽ ഏറെ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് നന്തിലൻ വേലുമകൻ മാധവൻ എന്ന വ്യക്തി I. A. S തലത്തിലേക്ക് ഉയർന്നു എന്നത് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുമാത്രമല്ല പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും അഭിമാനം പകരുന്ന കാര്യമാണ്.

പാരമ്പര്യമായി കാർഷികമേഖലയിൽ ജോലിചെയ്തിരുന്നവരാണ് ഇവിടത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാർ. എന്നാൽ കാർഷികമേഖലയിൽ ഉണ്ടായതകർച്ച പലരേയും തൊഴിൽ രഹിതരാക്കി. മാത്രവുമല്ല പുതിയ തലമുറ പാരമ്പര്യത്തൊഴിലിനോട് താൽപര്യം കാണിക്കാതെയുമായി. വളരെ കുറച്ചുപേർ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യമേഖല എന്നീ തലങ്ങളിൽ ജോലി ചെയ്യുന്നതൊഴിച്ചാൽ സ്ഥിരമായ വരുമാനമുള്ളവർ വളരെ കുറവാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം രാജ്യത്തിന്റെ സാമ്പത്തികാവസ്ഥയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയപ്പോൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കൂടുതൽ പേർക്കും ഗൾഫ് രാജ്യങ്ങളിലെ ജോലി ഒരു സ്വപ്നം മാത്രമായി അവശേഷിച്ചു. ചില പ്രത്യേക സാഹചര്യത്തിന്റെ ആനുകൂല്യം കൊണ്ട് ഗൾഫ് രാജ്യങ്ങളിലെത്തിച്ചേരുന്നതിനും അതുവഴി സാമ്പത്തികനേട്ടം ഉണ്ടാക്കാനും കഴിഞ്ഞ അൽപ്പം ചില ഗൾഫ് ജീവനക്കാരെ ഇവിടെ വിസ്മരിക്കുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നിലവിലുണ്ടെങ്കിലും ഇതിന്റെ സഹായം അർഹതപ്പെട്ട മുഴുവൻ പേർക്കും ലഭ്യമാകുന്നില്ല. അവിടെ നിന്നും ലഭിക്കുന്ന വായ്പകൾക്ക് സർക്കാർ ഉദ്യോഗസ്ഥന്മാരെ ജാമ്യം കൊടുക്കേണ്ടിവരുന്ന സ്ഥിതി വളരെ ബുദ്ധിമുട്ടേറിയതാണ്. ഭൂപണയബാങ്ക് പോലുള്ള ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഭൂപരിധിയും പട്ടികജാതി പട്ടികവർഗ്ഗക്കാരെ ബുദ്ധിമുട്ടിലാക്കുന്നു.

വാങ്ങുന്ന വായ്പകൾ തിരിച്ചടക്കുന്ന കാര്യത്തിൽ പലരും ശ്രദ്ധ കാന്തി കാണിക്കുന്നില്ല എന്നതും എടുത്തുപറയേണ്ട കാര്യമാണ്. വായ്പാസംഖ്യ തിരിച്ചടക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പലരും ബോധവാന്മാരല്ല. ഇക്കാര്യങ്ങളിൽ ഇവർക്ക് ആവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുണ്ട്. മാത്രവുമല്ല വായ്പ സംഖ്യ തിരിച്ചുപിടിക്കാൻ ആവശ്യമായ ഫീൽഡ് സ്റ്റാഫിനേയും നിയമിക്കണം.

ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി ഒരു സഹകരണസംഘം തുടങ്ങേണ്ടതും അതിൽ വനിതകൾക്കുമാത്രമായി ഒരു തൊഴിൽ യൂണിററ് ഉണ്ടാക്കേണ്ടതും അത്യാവശ്യമാണ്. പരമ്പരാഗത തൊഴിലുകളായ പനമ്പ്, കൊട്ട, പായ, കയറ് എന്നിവയുടെ നിർമ്മാണം പലരും ഉപേക്ഷിച്ചതായി കാണപ്പെടുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവാണ് ഈ തൊഴിൽ ഉപേക്ഷിക്കാനുണ്ടായ കാരണമായി കാണുന്നത്. ഇത് പുനരാരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നത് ഇവർക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരു പരിധിവരെ സഹായിക്കും.

'ധാരിയൻ' കളി, കാളകളി, കോലം തുള്ളൽ, കതിരക്കളി എന്നിവ പട്ടികജാതി പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ കലാബോധത്തെ വിളിച്ചോതുന്നു. ഈ കളികളും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. സാമ്പത്തികനേട്ടം ഇല്ലാത്തതു കൊണ്ട് ഇത്തരം കലകൾ ഉൾക്കൊള്ളാൻ പുതിയ തലമുറ തയ്യാറാകുന്നില്ല, അർഹമായ അംഗീകാരം കല്ലി മെച്ചപ്പെട്ട സാമ്പത്തികാവസ്ഥ ഇത്തരം ഉറപ്പുവരുത്തിയാൽ കലകളെ നിലനിർത്താനാകും.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആരെയും വകതിരിച്ച് കാണുന്ന രീതിയിലുള്ള പ്രവർത്തനം ഉണ്ടായതായി പരാതിയില്ല. സ്വാതന്ത്ര്യസമരം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, വിമോചനസമരം, അയിത്തോച്ചാടന സമരം, എന്നീ രംഗങ്ങളിൽ ഇവിടത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗകോളനികളിൽ താമസിക്കുന്നവർ ഒരു പ്രത്യേകസംസ്കാരം ഉൾക്കൊള്ളുന്നവരാണെന്നും ആ സംസ്കാരത്തിന് ആവശ്യമായ മാററം വരുത്തണമെന്നും അഭിപ്രായമുണ്ട്. ഒരേ വിഭാഗത്തിൽപ്പെട്ടവർ കൂട്ടായി താമസിക്കുന്നസ്ഥലങ്ങളിൽ വളരെ തരംതാഴ്ന്ന സംസ്കാരം നിലനിൽക്കുന്നുവെന്നും ഇതിൽ മാററം വരുത്തുന്നതിനുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ വിവിധജാതിമതക്കാരോടൊപ്പം താമസിക്കാൻ അവസരം ഉണ്ടാക്കേണ്ടതും അതുവഴി ഒരു സമ്മിശ്രസംസ്കാരം വളർത്തിയെടുക്കാൻ കഴിയും എന്നതും പഠനറിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. അതുകൊണ്ട് അടുത്തപദ്ധതിമുതൽ പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്കുള്ള കോളനിസമ്പ്രദായം നിർത്തലാക്കി വിവിധജാതിമതക്കാരോടൊപ്പം ഇടകലർന്ന് ജീവിക്കുന്നതിനും മെച്ചപ്പെട്ട സംസ്കാരവും സാമ്പത്തികാവസ്ഥയും ഉണ്ടാക്കുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ ആരംഭിക്കേണ്ടതാണ്.

## പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ ജനസംഖ്യ 1996

| വാർഡ് നമ്പർ | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| I | 218 | 224 | 442 |
| II | 196 | 204 | 400 |
| III | 134 | 138 | 272 |
| IV | 218 | 225 | 443 |
| V | 425 | 476 | 901 |
| VI | 103 | 105 | 208 |
| VII | 173 | 177 | 350 |
| VIII | 233 | 235 | 468 |
| IX | 174 | 176 | 350 |
| X | 188 | 232 | 420 |
| XI | 147 | 209 | 356 |

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1 പട്ടികജാതി പട്ടികവർഗ്ഗകോളനികളിൽ താമസിക്കുന്നവർക്ക് അടിസ്ഥാന ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

2 വൈദ്യുതി ലഭിക്കാൻ നേരിടുന്ന കാലതാമസം ഒഴിവാക്കുക.

3 കുടിവെള്ളം എത്താത്ത മുഴുവൻ കോളനികൾക്കും കുടിവെള്ളം ലഭിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുക.

4 നന്തിക്കരയിൽ സ്ഥിതിചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ഹോസ്റ്റലിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും സ്വന്തം സ്ഥലവും കെട്ടിടവും നിർമ്മിക്കാനുള്ള നടപടിയും കൈക്കൊള്ളുക.

5 പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ഒരു പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം സ്ഥാപിക്കുക.

6 പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള സാമ്പത്തികാനുകൂല്യങ്ങൾ ചൂഷണം ചെയ്യുന്ന ഇടച്ചട്ട കാരെ മാതൃകാപരമായി ശിക്ഷിക്കുക.

7 മദ്യഷാപ്പുകൾ കോളനിപരിസരത്ത് സ്ഥാപിക്കാതിരിക്കുക.

8 പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ ജനസംഖ്യാനുപാതികക്രമത്തിൽ റേഷൻകടകൾ നടത്തുന്നതി നുള്ള അവകാശം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യുക.

9 I. H. D. P. കോളനിനിവാസികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ മുഴുവൻ പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുക.

10 സഹകരണ സംഘങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി തൊഴിൽസംവരണം ഉറപ്പുവരുത്തുക.

11 നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നാടൻകലകളെ പുനർജീവിപ്പിക്കാനാവശ്യമായ നട പടികൾ കൈക്കൊള്ളുക.

12 നാടൻ കലകൾ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്ന കലാകാരൻമാർക്ക് സാമ്പത്തികാനുകൂല്യ ങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.

13 പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിന് ഒരു വനിതാ സഹകരണസംഘം സ്ഥാപിക്കുക.

14 പട്ടികജാതി പട്ടികവർഗ്ഗകോളനികളിൽ വായനശാലകളും ടി. വി. സെൻററുകളും സ്ഥാപിക്കുക

15 പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സർക്കാർ വഴി നൽകുന്ന വസ്തുക്കളുടെ ഗുണനിലവാരം ഉറ പ്പുവരുത്തുക.

16 കോളനികളിലെ പൊതുകിണറുകൾ ആഴംകൂട്ടി ശുദ്ധജലം ലഭ്യമാക്കി സംരക്ഷിക്കുക.

17 S. S. L. C. പരീക്ഷയിൽ പരാജയപ്പെടുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥി കൾക്ക് തുടർന്നു പഠിക്കാൻ മാർക്കിന്റെ അടിസ്ഥാനം നോക്കാതെ സാമ്പത്തിക സഹായം നൽകുക

18 കാർഷിക തൊഴിലാളി – വാർദ്ധക്യ പെൻഷൻ എന്നിവ നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വരുമാന പരിധി എടുത്തുകളയുക

19 ഇടയ്ക്കുവെച്ച് വിദ്യാർത്ഥി ജീവിതം നിർത്തിപോകുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് തുടർന്നു പഠിക്കാൻ ആവശ്യമായ സഹായം നൽകുക.

20 ഭൂപണയബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കുന്നതിന്ന് ഏർപ്പെടുത്തിയിട്ടുള്ള ഭൂപരിധി എടുത്തു കളയുക, സ്വന്തമായി ഭൂമിയുള്ള എല്ലാവർക്കും ലഭ്യമാകത്തക്ക വിധത്തിൽ വായ്പ പദ്ധതി ലഘൂകരിക്കുകയും ചെയ്യുക.

# വിഭവസമാഹരണം

പഞ്ചായത്തിന്റെ വികസനത്തിൽ വളരെയേറെ പ്രാധാന്യം അർഹിക്കുന്നതാണ് വി ഭവസമാഹരണം. ഇന്നുള്ള വരുമാനസ്രോതസ്സ് വർദ്ധിപ്പിക്കുവാനും ഏതെല്ലാം മേഖലകളിൽ നിന്നു് പുതിയ വരുമാനം ഉണ്ടാക്കാമെന്നും കണ്ടെത്തുകയാണ് പ്രാധാന ലക്ഷ്യം.

നമ്മുടെ പഞ്ചായത്ത് കാർഷികപ്രാധാന്യമുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്നു. നെല്ല്, തെ ങ്ങ്, എന്നിവയുള്ള വിളവിൽ വർദ്ധന കാണാൻ കഴിയും. എന്നാൽ മൊത്തം കൃഷി ഭൂമിയു ടെ നല്ലൊരു ഭാഗം മററു പല ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നതുകൊണ്ട് ഉൽപ്പാദനരം ഗം പ്രതിസന്ധിയെ നേരിടുന്നു. ഈ മേഖലയിൽ തീർച്ചയായും നിയന്ത്രണം ആവശ്യമാണ്.

ചെറുകിട വ്യവസായ മേഖലയിൽ വളർച്ചയുണ്ട്. 106 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ വൈദ്യുതി ലോഡ് ഷെഡിങ്ങ്, ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിയ്ക്കുന്നു, കൃഷി- വ്യവസായ മേഖലകളിൽ പഞ്ചായത്തുകൾ ഇടപെടുവാനും വിഭവസമാഹരണം നടത്തുവാനും കഴിയണം.

പഞ്ചായത്തിന്റെ തനതുവരുമാനം ജെ. ആർ. വൈ അൺടൈഡ് ഫണ്ട് എസ്. സി. പി. എന്നിവയിലൂടെ ലഭിച്ച ഫണ്ടിന്റേയും, ഇവയുടെ ചിലവുകളെ സംബന്ധിച്ചും പട്ടിക A, B, C യിലായി കൊടുത്തിരിക്കുന്നു. പട്ടിക A യിൽ പഞ്ചായത്തിന്റെ വരുമാനം 1992-93 ലേക്കാൾ 1995-96 ൽ 54% വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ A പട്ടികയിലെ വരവുകളും B പട്ടികയിലെ ചിലവുകളും തമ്മിലുള്ള വ്യത്യാസം 6267 രൂപയാണ്. ഉത്പാദനപരമായ മേഖലയിൽ ഫണ്ട് ചിലവഴിക്കേണ്ടതാണ്. എന്നാൽ പൊതുജനാരോഗ്യം .09%വും വിദ്യാഭ്യാസം .04% വും മാത്രമാണ് ചിലവഴിച്ചിട്ടുള്ളത്.

# പട്ടിക A

## ഗ്രാമപഞ്ചായത്തിന്റെ വരുമാനം ഇനം തിരിച്ച്

| ഇനം | 1992 93 | 1985-96 | ശതമാനം |
|---|---|---|---|
| കെട്ടിടനികുതി | 1,88,494 | 3,29,858 | +75 |
| തൊഴിൽ നികുതി | 99,385 | 2,67,715 | +169 |
| വിനോദം | 28,121 | 31,061 | +10.5 |
| ലൈസൻസ്ഫീസ് | 29,518 | 39,626 | +34 |
| വസ്തുകൈമാററ നികുതി | 1,22,055 | 3,77,148 | +209 |
| ഗ്രാൻറ് | 1,01,877 | 1,21,647 | +19 |
| ലേലം | 46,055 | 63,430 | +38 |
| മററുള്ളവ | 2,77,466 | 1,45,360 | -48 |
| ആകെ | 8,92,971 | 13,75,845 | +54 |

# പട്ടിക B

## ചിലവുകൾ

| ഇനം | 1996 | ശതമാനം |
|---|---|---|
| ഭരണം | 6,31,121 | 45.6 |
| പൊതുമരാമത്ത് | 2,05,109 | 15 |
| വിദ്യാഭ്യാസം | 5,552 | 0.4 |
| ജലവിതരണം | 54,000 | 3.9 |
| പൊതുജനാരോഗ്യം | 1,380 | 0,09 |
| തെരുവുവിളക്കുകൾ കത്തിക്കൽ | 1,21,989 | 8.8 |
| മ റ്റുള്ളവ | 3,62,961 | 26.26 |
| | 13,82112 | |

പട്ടിക A — B = −6267

പഞ്ചായത്തിന്റെ കടം സംബന്ധിച്ച്:-

| | | | |
|---|---|---|---|
| I | വാട്ടർ അതോറിററിയിൽ അടച്ചുതീർക്കുവാനുള്ളത് | : | 3,46,404 |
| II | ഷോപ്പിങ്ങ് കോംപ്ലക്സിന് 2008 വരെ അടച്ചുതീർക്കുവാനുള്ളത് | : | 13,76,112 |
| | I + II | | 17,22,516 |
| | Shopping Complex ൽ നിന്നും 95-96 വർഷത്തെ വാടക വരവ് | : | 51,617 |
| | വർഷത്തിൽ ശരാശരി 10% വാടകവർദ്ധനവിൽ 2008 വരെയുള്ള വരവ് | : | 10,56,006 |
| | ആകെ വരുമാനം | : | 11,07,623 |

# പട്ടിക C

| ഇനം | 1993-1994 | 1995-1996 | ജനറൽ | ശതമാനം | പട്ടിക ജാതി | ശതമാനം |
|---|---|---|---|---|---|---|
| J. R. Y Allotment | 5,71,650 | 4,12,100 | | −27.9 | | |
| Expenditure | 5,47,195 | | 2,76,314 | 50.49 | 2,65,760 | 48.57 |
| | | 3,40,950 | 2,81,750 | 82.64 | 5,9,200 | 17 |
| അൺടൈഡ് ഫണ്ട് | | | | | | |
| Allotment | 1,63,700 | 1,40,200 | | +35.2 | | |
| Expenditure | 90,106 | Nil | | | | |
| എസ്. സി. പി Allotment | 70,000 | 1,59,500 | | | | |
| Expenditure | 20,738 | Nil | | | | |

പഞ്ചായത്തിലെ 4 ഷെഡ്യൂംഡ് ബാങ്കുകളും രണ്ട് പ്രൈമറി സഹകരണ ബാങ്കുകളും 15 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു. ഷെഡ്യൂംഡ് ബാങ്കുകളിൽ നിന്നും ചെറുകിട വ്യവസായങ്ങൾക്ക് വായ്പ അനുവദിക്കുന്നുണ്ട്. കൂടുതലായും ഇഷ്ടിക നിർമ്മാണ മേഖലയിലാണ്. ഈ രംഗത്ത് 115 പേർ ഇഷ്ടിക നിർമ്മാണം നടത്തുന്നുണ്ട്. കൃഷി വായ്പയും ചെറിയൊരു ശതമാനം IRDP, PMRY തുടങ്ങിയ വായ്പകളും കൊടുത്തു വരുന്നു.

പഞ്ചായത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന സ്വയം തൊഴിൽ വായ്പകൾ ഇല്ലെന്നുതന്നെ പറയാം. നിക്ഷേപത്തിന്റെ കുറവ് ഒരു കാരണമാണ്. ഗൾഫ് മലയാളികൾക്ക് NRI എക്കൗണ്ട് സഹകരണ ബാങ്കുകളിൽ തുടങ്ങുവാൻ കഴിഞ്ഞാൽ കൂടുതൽ നിക്ഷേപ സമാഹരണം നടത്താനാവും. പഞ്ചായത്ത് കമ്മിററി തീരുമാനിക്കുന്ന പദ്ധതികൾക്ക് പഞ്ചായത്ത് അതിർത്തിയിലെ സഹകരണ - ഷെഡ്യൂംഡ് ബാങ്കുകളിൽ നിന്നും വായ്പ കിട്ടുന്ന സംവിധാനം ഉണ്ടാക്കണം. ഷെഡ്യൂംഡ് ബാങ്കുകളിൽ നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പകൾ കുറവാണെന്നാണ് കാണുന്നത്. പഞ്ചായത്തിൽ നിന്നും വളരെയേറെ ആളുകൾ ഗൾഫ് മേഖലയിലുണ്ട്. അവരുടെ നിക്ഷേപങ്ങൾ പൂർണ്ണമായും ഷെഡ്യൂംഡ് ബാങ്കുകളിലാണ്. അത്തരം നിക്ഷേപങ്ങളെ ഉല്പാദനപരമായ മേഖലയിൽ വിനിയോഗിക്കാൻ കഴിയണ

## മനുഷ്യാദ്ധ്വാനം

പഞ്ചായത്തിലെ മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ പുരോഗതിക്കായി പ്രയോജനപ്പെടുത്തണം. ഏററവും പ്രധാനപ്പെട്ട വിഭവം മാനവശേഷി തന്നെയാണ്, ഓരോ ഗ്രാമസഭകളിലും ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഏതൊരു വികസന പ്രവർത്തനത്തിലും തൻേറതായ പങ്ക് വഹിക്കുവാൻ ഓരോരുത്തനും തയ്യാറാകണം. ഗ്രാമീണ റോഡുകളുടെ വർഷാവർഷങ്ങളിലുള്ള അററകുററപ്പണികൾ നിരന്തരം പരാതികൾ ക്ഷണിച്ചു വരുത്തുന്നവയാണ്. അത്തരം പണികൾ ഗ്രാമീണ വികസന സമിതികളെ ഏല്പിക്കാവുന്നതാണ്. പ്രാഥമികാരോഗ്യ കേന്ദ്രം സ്കൂളുകൾ സാക്ഷരതാ പ്രവർത്തനം എന്നിവയുടെ സുഗമമായ നടത്തിപ്പിന് ഗ്രാമീണ വികസന സമിതികളുടെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ തേടാവുന്നതാണ്. വിദഗ്ധ അവിദഗ്ധ തൊഴിലാളികളുടെ ഒരു തൊഴിൽ സംഘം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിച്ച് വികസനപ്രവർത്തനങ്ങളിൽ അവരുടെ സേവനവും വൈദഗ്ധ്യവും പ്രയോജനപ്പെടുത്താവുന്നതാണ്. പരമ്പരാഗത തൊഴിലുകളിൽ നെയ്ത്ത്, കരകൗശലവസ്തുക്കളുടെ നിർമ്മാണം തൊഴിലധിഷ്ഠിത സമയബന്ധിത കോഴ്സുകൾ നടത്താവുന്നതാണ്.

കോൺട്രാക്ററ് സമ്പ്രദായം ഒഴിവാക്കി മുഴുവൻ പണികളും പഞ്ചായത്തിലെ ഗ്രാമീണ വികസന സമിതികളിലൂടെ നടപ്പാക്കണം. അവയിലെല്ലാം തന്നെ ഗ്രാമീണ ജനതയുടെ അദ്ധ്വാനം ഉറപ്പുവരുത്തണം.

## പഞ്ചായത്തിൻെറ പൊതുവായ ചിലവുകൾ

പഞ്ചായത്തിൻെറ വരുമാനത്തിൽ കൂടുതൽ സംഖ്യയും ചിലവഴിക്കുന്നത് എസ്റ്റാബ്ലിഷ്മെൻറ് ഇനത്തിലാണ് (45.6%). രണ്ടാമതായി ചിലവഴിക്കുന്നത് പൊതുമരാമത്ത് മേഖലയിലാണ് (15%). ഇതാണെങ്കിൽ പൂർണ്ണമായും കരാറടിസ്ഥാനത്തിലാണ് കൊടുത്തുപോരുന്നത്. തികച്ചും റോഡുകളെ കേന്ദ്രീകരിച്ചാണ് ഫണ്ട് ചിലവഴിച്ചുവരുന്നതെന്നും കാണുന്നു. ഈ രംഗത്ത് കരാറുകാരെ ഒഴിവാക്കുകയും പകരം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന തൊഴിൽ സംഘങ്ങളെ ഏല്പിക്കുകയും ചെയ്യണം. പഞ്ചായത്തുഫണ്ട് ചിലവഴിക്കുമ്പോൾ പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമീണ ജനതയുടെ സാമ്പത്തിക പുരോഗതി പഞ്ചായത്തിൻെറ വരുമാന വർദ്ധനവിനു സഹായിക്കും

പഞ്ചായത്തിലെ പ്രധാനപ്പെട്ട വരുമാനസ്രോതസ്സ് കെട്ടിടനികുതിയാണ്. മററു നികുതികളിൽ നിന്നുമുള്ള വരുമാനം താരതമ്യേന കുറവാണ് (പട്ടിക A) പഞ്ചായത്തിലെ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കാൻ കഴിയണം. ലോൺ സംബന്ധമായ കാര്യങ്ങൾക്ക് ലൈസൻസ് ആവശ്യമായി വരുമ്പോൾ മാത്രം നികുതി ഈടാക്കുന്ന സമ്പ്രദായം മാററണം. നിരവധി ചെറുകിട വ്യവസായസ്ഥാപനങ്ങൾ പഞ്ചായത്തിന് നികുതി കൊടുക്കാത്തവരായുണ്ട്. രണ്ടു മാസത്തിൽ കൂടുതൽ ഒരു സ്ഥാപനത്തിൽ ജോലി ചെയ്തുവരുന്ന മുഴുവൻ പേരിൽനിന്നും തൊഴിൽ നികുതി പിരിക്കാവുന്നതാണ്. നിലവിലുള്ള നികുതി പിരിവിൻെറ മാനദണ്ഡം കർശനമാക്കുകയും വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് വഹിക്കലാണ് നികുതികൊടുക്കൽ എന്ന അവബോധം നികുതിദായകരിൽ ഉണ്ടാകത്തക്ക വിധത്തിലുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതാണ്. ഓരോ വർഷവും ഏററവും ആദ്യം മുഴുവൻ നികുതിയും പിരിച്ചെടുക്കുന്ന പഞ്ചായത്തായി മാറുവാൻ കഴിയണം.

## നിർദ്ദേശങ്ങൾ

1 2000 ചതുരശ്രഅടിയിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് സർച്ചാർജ്ജ് ഈടാക്കണം.

2 പഞ്ചായത്തിർത്തിയിലെ മുഴുവൻ പരസ്യങ്ങൾക്കും നികുതി പിരിക്കണം

3 വിനോദനികുതി പിരിക്കുന്നതിൽ ശുഷ്കാന്തിയും കൃത്യതയും കൈവരിക്കേണ്ടതുമുണ്ട്.

4 പഞ്ചായത്തിലെ മാർക്കറ്റ് പ്രവർത്തനക്ഷമമാക്കി മത്സ്യ മാംസക്കച്ചവടക്കാരിൽനിന്നും നികുതി പിരിക്കാവുന്നതാണ്.

5 'ഇന്ദിരാവികാസ് പത്ര'യിലൂടെയുള്ള നിക്ഷേപങ്ങൾ പദ്ധിപ്പിക്കാൻ പഞ്ചായത്ത് കമ്മിററി മുൻകൈയെടുക്കുകയും അപ്രകാരം പഞ്ചായത്തു വരുമാനത്തിൽ വദ്ധനവുണ്ടാക്കാൻ കഴിയുകയും ചെയ്യുന്നതാണ്

6 വസ്തു കൈമാററ നികുതി യഥാസമയം പഞ്ചായത്തിനു ലഭ്യമാക്കുക

7 സർക്കാർ ഗ്രാൻറുകളുടെ വിതരണം കാര്യക്ഷമമാക്കുക

8 സഹകരണ, ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും പഞ്ചായത്ത് തീരുമാനിക്കുന്ന പദ്ധതികൾക്ക് വായ്പ ലഭിക്കുന്നതിനുള്ള സാധ്യത ഉണ്ടാക്കണം.

9 തൊട്ടിപ്പാളിൽ ( ‖ – ാം ) നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സ് ചില വ്യക്തമായ രീതിയിൽ കൂടുതൽ മുറികളോടുകൂടി നിർമ്മിച്ചാൽ വാടക, ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്നതാണ്.



സത്യം മാത്രമെ നിലനിൽക്കൂ,
മററുള്ളതെല്ലാം കാലത്തിൻെറ
ഒഴുക്കിൽ തൂത്തെറിയപ്പെടും.

മഹാത്മാ ഗാന്ധി